PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Second Session—1955

Wednesday, the 30th March 1955

Vol. XIII] OFFICIAL REPORT [No. 9

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 30th March 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

മരച്ചീനിയുടെ വിലയിടിവ്.

* 186. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനിക്കു നേരിട്ടിരിക്കുന്ന ഭീമമായ വിലയിടിവ് നിമിത്തം ഈ രാജ്യത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ സാമ്പത്തിക തകർച്ചയിലേയ്ക്കു വഴുതിവീണുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരച്ചീനിക്കു ന്യായമായ വില കിട്ടുവാനുപകരിക്കുന്ന എന്തെങ്കിലും പദ്ധതിയെപ്പറ്റി ഗവണ്മെന്റ് പര്യാലോചിച്ചിട്ടുണ്ടോ;

(സി) സ്റ്റേറ്റിനു പുറമേ മരച്ചീനിക്കു കമ്പോളം കണ്ടുപിടിക്കുവാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഈ സ്റ്റേറ്റിൽത്തന്നെ മരച്ചീനി ഉപയോഗിച്ച് എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ വേണ്ടതു ചെയ്യുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവണ്മെൻറ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി) അതേപ്പററി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: ആലോചിച്ചു കൊണ്ടിരിക്കുന്ന പദ്ധതി എന്താണ്?

ശ്രീ. എ. ജെ. ജോൺ: അടുത്തുവരുന്ന തിങ്കളാഴ്ച ഇതേപ്പററിപൂർണ്ണമായ ചർച്ച നടത്താവുന്നതരത്തിൽ അജൻഡായിൽ കൊള്ളിച്ചിട്ടുണ്ട്.

Mr. Speaker: There is going to be a fullday discussion on the matter.

ശ്രീ. പി. ആർ. മാധവൻപിള്ള: കമ്പോളങ്ങളിൽ ഇതു വാങ്ങിക്കാൻ ആളില്ലാതാകുന്ന എന്നറിയാമോ?

Mr. Speaker: All that can be discussed when the matter is taken up on Monday.

പുതിയ ആശുപത്രികൾ.

✱ 187. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര പുതിയആശുപത്രികൾ ആരംഭിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) നിലവിലിരുന്ന ഡിസ്പെൻസറികളിൽ ഏതിനെയെങ്കിലും നടപ്പുവർഷത്തിൽ ആശുപത്രിയാക്കി മാററിയിട്ടുണ്ടോ;

(സി) അങ്ങനെ ചെയ്യണമെന്ന കാണിച്ചു ഏതെങ്കിലും സ്ഥാപനം നിർദ്ദേശിച്ചുകൊണ്ട് നിവേദനങ്ങൾ ഗവണ്മെൻറിന് ലഭിച്ചിരുന്നോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സാമ്പത്തികവർഷത്തിൽ പുതുതായിആശുപത്രികൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണപിള്ള: അതിലെ നിർദ്ദേശങ്ങളെക്കുറിച്ച് പരിഗണിക്കാമോ?

ശ്രീ. എ. എ. റഹീം: പരിഗണിക്കാവുന്നതാണ്.

തൊഴിൽത്തർക്കങ്ങൾ.

✱ 188. [3] ശ്രീ. കെ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവസംബന്ധിച്ച് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) അറസ്റ്റ്ചെയ്തവരെ ലാക്കപ്പിൽവച്ച് മർദ്ദിച്ചതായി എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം തൊഴിൽതർക്കങ്ങൾഒന്നും ഉണ്ടായിട്ടില്ല. എന്നാൽ തൊഴിൽതർക്കങ്ങൾ എന്നു പറയുന്നതു് ലേബർ ഡിപ്പാർട്ടുമെൻറിൻെറ കൺസിലിയേഷൻ ഉണ്ടായിട്ടുള്ളതും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കാര്യങ്ങളെപ്പററിയുമാണെങ്കിൽ അതിൻെറ വിവരങ്ങൾ പറയുന്നതിനു അല്പം സമയം വേണം.

(ബി) ഈ മന്ത്രിസഭ നിലവിൽ വന്നതിനുശേഷം 31 പേരെ അറസ്റ്റ്ചെയ്തിട്ടുണ്ട്.

(സി) അറസ്റ്റ്ചെയ്തവരെ മർദ്ദിച്ചതായി 4 പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: അങ്ങനെയുള്ള പരാതികൾ ഏതെല്ലാമാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്നു്, കൊല്ലം കശുഅണ്ടി തൊഴിലാളിയൂണിയൻ സെക്രട്ടറി ശ്രീ. കെ. സി. ജർമിയാസ്കൊടുത്തതു് 2–3–55-ൽ ആയിരുന്നു. രണ്ടു്, ശ്രീ. ടി. കെ. വറഗീസ്വൈദ്യനും മററാളുകളും 9–3–55-ൽ ഒരു പരാതി കൊടുത്തിട്ടുണ്ടു്. 10–3–55-ൽ ആലപ്പുഴ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ടൗൺകമ്മിററി സെക്രട്ടറി കെ. കെ. മുകുന്ദനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ടു്. ഇതിനും പുറമേ ഹോട്ടൽ ആൻഡ് ററീ ഷാപ്പ് വർക്കേഴ്സ് യൂണിയൻെറ ആലപ്പുഴ വച്ചുള്ള ഒരു മീററിംഗിൽ ചങ്ങനാശ്ശേരി ട്രെയിഡ് യൂണിയൻ പ്രവർത്തകരെ അറസ്റ്റ്ചെയ്തതു സംബന്ധിച്ച്ഒരു പ്രമേയം പാസാക്കിയതു ഇവിടെ കിട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. പ്രകാശം: അതിന്മേൽ എന്തു നടപടി എടുത്തു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. ടി. കെ. വർഗീസ് വൈദ്യൻെറ പരാതി, മർദ്ദനമേററ എന്നു പറയുന്നവർ കോടതിയിൽ കൊടുത്ത ഒരു കേസായതുകൊണ്ടു് അതിനെപ്പററിയുള്ള അന്വേഷണം തുടങ്ങിയതു നിറുത്തിവയ്ക്കുകയാണുണ്ടായതു്. മററ പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: സഹകരണം ലഭിക്കണമെന്ന അടിസ്ഥാനത്തിൽ തൊഴിലാളി പ്രവർത്തകരുടെ പേരിലുള്ള കേസുകൾ പിൻവലിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഹകരണാടിസ്ഥാനത്തിലല്ല, പക്ഷെ പിൻവലിക്കാനുള്ളതാണെങ്കിൽ പിൻവലിക്കാം. ഓരോന്നിൻെറയും ഇൻട്രിൻസിക്ക്മെരിററ് (intrinsic merit) നോക്കി വെറും

സാങ്കേതികമായ തടസ്സമേയുള്ളുവെങ്കിൽ അതു ഇതിനു ബാധകമാകാതെ നോക്കാം. അതിനെ സംബന്ധിച്ചു ഒരപേക്ഷ തരികയാണെങ്കിൽ ആ വിധത്തിൽ പ്രവർത്തിക്കാം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഇൻട്രിൻസിക്ക് മെരിററ നോക്കി അപേക്ഷയൊന്നുമില്ലാതെതന്നെ ഇതിനെപ്പററി ആലോചിക്കരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പക്ഷെ ഈ തിരക്കിന്റെ ഇടയിൽ അങ്ങനെ ചെയ്യാൻ സാധിച്ചുവെന്നുവരുകയില്ല.

ശ്രീ. എം. പി. മേനോൻ: എറണാകുളത്തു ടാററാ കമ്പിനിയിലെ തൊഴിൽ കുഴപ്പം സംബന്ധിച്ചു് പരാതിവല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിച്ചതിൽ അതു് ഒരു തൊഴിൽ തർക്കമല്ലെന്നു മനസ്സിലായി.

ശ്രീ. എം. പി. മേനോൻ: അതു അഡ്ജൂഡിക്കേഷനു വിടാമെന്നു സമ്മതിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എം. പി. മേനോൻ: തർക്കമില്ലെങ്കിൽ അഡ്ജൂഡിക്കേഷനു വിടേണ്ട കാര്യമെന്തു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സമ്മതിക്കുമെങ്കിൽ പറയാം. ഇതു സംബന്ധിച്ചു ബഹുമാനപ്പെട്ട ഇളംകുളം മെംബർ ശ്രീ എം. പി. മേനോനേയും യൂണിയൻ പ്രസിഡൻറായ മത്തായിമാഞ്ഞൂരാനേയും ഞാൻ ക്ഷണിച്ചു വരുത്തി സംസാരിക്കുകയുണ്ടായി. അങ്ങനെ സംസാരിച്ചതിൽ നിന്നും എനിക്കു കിട്ടിയ ഇമ്പ്രഷൻ impression അവരുടെ നേതൃത്വത്തിലല്ല തൊഴിൽ കുഴപ്പം വന്നതെന്നും ഒടുവിൽ അവർക്കു തൊഴിലാളികളുടെ മുൻപിൽ നിൽക്കാതിരിക്കുവാൻ സാദ്ധ്യമല്ലാതെ വന്നു എന്നാണു്. അതുകൊണ്ടു് അവരുടെ ഫേസ്സേവിംഗിനു (face saving) വേണ്ടി ഇതു അഡ്ജൂഡിക്കേഷനു വിടാമെന്നു പറഞ്ഞതാണു്.

ശ്രീ. എ. പി. മേനോൻ: ഇതു സംബന്ധിച്ചു ലേബർ യൂണിയൻ പ്രസിഡൻറും മുഖ്യമന്ത്രിയുമായി എഴുത്തുകുത്തുകൾ നടന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീ. എം. പി. മേനോനുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടു്.

ശ്രീ. എം. പി. മേനോൻ: യൂണിയൻ പ്രസിഡൻറിന്റെ കത്തു കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. എം. പി. മേനോൻ: അതിൻപ്രകാരം എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ആവശ്യമില്ലെങ്കിൽ തന്നെയും ഫേസ്സേവിംഗിനു വേണ്ടി ഇതു അഡ്ജൂഡിക്കേഷനു വിടാമെന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: ആകത്തിൽ എന്തെല്ലാം ഡിമാൻഡുകൾ വച്ചിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിമാൻഡുകൾ ഒന്നും വച്ചിട്ടില്ലായിരുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഡിമാൻഡുകൾ ഒന്നുമില്ലെങ്കിൽ എങ്ങനെ ഒത്തു തീർപ്പുണ്ടാക്കാൻ സാധിക്കും?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: ഡിമാൻഡുകൾ ഒന്നും വച്ചിരുന്നില്ലെന്നു മാത്രമല്ല സ്ട്രൈക്ക ബാലററും എടുത്തിട്ടില്ലായിരുന്നു.

ശ്രീ. എം. പി. മേനോൻ: ഡിമാൻഡൊന്നുമില്ലെങ്കിൽ പിന്നെ എന്തിനാണ് അഡ്ജൂഡിക്കേഷനു വയ്ക്കാമെന്നു തീരുമാനിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണു ഞാൻ പറഞ്ഞതു അതാവശ്യമില്ല, ഫേസ് സേവിംഗിനുവേണ്ടി ചെയ്യുതാണെന്നു്.

ശ്രീ. എം. പി. മേനോൻ: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനും ശ്രീ. എം. പി. മേനോനുമായി തക്കം വല്ലതുമുണ്ടെങ്കിൽ അതു അഡ്ജൂഡിക്കേഷനു വയ്ക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. പക്ഷെ ഇതു 1087 തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യമാണു്. ശ്രീ. എം. പി. മേനോനെപ്പോലെയുള്ള ആളുകൾ അതിൽ ഇടപെട്ടു. അതുകൊണ്ടു ഞാൻ സമ്മതിച്ചതാണു്.

ശ്രീ. ടി. എം. വർഗീസ്: ഈ മാതിരിയുള്ള കാര്യങ്ങളിൽ വ്യക്തി പരിഗണന കൂടാതെ കഴിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടാതെ കഴിക്കേണ്ടതാണു്, ഞാൻ ചെയ്യതു് അബദ്ധമായി എന്നു് എനിക്കു തോന്നുന്നുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: തൊഴിലാളികൾ ജോലിയിൽ പ്രവേശിച്ചപ്പോൾ ടാററാകമ്പനി മാനേജർ ഹസ്തദാനം ചെയ്തു സ്വീകരിക്കയുണ്ടായോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ. സ്വീകരിച്ചിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈ മാതിരിയുള്ള പ്രസ്താവന തൊഴിലാളി രംഗത്തു അസ്വാസ്ഥ്യമുണ്ടാക്കിയിട്ടുള്ളതായിട്ടു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടാകുകയില്ല. നേരെ മറിച്ചു് അഡ്ജൂഡിക്കേഷനു വിടേണ്ട ഒരു സംഗതി അല്ലെങ്കിൽത്തന്നെയും അങ്ങനെ ചെയ്യാമെന്നു സമ്മതിച്ചതുകൊണ്ടു് സ്വാസ്ഥ്യമേ ഉണ്ടാവുകയുള്ളു.

ശ്രീ. പ്രാക്കുളം ഭാസി: ശ്രീ. കെ. പി. മാധവൻനായർ ഇതിനായിട്ടാണോ ഇവിടെ വന്നതു്?

Mr. Speaker: That question does not arise.

പോലീസ് മർദ്ദനം.

✻ 189. [4] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കർഷക തൊഴിലാളിയൂണിയൻ പ്രസിഡൻറ് സ: വർഗീസ് വൈദ്യനേയും, മററ പ്രവർത്തകരേയും അറസ്റ്റ് ചെയ്തു ലാക്കപ്പിൽവച്ച് മർദ്ദിച്ചതായി ഗവണ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെങ്കിലും അന്വേഷണം നടത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) മുൻ ചോദ്യത്തിന്റെ ഉത്തരം ഇതിനും ബാധകമാണ്.

Prohibition.

✻ 190. [5] **Shri K. C. George:** Will the Minister for Health be pleased to state:

(*a*) the number of cases charged for violating the prohibition law in the State during 1954 and 1955;

(*b*) the number of cases convicted, discharged and number pending;

(*c*) what are the conditions for issue of individual permits;

(*d*) number of individual permits granted in the City of Trivandrum?

Minister for Health **(Shri A. A. Rahim):**

(*a*)	1954	..	2372 cases.
	1955	..	565 cases.

(*b*)	1954	Cases	convicted	..	1602
		,,	discharged	..	28
		,,	pending	..	742
	1955	,,	convicted	..	302
		,,	discharged	..	Nil
		,,	pending	..	263

(*c*) Permits are issued on medical grounds except in the case of foreign tourists to whom permits are issued on application and on payment of prescribed fees.

(*d*) 45 permits were issued during 1954 and 1955 in the Trivandrum City.

ശ്രീ. കെ. സി. ജോർജ്ജ്: മെഡിക്കൽ ഗ്രൌണ്ട് എന്നു പറയുന്നതു് എന്തെല്ലാമാണ്?

ശ്രീ. എ. എ. റഹീം: ഗവണ്മെൻറ ഡാക്ടറന്മാരിൽ നിന്നും ഒരു രോഗത്തിന് ഇത് ആവശ്യമാണെന്നും മദ്യപാനംകൂടാതെ ജീവിക്കുന്നതിനു സാദ്ധ്യമല്ലെന്നും മററുമുള്ള രേഖാമൂലമായ ഒരു സർട്ടിഫിക്കററ് ഹാജരാക്കണം.

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെയല്ലാത്തവർക്കും പെർമിററ കൊടുത്തിട്ടുണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹീം : എന്നാൽ രോഗം ഉണ്ടായിരിക്കും.

ശ്രീ. എം. വി. ചെറിയാൻ : കേസ്സുകൾ വർദ്ധിച്ചുവരുന്നത് ഫ്ളൈയിംഗ് സ്ക്വാഡിന്റെ പ്രവർത്തനംകൊണ്ടാണോ ?

ശ്രീ. എ. എ. റഹീം : ഫ്ളൈയിംഗ് സ്ക്വാഡുകൾ വളരെ കേസ്സുകൾ കണ്ടുപിടിക്കുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : എത്ര പേർക്ക് ഇവിടെ പെർമിററ കൊടുത്തിട്ടുണ്ട് ?

ശ്രീ. എ. എ. റഹീം : തിരുവനന്തപുരം സിററിയിൽ 45 പേർക്ക്.

ശ്രീ. കെ. കരുണാകരൻ : വെററ് ഏറിയായിൽ നിന്നും ഡ്രൈ ഏറിയായിലേക്ക ഫ്ളയിംഗ് സ്ക്വാഡിന്റെ തലസ്ഥാനം മാററാമോ ?

ശ്രീ. എ. എ. റഹീം : ഇപ്പോൾ ഡ്രൈ ഏറിയായിലാണ്.

ശ്രീ. കെ. കരുണാകരൻ : തൃശ്ശൂർ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം വെററ് ഏറിയായിലാണ്; അതു മാററാൻ തയ്യാറാകുമോ ?

ശ്രീ. എ. എ. റഹീം : ആലോചിക്കാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : 1953-ൽ ഉള്ളതിനേക്കാൾ കൂടുതലാണോ 1954-ൽ ?

ശ്രീ. എ. എ. റഹീം : നോട്ടീസ്സ് വേണം. 1953-ലെ കണക്ക എന്റെ കൈവശമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ സഭയിലെ ആർക്കെങ്കിലും പെർമിററുണ്ടോ ?

ശ്രീ. എ. എ. റഹീം : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ഹരിജൻകാളനികളിൽ വീടുകൾനിർമ്മാണം.

* 191. [6] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഹരിജൻകാളനികളിൽ വീടു നിർമ്മിക്കുന്നതിന് എത്ര സംഖ്യ ഗവണ്മെൻറ നീക്കിവച്ചിരുന്നു ;

(ബി) ഈ വർഷത്തിൽ എത്ര ;

(സി) ഇക്കൊല്ലം ഏതെല്ലാം കാളനികളിലാണ് വീടുകൾ നിർമ്മിച്ചിട്ടുള്ളതെന്നും, എത്ര വീതം എന്നും പറയുമോ ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഹരിജൻകാളനികളിൽ വീടുനിർമ്മ [illegible] ന് രണ്ടുലക്ഷം രൂ [illegible] നീക്കിവച്ചിരുന്നു.

(ബി) ഈ വർഷത്തിൽ ഒരുലക്ഷത്തിഇരുപത്തയ്യായിരം രൂപ നീക്കിവെച്ചിട്ടുണ്ട്.

(സി) ഇക്കൊല്ലം വീടുകൾ നിർമ്മിച്ചുവരുന്നതേ ഉള്ളു. അവ ഏതെല്ലാം കാളനികളിലാണെന്നും എത്രവീതമാണെന്നുമുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

1. ചേർത്തലയിൽ വാരനാട് വള്ളുവർഗ്രാമത്തിലുള്ള ഉള്ളാട കാളനിയിൽ 8 വീടുകൾ.
2. കുളക്കട മോടൽ കാളനിയിൽ 8 വീടുകൾ.
3. കരുക്കളത്തു് കരിയാൻകോട്ട കാളനിയിൽ 10 വീടുകൾ.
4. കൊച്ചി കണയന്നൂർതാലൂക്കിലുള്ള എസ്. എം. പി. കാളനിയിൽ 8 വീടുകൾ.
5. കൊട്ടാരക്കര വെട്ടിക്കവല കാളനിയിൽ 8 വീടുകൾ.
6. മൂവാററുപുഴ മന്നാംകണ്ടം കാളനിയിൽ 8 വീടുകൾ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഹരിജനകാളനികൾ നിർമ്മിക്കുന്നതിനു് കൊള്ളിക്കുന്ന തുക മുഴുവൻ ചിലവാക്കാത്തതു് എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇക്കൊല്ലം നീക്കിവെച്ചിട്ടുള്ള തുക ഒട്ടും ലാപ്സാക്കാതെ ചിലവാക്കും.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഇക്കൊല്ലം നീക്കിവച്ച തുക കഴിഞ്ഞ കൊല്ലത്തേക്കാൾ കുറയാനുള്ള കാരണം എന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിഞ്ഞകൊല്ലം ഉദ്ദേശിച്ചിടത്തോളം വീടുകൾ പണിയാൻ കഴിഞ്ഞില്ല. അതുകൊണ്ടു് ഇക്കൊല്ലം കുറഞ്ഞതായിരിക്കും.

ശ്രീ. ഏ. സി. ചാക്കോ: കഴിഞ്ഞകൊല്ലം നീക്കിവച്ചതിൽ എത്ര രൂപ മിച്ചം വന്നുവെന്നു് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസ് വേണം.

മിഡ്‌വൈഫുകൾ.

* 192. [7] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സ്റ്റേററിൽ ഹെൽത്തുഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര മിഡ്‌വൈഫുകളുണ്ടു്;

(ബി) ഓരോ പഞ്ചായത്തുകളിലും മിഡ്‌വൈഫുകളെ നിയമിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം;

(ഡി) പഞ്ചായത്തുകളിൽ മിഡ്‌വൈഫുകളെ നിയമിക്കുമ്പോൾ പഞ്ചായത്തിലുള്ളവരുടെ സൗകര്യത്തിനുവേണ്ടി പഞ്ചായത്തിന്റെ മദ്ധ്യത്തിൽ എവിടെയെങ്കിലും അവരുടെ താമസസ്ഥലമാക്കണമെന്നുള്ള ഒരു പൊതു വ്യവസ്ഥ ഗവണ്മെൻറു് അംഗീകരിക്കുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഹെൽത്തുഡിപ്പാർട്ടുമെൻറിന്റെ കീഴിൽ 258 മിഡ്‌വൈഫുമാർ ഉണ്ട്.

(ബി) ഇല്ല.

(സി) ട്രെയിൻഡ് മിഡ്‌വൈഫുകളുടെ കുറവാണ്.

(ഡി) കഴിയുന്നതും അങ്ങിനെയാണ് ചെയ്യുന്നതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇവിടെയുള്ള ട്രെയിൻഡു് മിഡ്‌വൈഫുകളുടെ കുറവു പരിഹരിക്കുന്നതിനു് മിഡ്‌വൈഫറി പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഉണ്ടോ?

ശ്രീ. എ. എ. റഹിം: കേന്ദ്രങ്ങൾ ഉണ്ടു്; പരിശീലനം കൊടുത്തു വരുന്നുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മിഡ്‌വൈഫുകളുടെ കുറവു പരിഹരിക്കുന്നതിനു് എത്ര കൊല്ലം വേണമെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: 5 വർഷംകൊണ്ടു് സാധിക്കുമെന്നാണു് വിചാരിക്കുന്നതു്.

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള: പബ്ലിക്ക്ഹെൽത്തിന്റേയും പഞ്ചായത്തുകളിലേയും മിഡ്‌വൈഫുകൾക്കു് രണ്ടുതരത്തിലുള്ള ശമ്പളമാണോ നൽകുന്നതു്?

ശ്രീ. എ. എ. റഹിം: അങ്ങിനെയാണെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഞാൻ അങ്ങിനെയാണെന്നു പറഞ്ഞാൽ അതു വിശ്വസിക്കുമോ?

ശ്രീ. എ. എ. റഹിം: വിശ്വസിക്കാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങിനെ രണ്ടു ശമ്പളനിരക്കു് നിലവിലിരിക്കുന്നതുകൊണ്ടു് പഞ്ചായത്തിൽനിന്നും രാജിവച്ചു് പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെൻറിലേക്കു് പോകുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. എൻ. ജി. ചാക്കോ: ഇവരെ ട്രെയിൻ ചെയ്യിക്കുന്ന എത്ര സെൻററുകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: രണ്ടു സെൻററുകൾ; ഒന്നു തിരുവനന്തപുരത്തും ഒന്നു തൃശൂരും.

ശ്രീ എൻ. ജി. ചാക്കോ: തിരുവല്ലായിൽ ചർച്ചുവാർഡു് ആശുപത്രിയിൽ ട്രെയിനിംഗ് കൊടുത്തുവരുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം: അറിവില്ല.

ശ്രീ. എൻ. ജി. ചാക്കോ: അവിടെനിന്നും ട്രെയിനിംഗ് കിട്ടിയിട്ടുള്ളവരെ നിയമിക്കുന്നതിനെ ആലോചിക്കുമോ?

ശ്രീ. ഏ. ഏ. റഹീം: അവക്ക് കിട്ടിയിട്ടുള്ള ട്രെയിനിംഗിനെപ്പററി അറിഞ്ഞേ മറുപടി പറയാൻ നിവൃത്തിയുള്ളു.

ശ്രീ. എൻ. ജി. ചാക്കോ: അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. ഏ. ഏ. റഹീം: അന്വേഷിക്കാം.

മുനിസിപ്പാലിററികൾ.

* 193. [8] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള മുനിസിപ്പാലിററികൾ കൂടാതെ തിരുവിതാംകൂർ-കൊച്ചിയിലെ എത്ര പട്ടണങ്ങൾകൂടി മുനിസിപ്പാലിററികളായി ഉയർത്തണമെന്നു കാണിച്ച് ഗവണ്മെൻറിനു പൊതുജനങ്ങളിൽനിന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ ചെങ്ങന്നൂർ പട്ടണം ഒരു മുനിസിപ്പാലിററിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി ഗവണ്മെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇനിയെങ്കിലും, ചെങ്ങന്നൂർ വടക്കേക്കര പകുതിയും (ചെങ്ങന്നൂർ പഞ്ചായത്ത്) പുത്തൻകാവ്, കല്ലശ്ശേരി, പേരിശ്ശേരി, പെരളശ്ശേരി എന്നീ ഭാഗങ്ങളുംകൂടി ചേർത്തു ചെങ്ങന്നൂർ പട്ടണം ഒരു മുനിസിപ്പാലിററിയാക്കി ഉയർത്തുന്ന കാര്യം ഗവണ്മെൻറ പരിഗണിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, (ശ്രീ. കെ. കൊച്ചുകുട്ടൻ.):

(എ) 5 പട്ടണങ്ങൾ. അതായതു മൂവാററുപുഴ, വക്കല, പത്തനംതിട്ട, ചെങ്ങന്നൂർ, പുനലൂർ മുതലായ പട്ടണങ്ങൾ മുനിസിപ്പാലിററികളായി ഉയർത്തണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അങ്ങാടിക്കൽ, കീഴച്ചേരിമേൽ, തിട്ടമേൽ, മുണ്ടൻകാവ്, ലാഗശ്ശേരി, മുഴിക്കിരുമേൽ, വാഴാർമംഗലം, മംഗലം, ഇടനാട് മുതലായ കരകൾ ഉൾപ്പെടുത്തി ചെങ്ങന്നൂർ കൺസർവൻസി ടൗണിനെ ഒരു മുനിസിപ്പാലിററിയായി ഉയർത്തിയാലോ എന്ന് ഗവണ്മെൻറ് ആലോചിച്ചു. എന്നാൽ ഒരു മുനിസിപ്പാലിററിയാക്കിയാൽ ആണ്ടുതോറും കിട്ടാവുന്ന വരുമാനം 8000 രൂപയെ ഉള്ളു എന്നു കണ്ടു. ഈ വരുമാനംകൊണ്ട് ഒരു മുനിസിപ്പാലിററി നടത്തുവാൻ മതിയാകുന്നതല്ല. കൂടാതെ പമ്പാനദിയുടെ വടക്കേക്കരയിൽ സ്ഥിതിചെയ്യുന്ന വാഴാർമംഗലം, മംഗലം, ഇടനാട്, മുഴിക്കിരുമേൽ മുതലായ കരകൾ വർഷകാലങ്ങളിലുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം ദുരിതമനുഭവിക്കുന്ന സ്ഥലങ്ങളായതുകൊണ്ട് ഒരു മുനിസിപ്പാലിററിയിൽ ഉൾപ്പെടുന്നതുകൊണ്ട് യാതൊരു പ്രത്യേക ഗുണങ്ങളും ലഭിക്കാവുന്നതുമല്ല. കൂടാതെ മേൽപ്പറഞ്ഞ കരകളിലെ ജനങ്ങൾക്ക് മുനിസിപ്പാലിററിയിൽ ഉൾപ്പെടുന്നതിന് വൈമനസ്യവും ഉണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ചെങ്ങന്നൂർ ടൗണിനെ ഒരു മുനി

സിപ്പാലിററിയാക്കി ഉയർത്തുക എന്ന കാര്യം തൽക്കാലം വേണ്ട എന്നു തീരുമാനിച്ചു.

(ഡി) മുൻതീരുമാനത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യം പുനരാലോചിക്കേണം എന്നു് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: കല്ലിശ്ശേരി, പേരിശ്ശേരി, പുത്തൻകാവു് ഈ സ്ഥലങ്ങൾകൂടി ചേർക്കുകയാണെങ്കിൽ മുനിസിപ്പാലിററി നടക്കുമെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചെങ്ങന്നൂരിനോടു ചേർക്കാവുന്ന സ്ഥലങ്ങളാണു് ചേർക്കേണ്ടതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇപ്പറഞ്ഞ സ്ഥലങ്ങൾക്കു് ഒന്നും രണ്ടും മൈൽ ദൂരമേ ചെങ്ങന്നൂരിൽനിന്നുള്ളു എന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആയിരിക്കാം. പക്ഷെ സാദ്ധ്യമല്ലെന്നാണു് കണ്ടതു്. പല മുനിസിപ്പാലിററികളും നിലനിർത്തിക്കൊണ്ടു പോകാൻ സാദ്ധ്യമല്ലെന്നുള്ളതാണു് മറെറാരു കാര്യം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഇതാരാണു് തീരുമാനിച്ചതെന്നു് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഡിസ്ട്രിക്ടു് കളക്ടർ, പഞ്ചായത്തു ഡയറക്ടർ തുടങ്ങിയവരുടെ കാൺഫറൻസിലെ തീരുമാനമനുസരിച്ചാണു് ഗവണ്മെൻറു് ഇങ്ങനെ തീരുമാനം ചെയ്തിട്ടുള്ളതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ പകുതികൾകൂടി ഉൾപ്പെടുമ്പോൾ ഒരു മുനിസിപ്പാലിററിക്കു് വേണ്ട ജനസംഖ്യ ഉണ്ടാകുമെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമ്പത്തികമായ കഴിവിനെപ്പററിയാണു് കൂടുതലായി പരിഗണിച്ചതു്. ആ പരിഗണനയിൽ സാദ്ധ്യമല്ലെന്നു കണ്ടു.

ശ്രീ. കെ. എം. ചാണ്ടി: സാമ്പത്തിക പരിഗണന വച്ചുകൊണ്ടു് ഇപ്പോഴത്തെ മുനിസിപ്പാലിററി അതല്ലാതാക്കുന്നതിനു് നിവേദനം നടത്തിയാൽ അതിനെപ്പററി ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണു്. ആലോചിക്കും.

ശ്രീ. കെ. എം. ജാർജ്ജു്: ഒരു മുനിസിപ്പാലിററിയിൽ എത്രായിരം ജനങ്ങൾ വേണമെന്നാണു് ഗവണ്മെൻറു് വിചാരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്രായിരം വേണമെന്നു് കൃത്യമായി പറയാൻ നിവൃത്തിയില്ല. മുനിസിപ്പാലിററികളിൽ നടക്കേണ്ട ചില കാര്യങ്ങളുണ്ടു്. അതിനാവശ്യമായ നികുതി കിട്ടുമെങ്കിൽ മുനിസിപ്പാലിററി നിലനിൽക്കും.

ശ്രീ. എം. വി. ചെറിയാൻ: മൂവാററുപുഴയെപ്പററി എന്തു തീരുമാനം എടുത്തു എന്നു് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവസാന തീരുമാനം കൈക്കൊണ്ടിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ: ഒരു മുനിസിപ്പാലിററിക്ക് എത്ര ജനസംഖ്യ ഉണ്ടായിരിക്കണം?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസ് വേണം.

ശ്രീ. എൻ. ജി. ചാക്കോ: പത്തനംതിട്ടക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചെങ്ങന്നൂരിനെപ്പററി പറഞ്ഞതു് എല്ലാ സ്ഥലങ്ങൾക്കും ബാധകമാണ്.

ശ്രീ. കെ. എം. ചാണ്ടി: സാമ്പത്തിക പരിഗണന വച്ചുകൊണ്ടു് പാലാ മുനിസിപ്പാലിററിയെ ഒരു കൺസർവൻസിയാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെല്ലാം ഇപ്പോൾ ഗ്രാൻറു കൊടുത്തുവരികയാണ്.

ശ്രീമതി. കെ. ആർ. ഗൗരി: മുനിസിപ്പാലിററികളിൽ നിയമിച്ചിരിക്കുന്ന കമ്മീഷണരന്മാർ പ്രാപ്പർട്ടിടാക്സ് പിരിക്കാതിരിക്കുന്നു എന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെ ഒരു പരാതി ചേർത്തലനിന്നും വന്നിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: ടാക്സ് ഇക്കൊല്ലം പിരിച്ചില്ലെങ്കിൽ ലാപ്സായിപ്പോകുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രാപ്പർട്ടിടാക്സ് ലാപ്സായിപ്പോകാൻ ഇടയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ 31-ാം തീയതിക്കുമുമ്പു പിരിച്ചില്ലെങ്കിൽ ലാപ്സാകുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: 6 മാസക്കാലത്തിനുള്ളിൽ ഡിമാൻഡു് നോട്ടീസ്സയച്ചിരിക്കണം. നോട്ടീസയച്ചാൽ ടാക്സ് ലാപ്സാകുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഡിമാൻഡു് അയച്ചിരിക്കുന്ന സ്ഥിതിക്ക് ലാപ്സാകുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങിനെ ഡിമാൻഡു് അയയ്ക്കുകയും ലാപ്സായിപ്പോകുകയും ചെയ്യുകയാണെങ്കിൽ ആ കമ്മീഷണരുടെ പേരിൽ നടപടി നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇങ്ങനെ എല്ലാം സംഭവിച്ചാലല്ലേ നടപടി എടുക്കേണ്ടതായി വരികയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: ആ കമ്മീഷണരെക്കൊണ്ടു് ഇത്രയും രൂപ പെട്ടിവയ്പിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു് മുനിസിപ്പൽ കമ്മീഷണരെ സംബന്ധിച്ചുള്ള ഒരു ചോദ്യമായതുകൊണ്ടു് മറുപടി പറയണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. മഞ്ജുനാഥപ്രഭു: ഡിമാൻഡു് അയച്ചിട്ടുണ്ടെങ്കിൽ റവന്യൂ റിക്കവറി പ്രകാരം ഈടാക്കാൻ സാദ്ധ്യമില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടു്.

പോലീസ് മർദ്ദനം.

* 194. [9] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ ഐ. ജി. ക്കു് നേരിട്ടു എത്ര പോലീസു് മർദ്ദനങ്ങളെ സംബന്ധിച്ചും, എത്ര ഗുണ്ടാ റൗഡി മർദ്ദനങ്ങൾ സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ടു്;

(ബി) കിട്ടിയിട്ടുള്ള പരാതികളിൽ ഓരോന്നിലും എത്ര എണ്ണത്തിനെക്കുറിച്ചു അന്വേഷണം നടത്തി;

(സി) അതിൽ ഓരോന്നിലും എത്രയെണ്ണം വീതം അവാസ്തവങ്ങളാണെന്നു തെളിയുകയുണ്ടായി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ:)

(എ) പോലീസു് മർദ്ദനങ്ങളിൽ പരാതി 317. ഗുണ്ടാറൗഡി മർദ്ദനങ്ങളിൽ പരാതി 227.

(ബി) പോലീസ് മർദ്ദനങ്ങളെപ്പററി അന്വേഷണം നടത്തിയതു 283. ഗുണ്ടാറൗഡികളുടെ മർദ്ദനങ്ങളെപ്പററി അന്വേഷണം നടത്തിയതു് 159.

(സി) അവാസ്തവങ്ങളാണെന്നു തെളിഞ്ഞ പോലീസു് മർദ്ദനത്തെപ്പററിയുള്ള ആരോപണങ്ങൾ 273. അവാസ്തവങ്ങളാണെന്നു തെളിഞ്ഞ ഗുണ്ടാറൗഡികളുടെ മർദ്ദനങ്ങളെപ്പററിയുള്ള ആരോപണങ്ങൾ 137.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ബാക്കിയുള്ള പരാതികളെക്കുറിച്ചു് അന്വേഷണം നടത്താതിരിക്കാനുള്ള കാരണം എന്താണു്?

ശ്രീ. എ. ജെ. ജോൺ: അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: എത്രയെണ്ണത്തിൽ ശിക്ഷിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: പത്തു കേസ്സുകളിൽ പതിനാലുപേരെ ശിക്ഷിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മറെറല്ലാം അവാസ്തവങ്ങളാണെന്നാണോ അഭിപ്രായം?

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അന്വേഷണത്തിൽ ഏതെങ്കിലും വാസ്തവമാണെന്നു തെളിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പത്തു കേസ്സുകൾ വാസ്തവമാണെന്നു തെളിഞ്ഞു. അവരെ സസ്പെൻഡു ചെയ്യുകയും ഫൈൻ ഇടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എ. ബാലൻ: ജനങ്ങൾ ബോധിപ്പിക്കുന്ന പരാതികൾ കള്ളമാണെന്നു പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ ഗവണ്മെൻറ നടപടി നടത്തുമോ?

ശ്രീ. എ. ജെ. ജോൺ: നേരെ മറിച്ചാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. 10 കേസുകൾ ശരിയാണെന്നു റിപ്പോർട്ടു ചെയ്തു. അതിൽ അവരെ അഭിനന്ദിക്കുകയാണു് വേണ്ടതു്.

ശ്രീ. കെ. എ. ബാലൻ: കൂടുതലും കള്ളമാണെന്നു പറയുന്നു. അപ്പോൾ ജനങ്ങൾ പറയുന്നതെല്ലാം കള്ളമെന്നല്ലേ പോലീസിൻെറ റിപ്പോർട്ടു്?

ശ്രീ. എ. ജെ. ജോൺ: ബഹുമാനപ്പെട്ട മെംബറന്മാർ അനാവശ്യമായി അടിസ്ഥാനരഹിതങ്ങളായ പരാതികൾ എഴുതി അയയ്ക്കാതിരിക്കണമെന്നു് ജനങ്ങളോടു പറയണം.

ശ്രീ. കെ. എ. ബാലൻ: ഇതു് ജനങ്ങളുടെ കുഴപ്പംകൊണ്ടാണോ ഉദ്യോഗസ്ഥന്മാരുടെ കുഴപ്പംകൊണ്ടാണോ എന്നന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: പരാതി എഴുതി അയയ്ക്കുന്നവരുടെ കാര്യമാണു് ഞാൻ പറയുന്നതു്. അല്ലാതെ തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ ജനങ്ങളുടേയും കാര്യമല്ല പറയുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: അന്വേഷണത്തിൻെറ രീതിയിലുള്ള തകരാറുകൊണ്ടാണു് സത്യം പുറത്തു വരാത്തതെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതറിഞ്ഞുകൂടാ. അവാസ്തവമായി എഴുതി അയയ്ക്കുന്നതു് ശരിയല്ലെന്നാണു് ഗവണ്മെൻറ വിശ്വസിക്കുന്നതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ പത്തെണ്ണം ഏതെല്ലാം പരാതികളെ സംബന്ധിച്ചാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ആ വിവരം എൻെറ കൈവശം ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അന്വേഷണം നടത്തുന്നതു് ഏതുവിധത്തിലാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഐ. ജി. മുഖേന അന്വേഷിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അന്വേഷണത്തിനു് ഏതെങ്കിലും പോലീസുദ്യോഗസ്ഥനെ അയച്ചാൽ പരാതി ബോധിപ്പിച്ച ആളിനേയും സാക്ഷികളേയും വരുത്തി വിസ്തരിച്ചശേഷമാണോ റിപ്പോർട്ടു നൽകുന്നതു്?

ശ്രീ. എ. ജെ. ജോൺ: അവരുടെ മൊഴി രേഖപ്പെടുത്തും. അല്ലാതെ സത്യത്തിന്മേൽ തെളിവെടുക്കുന്നതിന് അവക്കധികാരം ഇല്ലായിരിക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അവരുടെ മൊഴി രേഖപ്പെടുത്തുമോ?

ശ്രീ. എ. ജെ. ജോൺ: അതെ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അന്വേഷണരീതി എങ്ങനെയാണെന്നു മനസ്സിലാക്കാതെ അന്വേഷണം ശരിയാണെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. സാധാരണ പോലീസ് ഉദ്യോഗസ്ഥന്മാരെ അന്വേഷണത്തിന് അയച്ചാൽ കക്ഷികൾക്കു ഹാജരാകാൻ നോട്ടീസ് കൊടുത്തിട്ട് അവിടെനിന്നു മാറിക്കളയും. അങ്ങനെ പല പ്രാവശ്യവും ഹർജിക്കാരൻ നടന്നുമടുത്ത് ഇതിൽനിന്നും വിട്ടുപോകുന്ന സമ്പ്രദായം ഉണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഒരു പ്രത്യേക കേസിനെപ്പറ്റി എന്നോടു പറയുകയാണെങ്കിൽ ഞാൻ അതിനെപ്പറ്റി അന്വേഷിക്കാം. ചില ഹർജികളെപ്പറ്റി അന്വേഷിക്കുമ്പോൾ ഇതു ഞാൻ ഒപ്പിട്ടിട്ടുള്ളതല്ലെന്നു പറയുന്നതായും ഗവണ്മെന്റിന് അറിയാം.

ശ്രീ. കെ. സി. ജോർജ്ജ്: ലാക്കപ്പുമർദ്ദനം നടത്തിയിട്ടുള്ള കേസുകൾ തെളിയുമ്പോൾ ഒരു മാസത്തെ സസ്പെൻഷനോ ട്രാൻസ്ഫറോ ആണോ ശിക്ഷയായി കൊടുക്കുന്നതു?

ശ്രീ. എ. ജെ. ജോൺ: ഓരോ കേസിന്റെയും സ്വഭാവം അനുസരിച്ചുള്ള ശിക്ഷയാണു കൊടുക്കുന്നതു്.

ശ്രീ. കെ. സി. ജോർജ്ജ്: ആലുവായിലെ കേസിന്റെ സ്വഭാവം എന്തായിരുന്നു പറയാമോ? ഒരു മാസത്തേക്കാണ് ശിക്ഷിച്ചിട്ടുള്ളതു്.

ശ്രീ. എ. ജെ. ജോൺ: Petty quarrel.

ശ്രീ. കെ. സി. ജോർജ്ജ്: ആരു തമ്മിലാണ്?

ശ്രീ. എ. ജെ. ജോൺ: അതിന്റെ വിവരങ്ങൾ എന്റെ കൈയിലില്ല.

ശ്രീ. കെ. സി. ജോർജ്ജ്: ലാക്കപ്പുമർദ്ദനങ്ങളെപ്പറ്റിയുള്ളതാണ് ചോദ്യം. പെററിക്കേസ് സംബന്ധിച്ച് ശിക്ഷിച്ചു എന്നു പറയുന്നു. അതു ശരിയായ സംഗതിയല്ല.

ശ്രീ. എ. ജെ. ജോൺ: കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഐ. ജി. ക്കു നേരിട്ടെത്ര പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട് എന്നാണു ചോദ്യം.

ശ്രീ. കെ. സി. ജോർജ്ജ്: പോലീസ് മർദ്ദനത്തെപ്പററിയാണ് ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് പെററിക്കേസിനെപ്പററിയാണ്. പത്തു കേസുകളിൽ ശിക്ഷിച്ചിട്ടുണ്ടെന്നു് മറുപടി പറഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ള മറുപടി സഭയെ വഞ്ചിക്കുന്നതാണ്.

ശ്രീ. എ. ജെ. ജോൺ: വഞ്ചന എന്നുള്ള വാക്കു് വളരെ അപൂർവ്വമായി ഉപയോഗിക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോർജ്ജ്: ബഹുമാനപ്പെട്ട മെംബർക്ക് അതിൽ വിഷമമുണ്ടെങ്കിൽ അതു ഞാൻ പിൻവലിക്കാൻ തയ്യാറാണ്. പക്ഷെ എന്റെ ഫീലിംഗ് അതുതന്നെയാണ്.

Shri. A. A. D. Luiz: Sir, on a point of order. Is it in order to use that word "വഞ്ചന"?

Mr. Speaker: Yes. "വഞ്ചന" can be used.

ശ്രീ. ആർ. പ്രകാശം: മലയാളം തീരെ അറിയാൻ നിവൃത്തിയില്ലാത്ത ഒരു മെംബർ, മലയാള വാക്കുകളെപ്പററി ചോദിക്കാമോ?

ശ്രീ. എ. എ. ഡി. ലൂയിസ്: സർ, എനിക്കു മെംബർക്കറിയാവുന്നതുപോലെ തന്നെ മലയാളം അറിയാം.

ശ്രീ. ടി. വി. തോമസ്: 'വഞ്ചന' എന്ന വാക്ക് വളരെ അപൂർവ്വമായിട്ടേ ഉപയോഗിക്കാവൂ എന്നു പറഞ്ഞു. വഞ്ചന പ്രയോഗിക്കുന്നതു വളരെ അപൂർവ്വമായിട്ടല്ലേ വേണ്ടതു്?

തൊഴിലാളി പണിമുടക്കുകേസ്.

* 195. [10] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി ട്രാൻസ്പോർട്ട് പണിമുടക്കു കാലത്ത് 1954 ആഗസ്റ്റ് 27–ാംതീയതി മുതൽ ചാർജ്ജുചെയ്ത കേസുകൾ പിൻവലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു്;

(സി) ഈ പണിമുടക്കു കാലത്തു് 107–ാംവകുപ്പനുസരിച്ചു് തൊഴിലാളികളുടേയും തൊഴിലാളിപ്രവർത്തകരുടേയും പേരിൽ സ്റ്റേററിലാകെ എത്ര കേസുകൾ ഇനി പിൻവലിക്കാതെ ബാക്കിയുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആഗസ്റ്റ് 27–ാംതീയതി മുതൽ ട്രാൻസ്പോർട്ടു പണിമുടക്കു കാലത്തു് ചാർജ്ജുചെയ്ത കേസുകൾ പിൻവലിച്ചിട്ടില്ല.

(ബി) പിൻവലിക്കുകയാണെങ്കിൽ അതിനുള്ള കാരണം പറയാമെന്നല്ലാതെ, പിൻവലിക്കാത്തതിനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല.

(സി) പത്തു കേസുകൾ നിലവിലുണ്ടു്.

ശ്രീ. ആർ. സുഗതൻ: ഈ കേസുകളിൽ ആലപ്പുഴ ട്രാൻസ്പോർട്ടു പണിമുടക്കു സംബന്ധിച്ചു ഒരു കേസും ഉൾപ്പെടുന്നതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെല്ലാം കേസുകളാണെന്നു് അറിഞ്ഞുകൂടാ. പത്തു കേസുകൾ ഉണ്ടെന്നറിയാം.

ശ്രീ. സി. കെ. വിശ്വനാഥൻ: തൊഴിൽ തർക്കം മൂലം ഉണ്ടാകുന്ന കേസുകൾ ആ തർക്കം അവസാനിക്കുമ്പോൾ പിൻവലിച്ചുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ നിർബ്ബന്ധമില്ല. പണിമുടക്ക സംബന്ധിച്ച സാങ്കേതികമായ ചില കേസുകൾ പിൻവലിച്ചുവെന്നു വരാം.

ശ്രീ. പി. ആർ. മാധവൻപിള്ള: കാസ് ആഫ് ആക്ഷൻ നിലവിലില്ലാത്ത സ്ഥിതിക്ക് 107-ാംവകുപ്പിൻപ്രകാരം ചാർജ്ജുചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കാൻ പാടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ട്രാൻസ്പോർട്ട പണിമുടക്ക പിൻവലിച്ചു എന്നുള്ളതുകൊണ്ട് തൽസംബന്ധമായുണ്ടായിട്ടുള്ള കേസുകൾ പിൻവലിക്കണമെന്നു നിർബ്ബന്ധമില്ല. 107-ാംവകുപ്പ് അങ്ങനെ അനുശാസിക്കുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ട്രാൻസ്പോർട്ട് പണിമുടക്ക് അവസാനിക്കുകയും, അതു സംബന്ധിച്ച യാതൊരു അസ്വാസ്ഥ്യങ്ങളും ഉണ്ടാകാൻ ഇടയില്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതിക്ക് ഈ കേസുകൾ പിൻവലിക്കാവുന്നതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി പ്രത്യേകം നോട്ടീസു ചെയ്യുകയാണെങ്കിൽ ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻനായർ: ഈ പത്തു കേസുകളിലായി ആകെ എത്ര പ്രതികളുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം.

തൊഴിൽത്തക്കം.

※ 196. [11] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽത്തക്കങ്ങളെ തുടന്ന് തൊഴിലാളിപ്രവത്തകരുടെമേൽ ചാർജ്ജു ചെയ്തിട്ടുള്ള എത്ര കേസുകൾ ഇന്നു വിചാരണയിലിരിക്കുന്നു;

(ബി) ഈ കേസുകൾ പിൻവലിക്കുന്നതിനു ഗവമ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തൊഴിൽത്തക്കങ്ങളെ സംബന്ധിച്ചുള്ള കേസുകളൊന്നും ഇന്നു വിചാരണയിലില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. സുഗതൻ: കൊച്ചിയിൽ, പാരി ആൻഡു് കമ്പനിയിലെ ഒരു തൊഴിൽത്തക്കകേസ് നിലവിലുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രത്യേക നോട്ടീസു കിട്ടിയാൽ പറയാം.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു കൊല്ലത്തിനു മുൻപ് കർഷക തൊഴിലാളികൾ തുറവൂർപാടത്തിൽ, കൊയ്തില്ല എന്നുള്ള കാരണത്തിന്മേൽ 45 പേരുടെ പേരിൽ എടുത്ത ഒരു കേസ് നിലവിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസു വേണം. കൊയ്തില്ല എന്നുള്ള കാരണം മാത്രം കൊണ്ടു ചാർജ്ജ് ചെയ്തിട്ടുള്ള ഒരു കേസാണെങ്കിൽ ഉടൻ പിൻവലിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: കുത്തിയതോട്ട കയർകെട്ടുതൊഴിലാളികൾ പണിമുടക്കിയതിനെ സംബന്ധിച്ച് ചിലരുടെ പേരിൽ ഒരു കേസ് നിലവിലില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടാകാനിടയില്ല.

ശ്രീ. ടി. വി. തോമസ്സ്: തുറവൂർ പാടത്ത്, തൊഴിലാളി സ്ത്രീകൾ കൊയ്ത്തരിവാൾ കാണിച്ച് ഭീഷണിപ്പെടുത്തിയെന്നാണ് കേസ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതൊരു ഇംപ്രൂവ്മെൻറ് ആണ്.

ശ്രീ. പി. ഭാസ്കരൻനായർ: കോട്ടയം പ്ലൈവുഡ് ഫാക്ടറിയിൽ പണിമുടക്കുണ്ടായ അവസരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിച്ചുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേസുകൾ പിൻവലിക്കുന്നത് അതിന്റെ നാനാവശങ്ങളേയുംപററിപരിഗണിച്ചുവേണം. ഗവണ്മെൻറിന് അതിൽ സന്തോഷമാണ്. എന്നാൽ ഈ നിയമസഭയിൽ വച്ച് ഒരു ചോദ്യം ചോദിച്ചാൽ, വിശേഷിച്ചും നിയമസമാധാനങ്ങളെ സംബന്ധിച്ചുള്ള ഒരു കേസിനെപ്പററി ചോദിച്ചാൽ അതിന് ഉത്തരവാദിത്വത്തോടുകൂടി പെട്ടെന്ന് ഒരു മറുപടി പറയാൻ സാദ്ധ്യമല്ല. പ്ലൈവുഡ് ഫാക്ടറിയിലെ കേസ് എന്താണെന്നും, എന്തെല്ലാമാണ് ആ കേസിനകത്തുള്ളതെന്നും അറിയാതെ മറുപടി പറയാൻ നിവൃത്തിയില്ല. ആവശ്യമില്ലാതെ കേസുകൾ നടത്തണമെന്നോ, പ്രാസിക്യൂട്ടു ചെയ്തു ആളുകളെ അലോഹ്യപ്പെടുത്തണമെന്നോ ഗവണ്മെൻറിന് ആഗ്രഹമില്ല.

യാചകദുരിതനിവാരണം.

*197. [12] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പട്ടണങ്ങളിലും ട്രാൻസ്പോർട്ട് സ്റ്റാൻഡുകളിലും യാചകരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാചകദുരിതനിവാരണത്തിന് ഗവണ്മെൻറിന് വല്ല പദ്ധതിയും ഉണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരുവിതാംകൂർ-കൊച്ചിയിലെ പട്ടണങ്ങളിലും ട്രാൻസ്പോർട്ടു ബസ്സ്സ്റ്റാൻഡുകളിലും യാചകരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) യാചകദുരിതനിവാരണത്തിന് ഗവണ്മെൻറിന് പദ്ധതി ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കൊ: എന്തു പദ്ധതിയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പല സ്ഥലത്തും യാചകദുരിത നിവാരണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കൊ: എവിടെയൊക്കെയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: തിരുവനന്തപുരത്തു ചിത്രാ പൂവർഹോം, സ്ത്രീധർമ്മാലയം, കോട്ടയം യാചകനിവാരണകേന്ദ്രം, ഉള്ളൂർ ധർമ്മാലയം, ആലപ്പുഴ പൂവർഹോം, തിരുവനന്തപുരം സർട്ടിഫൈഡ് സ്കൂൾ. ഇതുകൂടാതെ നാഗർകോവിൽ, കൊല്ലം എന്നീ മുനിസിപ്പാലിററികളിൽ മുനിസിപ്പാലിററി വകയായി യാചകകേന്ദ്രങ്ങൾ പ്രവർത്തനം നടത്തി വരുന്നു.

ശ്രീ. എൻ. ജി. ചാക്കൊ: ഗവണ്മെൻറിൽനിന്നും നേരിട്ടു നടത്തുന്ന യാചകകേന്ദ്രങ്ങൾ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ: എവിടെയെല്ലാമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: തൃശ്ശൂരും, മട്ടാഞ്ചേരിയിലും, എറണാകുളത്തും ഓരോ യാചകകേന്ദ്രം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്നുണ്ട്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഗവണ്മെൻറ നേരിട്ടു നടത്തുന്ന യാചകകേന്ദ്രങ്ങൾ മുനിസിപ്പാലിററികൾക്കു വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില സ്ഥലത്തെ മുനിസിപ്പാലിററികൾക്കു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിനെപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ചങ്ങനാശേരി മുനിസിപ്പാലിററി ഒരു യാചകകേന്ദ്രം നടത്തുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നോട്ടീസ്സുവേണം.

ശ്രീ. എൻ. പരമേശ്വരൻപിള്ള: അങ്ങനെയുണ്ടെങ്കിൽ അതിനാവശ്യമായ ഗ്രാൻറ നൽകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആലോചിക്കാം.

ശ്രീ. സി. എ. മാത്യു: യാചകന്മാർ അലഞ്ഞുതിരിഞ്ഞു നടക്കുന്നതു പൊതുജനാരോഗ്യത്തിനു ഹാനികരമല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്ന പരിഹാരമുണ്ടാക്കാനാണ് യാചകകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നത്.

ശ്രീ. സി. എ. മാത്യു: യാചകകേന്ദ്രങ്ങളിലേക്കു ഉടനടി ഈ കൂട്ടരെ മാറ്റുന്നതിന്ന ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവമ്മെൻറിൻെറ സാമ്പത്തിക പരിധിയി നിന്നുകൊണ്ടു കഴിയുന്നത്ര ശ്രമിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: യാചകരുടെ സെൻസസ് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പട്ടണങ്ങളിലും ട്രാൻസ്പോർട്ടു ബസ്സ്സ്റ്റാൻഡുകളിലും ദൈനംദിനം വർദ്ധിച്ചുവരുന്ന യാചകന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക തയാറാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിൻെറ ആവശ്യമുണ്ടെന്നു ഗവമ്മെൻറിന്ന തോന്നിയിട്ടില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: യാചകന്മാരല്ലാത്ത ആളുകളെ, യാചകകേന്ദ്രങ്ങളിലേക്കു പിടിച്ചുകൊണ്ടു പോകുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. ഹാർമിസ്: എല്ലാ മുനിസിപ്പാലിറ്റികളിലും കേന്ദ്രങ്ങൾ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: നല്ല ആരോഗ്യമുള്ള ഏതാനും തൊഴിലാളികൾ, പണിമുടക്കു സംബന്ധിച്ചു സംഭാവന പിരിക്കുന്നതിനായി പോണിയുമായി തിരുവനന്തപുരം പട്ടണത്തിൽ നടന്ന അവസരത്തിൽ സ്ഥലത്തെ ഒരു പോലീസുദ്യോഗസ്ഥൻ അവർ യാചകന്മാരാണെന്നും പറഞ്ഞു, അവരുടെമേൽ കേസെടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല. അങ്ങനെ പോണിയും, പാത്രവുമായി യാചിച്ചു നടക്കുകയാണെങ്കിൽ അതു സംഭവിച്ചേക്കാം.

ശ്രീ. കെ. സി. ജോർജ്ജ്: തിരുവനന്തപുരം പട്ടണത്തിൽ എത്ര യാചകന്മാരുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. സി. ജോർജ്ജ്: ഇന്നു യാചകന്മാരുടെ എണ്ണം വർദ്ധിച്ചുവരികയാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ. വർദ്ധിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: അതിൻെറ നിവാരണത്തിനായി എന്തു പദ്ധതിയാണുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എണ്ണം കുറയ്ക്കാനാണു ഈമാതിരി കേന്ദ്രങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു്. പക്ഷെ, അതുകൊണ്ടുമാത്രം ഈ പ്രശ്നം പരിപൂർണ്ണമായി പരിഹരിക്കപ്പെടുമെന്നു തോന്നുന്നില്ല. പൊതുജനങ്ങൾ ഇവരെ സഹായിക്കാതെ നിരുത്സാഹപ്പെടുത്തണം.

ശ്രീ. കെ. സി. ജോർജ്ജ്: പരിപൂർണ്ണമായി ഈ പ്രശ്നം പരിഹരിക്കുന്നതിനു വല്ല പദ്ധതിയുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ ഉള്ള പദ്ധതികളെപ്പറ്റി പറഞ്ഞു.

ശ്രീ. കെ. കരുണാകരൻ: യാചകന്മാരിൽ, പകർച്ചവ്യാധികൾ പിടിപെട്ടിട്ടുള്ളവരെയും, തീരെ ആരോഗ്യമില്ലാത്തവരെയും ലിക്വിഡേററു ചെയ്യുന്നകാര്യം ഗവണ്മെൻറു ആലോചിക്കുമോ?

ശ്രീ. കെ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി ഇതേവരെ ആലോചിച്ചിട്ടില്ല.

ശ്രീ. കെ. സി. ജോർജ്ജ്: 'ലിക്വിഡേററു ചെയ്യുക' എന്നതിനു എന്താണു മനസ്സിലാക്കിയതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: ലിക്വിഡേററ് എന്നുവച്ചാൽ റഷ്യയിൽനിന്നും ചൈനയിൽനിന്നും അറിയുന്നതു് ഇല്ലാതാക്കുക എന്ന അർത്ഥത്തിലാണു്.

ശ്രീ. ടി. വി. തോമസ്സ്: വായിച്ച ലിസ്റ്റിൽ, ആലപ്പുഴ പുവർഹോമിനു് ഇപ്പോൾ ഗവണ്മെൻറു സഹായധനം നൽകുന്നുവെന്നു് പറഞ്ഞതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ സ്ഥലങ്ങളിൽ പുവർഹോം ഉണ്ടെന്നാണു പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്സ്: കഴിഞ്ഞ ചില വർഷങ്ങളായി ആലപ്പുഴ പുവർഹോമിനു ഗ്രാൻറു കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. ടി. വി. തോമസ്സ്: ഈയിനത്തിൽ ഒരുലക്ഷത്തി നാല്പതിനായിരം രൂപ കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി ലാപ്സായിപ്പോകുന്നതു അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ലാപ്സാകാനിടയില്ല. പരിശോധിക്കാം.

അനാഥപ്രേതങ്ങൾ.

✻ 198 [13] ശ്രീ. യു. നീലകണ്ഠൻ: താഴെക്കാണുന്ന ചോദ്യത്തിനു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അനാഥപ്രേതങ്ങൾ മറവുചെയ്യുന്നതിനു് സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള പ്രതിഫലമെന്തു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) : അനാഥപ്രേതങ്ങൾ മറവുചെയ്യുന്നതിനു് പ്രേതം ഒന്നിനു് അഞ്ചു രൂപാ അനുവദിച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. യു. നീലകണ്ഠൻ : ആരെയാണ് അതിലേക്കു ചുമതലപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. എ. എ. റഹിം : സാധാരണ റവന്യൂ ഡിപ്പാർട്ടുമെൻറിൽ നിന്നാണു ചെയ്യുന്നതു്.

ശ്രീ. യു. നീലകണ്ഠൻ : അനാഥപ്രേതങ്ങൾ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം മറവുചെയ്യാൻ താമസിക്കുന്നതുകൊണ്ടു പൊതുജനങ്ങൾക്കു ഉപദ്രവം നേരിടുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം : മറവുചെയ്യാതെ ഒരു പ്രേതവും കിടന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. ടി. എ. മജീദു് : ജീവനുള്ള മനുഷ്യരെ അനാഥപ്രേതങ്ങളായി മാററുന്നതിനുള്ള സാഹചര്യം ഗവണ്മെൻറ സൃഷ്ടിക്കുമോ?

മി. സ്പീക്കർ : ചോദ്യം അനുവദിക്കുന്നില്ല.

വനം കാൺട്രാക്ററുകൾ.

* 199. [15] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955–ജാനുവരിമാസത്തിൽ ടെൻറർ വിളിക്കാതെ, എത്ര വനം കാൺട്രാക്ടുകൾ ഗവണ്മെൻറ നൽകിയിട്ടുണ്ടു്; ആർക്കെല്ലാം;

(ബി) മണിമല റിസർവ്വിൽ നിന്നും തടി വെട്ടി മാററുന്നതിനുള്ള കാൺട്രാക്ടു നൽകിയതു എന്തു വ്യവസ്ഥകളിന്മേലാണു്; ഇതുകൊണ്ടെന്തെങ്കിലും നഷ്ടം ഗവണ്മെൻറിനുണ്ടായിട്ടുണ്ടോ?

ആഭ്യന്തരകാര്യ മന്ത്രി ശ്രീ. (എ. ജെ. ജോൺ) : (എ) പുതിയ കാൺട്രാക്ടു ഒന്നും നൽകിയിട്ടില്ല. ഒരു കാൺട്രാക്ടിൻെറ തുടർച്ചയായ ഒരു സ്ഥലത്തു അനുവാദം നൽകിയിട്ടുണ്ടു്.

(ബി) മണിമല റേഞ്ചിൽ, റാന്നി റിസർവ്വിൽനിന്നും ഉദ്ദേശം 600 ടൺ തേക്കും, ഈട്ടിയും ക്യൂബിക്കടിക്കു് 2 രൂപാ 12 അണ കോൾ വിലനിരക്കനുസരിച്ചു പാറമ്പുഴ ഡിപ്പോവരെ ഇറക്കി ഏല്പിക്കാൻ, സപ്ലൈ കാൺട്രാക്ററ വ്യവസ്ഥയിൽ ഒരു കാൺട്രാക്ററ നൽകിയിട്ടുണ്ടു്. ഇതിൽ ഗവണ്മെൻറിലേക്കു നഷ്ടം ഒന്നും ഇല്ല.

ശ്രീ. സി. എ. മാത്യു : ടെൻറർ വിളിക്കാതെ ലേലംചെയ്തു കൊടുക്കാൻ കാരണമെന്താണു്?

ശ്രീ. എ. ജെ. ജോൺ : ടെൻറർ വിളിക്കാതെ കൊടുക്കരുതെന്നാണു് ഗവണ്മെൻറ നയം. ചില സന്ദർഭത്തിൽ ചില പ്രത്യേക കാരണങ്ങളാൽ കൊടുത്തുവെന്നുവരാം.

ശ്രീ. സി. എ. മാത്യു : പ്രത്യേക കാരണമെന്താണു് ?

ശ്രീ. എ. ജെ. ജോൺ: ചുററമുള്ള ഭാഗങ്ങളും ഒരാൾ കാൺട്രാക്ററ എടുത്തിരിക്കുകയും, അതിനോടു തൊട്ടു ചേർന്നുവരുന്ന കുറെ സ്ഥലം ആ കൺട്രാക്ററർക്കു ടെൻറർ വിളിക്കാതെ കൊടുക്കുകയും ചെയ്യുന്നുണ്ടു്. വളരെ അപൂർവ്വമായിട്ടേ അങ്ങനെ കൊടുക്കാറുള്ളു.

കുരുമുളകു്.

※ 200. [16] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ സംസ്ഥാനത്തു നിന്നും എത്ര ടൺ കുരുമുളകു കയററുമതി ചെയ്തു;

(ബി) കുരുമുളകുചെടിയുടെ സുഖക്കേടിനെപ്പററി എന്തെങ്കിലും ഗവേഷണം നടത്തുന്നുണ്ടോ;

(സി) കുരുമുളകുകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന വല്ല പദ്ധതിയും ഇപ്പോൾ നിലവിലുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): (എ) കുരുമുളകു കയററുമതി ചെയ്തിട്ടുള്ളതിൻെറ കണക്കു ശേഖരിച്ചിട്ടില്ല.

(ബി) ഇപ്പോൾ ഗവേഷണം നടത്തുന്നില്ല.

(സി) പദ്ധതിയൊന്നും ഇപ്പോൾ നിലവിലില്ല.

ശ്രീ. സി. എ. മാത്യു: വളരെയധികം ഡാളർ സമ്പാദിച്ചുതരുന്ന കുരുമുളകിനെപ്പററി ഗവേഷണം നടത്തുതിനു് ഒരു റിസർച്ചു് സ്റ്റേഷൻ സ്ഥാപിക്കുമോ?

ശ്രീ. എ. എ. റഹിം: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: സ്പൈസസ് എൻക്വയറികമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: നോട്ടീസ്സുവേണം.

ശ്രീ. സി. എ. മാത്യു: ഈ നില തുടരുന്നപക്ഷം, കുരുമുളകുകൃഷി തീരെ ഇല്ലാതാകുമെന്നുള്ളവിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. സി. എ. മാത്യു: കുരുമുളകുകൃഷിയിൽ കൂടുതൽ പരിചയമുള്ള ഒരു വ്യക്തിയെന്ന നിലയിൽ, ആ കൃഷി ഇവിടെ നശിക്കുമെന്നുള്ള സ്ഥിതിയിലേക്കു നീങ്ങുകയാണെന്നു ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

മി. സ്പീക്കർ: അതൊരു അഭിപ്രായമാണു്.

ആശുപത്രികൾ.

※ 201. [17] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954 മാർച്ചിനുശേഷം സംസ്ഥാനത്തു് എതെങ്കിലും ആശുപത്രികൾ ഒന്നാംഗ്രേഡായി ഉയർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) കായംകുളം ആശുപത്രി അപ്രകാരം ഉയർത്തുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) അതുസംബന്ധിച്ച നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ: നടപടി എടുത്തിട്ടുണ്ടെങ്കിൽ, ബഡ്ജറ്റിൽ അതു കാണാത്തതിന്റെ കാരണമെന്താണ്?

ശ്രീ. എ. എ. റഹിം: ബഡ്ജറ്റിൽ കൊള്ളിക്കത്തക്കവിധം നടപടികൾ പുരോഗമിച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: അതുസംബന്ധിച്ച് എന്തു നടപടികൾ എടുത്തു?

ശ്രീ. എ. എ. റഹിം: സ്ഥലം പൊന്നും വിലയ്ക്കെടുക്കാൻ ആലോചിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: പൊന്നും വിലയ്ക്കു എടുക്കാൻ ഗവണ്മെന്റ് ആർഡർ ഇട്ടതാണെന്നറിയാമോ?

ശ്രീ. എ. എ. റഹിം: സ്ഥലം എടുക്കണമെന്നു ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ളതായി അറിയാം.

ശ്രീ. പി. കെ. യശോധരൻ: സ്ഥലം എടുക്കാതിരിക്കാൻ കാരണമെന്തു?

ശ്രീ. എ. എ. റഹിം: അതിനുവേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: ഈ ആശുപത്രി ഒന്നാംഗ്രേഡായി ഉയർത്തുന്നതിനുള്ള പ്രവർത്തനം മന്ദീഭവിക്കുന്നതിനുള്ള കാരണമെന്തു?

ശ്രീ. എ. എ. റഹിം: ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആശുപത്രി സ്ഥാപിക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം. കായംകുളത്തു ഇപ്പോൾ ഒരാശുപത്രിയുണ്ട്. അവിടെ കൂടുതൽ സൗകര്യം ഉണ്ടാക്കണമെന്നുള്ളതാണ് ആവശ്യം.

ശ്രീ. പി. കെ. യശോധരൻ: ഈ ആശുപത്രിയുടെ പ്രവർത്തനം നിറുത്തിവച്ചിട്ടു, ഹരിപ്പാട്ടു ആശുപത്രി സ്ഥാപിക്കാൻ കാരണമെന്താണ്?

ശ്രീ. എ. എ. റഹിം: അതിന്റെ പ്രവർത്തനം നിറുത്തിവെച്ചിട്ടില്ല.

ശ്രീ. പി. കെ. യശോധരൻ: പ്രവർത്തനം നിറുത്തിവച്ചിട്ടില്ലെങ്കിൽ തുക ബഡ്ജറ്റിൽ കൊള്ളിക്കേണ്ടതല്ലേ?

ശ്രീ. എ. എ. റഹിം: ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലെങ്കിൽ, സപ്ലിമെന്ററി ഗ്രാന്റായിട്ടു കൊണ്ടുവരാവുന്നതേയുള്ളു.

ശ്രീ. പി. കെ. യശോധരൻ: പുതുതായി പത്തു ആശുപത്രികൾ തുടങ്ങാൻ പോകുന്നുവെന്ന് കഴിഞ്ഞ ഒരു ദിവസം മന്ത്രി ചോദ്യത്തിനുത്തരം പറഞ്ഞു. അതിൽ പഴയ ഗവണ്മെൻറ് അനുവദിച്ചിട്ടുള്ള ആശുപത്രികളും ഉൾപ്പെടുമോ?

ശ്രീ. എ. എ. റഹിം: ഞാൻ അങ്ങനെയല്ല പറഞ്ഞതു്; പത്തു ഡിസ്പെൻസറികൾ എന്നാണു പറഞ്ഞതു്. പഴയ ഗവണ്മെൻറും ഈ ഗവണ്മെൻറും എന്നു ഗവണ്മെൻറിനു പ്രത്യേകതയൊന്നുമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: കായംകുളം ഒന്നാംഗ്രേഡ് ആശുപത്രിയായി ഇക്കൊല്ലം ഉയർത്തുമോ?

ശ്രീ. എ. എ. റഹിം: കഴിയുന്നതുംവേഗം ശ്രമിക്കാം.

Health Centres.

✻202. [18] **Shri Prakulam Bhasi**: Will the Minister for Health be pleased to state:

(a) whether the Government propose to open new primary health centres during the new financial year and if so, how many;

(b) have the proposed centres been selected and if so which are the centres selected;

(c) what is the policy of Government in the matter of selecting centres as primary health centres?

Minister for Health (**Shri A. A. Rahim**): (a) Two centres.

(b) Centres have not been selected.

(c) Selection of centres is made in consideration of the following:

(i) backward areas in respect of health;

(ii) existing facilities in getting penicillin and public co-operation;

(iii) special health problems to be tackled.

ശ്രീ. പ്രാക്കുളം ഭാസി: ഹെൽത്തു സെൻറർ അനുവദിക്കണമെങ്കിൽ, അവിടെ ആശുപത്രി ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടോ?

ശ്രീ. എ. എ. റഹിം: നിർബ്ബന്ധമില്ല.

ശ്രീ. പി. കെ. കുഞ്ഞു്: ഡിസ്പെൻസറി വേണമെന്നു നിർബ്ബന്ധമുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഡിസ്പെൻസറി ഇല്ലാത്ത സ്ഥലങ്ങളിൽ ഹെൽത്തു സെൻറർ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അനുവദിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇടപ്പള്ളിയിൽ അനുവദിച്ചിട്ടില്ലേ?

ശ്രീ. എ. എ. റഹിം: അതു് കമ്മ്യൂണിററി പ്രോജക്റ്റ് ഏരിയായിൽ പെട്ടതാണു്.

ശ്രീ. പ്രാക്കുളം ഭാസി: കമ്മ്യൂണിററി പ്രോജക്റ്റിൽനിന്നും ചെയ്യുന്നതും ഗവണ്മെൻറ ചെയ്യുന്നതും പ്രത്യേകമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്മ്യൂണിററി പ്രോജക്റ്റിൽ പ്രൈമറി ഹെൽത്തു സെൻറർ സ്ഥാപിക്കുന്ന ഒരു പ്രോഗ്രാം ഉണ്ടു്. മെഡിക്കൽ റിലീഫും, പ്രിവൻഷൻ ആക്റ്റിവിററീസും സംയോജിച്ചു നടത്തുവാനും, പ്രാഥമിക ശുശ്രൂഷകളും ചികിത്സകളും നൽകുന്നതിനുമുള്ള ഒരു പദ്ധതിയാണിതു്.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ ഹെൽത്തു സെൻറർ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടു്?

ശ്രീ. എ. എ. റഹിം: കരുനാഗപ്പള്ളി, കുത്താട്ടുകുളം, കമ്പഴത്ത് ഈ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനു് സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഗ്രാൻറ് നൽകുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ചില സഹായങ്ങൾ നൽകുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: കൂടുതൽ സ്ഥലങ്ങളിൽ ഏർപ്പെടുത്തിക്കൂടെ?

ശ്രീ. എ. എ. റഹിം: ഇതു പരീക്ഷണാർത്ഥം തുടങ്ങിയിരിക്കുകയാണു്. കൂടുതൽ സ്ഥലത്തു തുടങ്ങുന്ന കാര്യം ആലോചിക്കാം.

ശ്രീ. കെ. പി. ഹാർമിസ്സ്: ഓരോ ഹെൽത്തു സെൻററിനും രണ്ടു ഡാക്ടർമാർ ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ടോ? ഒരു ഡാക്ടറും, ലേഡിഡാക്ടറും.

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീ. കെ. പി. ഹാർമിസ്സ്: ഇപ്പോൾ അങ്ങനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഇപ്പോൾ കുറവുണ്ടു്.

ശ്രീ. കെ. പി. ഹാർമിസ്സ്: ഡാക്ടർമാരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. എ. റഹിം: ഡാക്ടർമാരെ കിട്ടാനുള്ള പ്രയാസം കൊണ്ടാണു് ചില സ്ഥലങ്ങളിൽ ഹെൽത്തു സെൻറർ തുടങ്ങാൻതന്നെ നിവൃത്തിയില്ലാതെ വന്നിരിക്കുന്നതു്.

ആണററി മെഡിക്കൽ ആഫീസറന്മാർ.

* 203. [19] ശ്രീ. പി. ഭാസ്കരൻനായർ: താഴെ പറയുന്ന ചോദ്യത്തിനു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ആണററി മെഡിക്കൽ ആഫീസറന്മാർ ഗവണ്മെൻറ ജീവനക്കാരെപ്പോലെ പൂർണ്ണകാലസേവനം (Full time service) അനുഷ്ഠിക്കണമെന്നു ഗവണ്മെൻറ് പ്രതീക്ഷിക്കുന്നുണ്ടോ; അങ്ങനെ നിർദ്ദേശിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): ഉണ്ട്.

ശ്രീ. പി. ഭാസ്കരൻനായർ: ഡാക്ടർമാർ കുറവായതുകൊണ്ടു ആണററി ഡാക്ടർമാരെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. എ. എ. റഹിം: ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻനായർ: പ്രത്യേക വൈദഗ്ദ്ധ്യമുള്ള ഡാക്ടർമാർ മുഴുവൻ സമയവും ആസ്പത്രിയിൽ പ്രവർത്തനം നടത്താൻ തയാറുണ്ടോ എന്നറിയാമോ?

ശ്രീ. എ. എ. റഹിം: അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. പി. ഭാസ്കരൻനായർ: പ്രതിഫലേച്ഛകൂടാതെ, സേവനം അനുഷ്ഠിക്കാൻ തയാറാകുന്ന ഡാക്ടർമാരെ, പിന്നീട് ഡിപ്പാർട്ടുമെൻറിൽ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഉദ്ദേശിക്കുന്നുണ്ട്.

മൈനർ ഇറിഗേഷൻ പദ്ധതി.

✻ 204. [20] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മൈനർ ഇറിഗേഷൻ പദ്ധതിക്ക് ഇക്കൊല്ലം എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട്;

(ബി) ഏപ്രിൽമുതൽ ജനവരികൂടി പത്തുമാസങ്ങളിൽ എന്തു തുക ചെലവുചെയ്തിട്ടുണ്ട്;

(സി) ഈ ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും എന്തെങ്കിലും സംഖ്യ കിട്ടിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ഒ. ഐച്ചുകുട്ടൻ):

(എ) മൈനർ ഇറിഗേഷൻ പദ്ധതികൾക്കായി ഈ കൊല്ലം 25,25,000 രൂപാ നീക്കിവച്ചിട്ടുണ്ട്.

(ബി) ഏപ്രിൽ മുതൽ ജനവരിവരെ പത്തുമാസം 2,94,431 രൂപാ ചെലവുചെയ്തിട്ടുണ്ട്.

(സി) മൈനർ ഇറിഗേഷൻ ജോലികൾക്കായി എത്ര സംഖ്യ ഇക്കൊല്ലം തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് ചെലവാക്കുമോ ആ സംഖ്യ ഇൻഡ്യാഗവണ്മെൻറിൽനിന്നും കടമായി ഇക്കൊല്ലംതന്നെ കിട്ടുന്നതാണ്.

ലോക്കൽ ഡെവലപ്പുമെൻറ് വർക്സ്.

✻ 205. [21] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ലോക്കൽ ഡെവലപ്പുമെൻറ വർക്സ്‌വകയ്ക്കു് ഇക്കൊല്ലം എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ട്;

(ബി) കേന്ദ്രഗവണ്മെൻറിൽ നിന്നും ഈ വകയിൽ എത്ര സംഖ്യ തന്നിട്ടുണ്ട്;

(സി) ഏപ്രിൽ മുതൽ ജനുവരിക്കുടി പത്തുമാസങ്ങളിൽ എത്ര സംഖ്യ ചെലവുചെയ്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ലോക്കൽ ഡെവലപ്പ്മെൻറ ജോലികൾക്കായി ആകെ 30.85 ലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്.

(ബി) ഒന്നും തന്നിട്ടില്ല.

(സി) ഒന്നും ചെലവുവന്നിട്ടില്ല.

WRITTEN ANSWERS.

മുനിസിപ്പാലററികൾക്ക് ലോൺ.

* 206. [22] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈയാണ്ടിൽ മുനിസിപ്പാലിററികൾക്കെല്ലാംകൂടി എത്ര സംഖ്യ ലോണായി കൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) ലോണിന് അപേക്ഷിച്ചിട്ടുള്ള മുനിസിപ്പാലിററികൾ ഏതെല്ലാം;

(സി) ഏതു മാനദണ്ഡമടിസ്ഥാനമാക്കിയാണ് ലോൺ അനുവദിക്കുന്നതു്;

(ഡി) വൈക്കം മുനിസിപ്പാലിററി ലോണിനപേക്ഷിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഈയാണ്ടിൽ (1954–55) മുനിസിപ്പാലിററികൾക്കെല്ലാംകൂടി 2,38,500 രൂപ ലോണായി കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) തിരുവനന്തപുരം കാർപ്പറേഷൻ, മട്ടാഞ്ചേരി, എറണാകുളം, തൃശ്ശൂർ, ചേർത്തല, പാലാ, പെരുമ്പാവൂർ, നെയ്യാററിൻകര, ആലുവാ, വൈക്കം, കുളച്ചൽ, ആററിങ്ങൽ, പറവൂർ, എന്നീ മുനിസിപ്പാലിററികളും ലോൺ കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മുനിസിപ്പാലിററികളുടെ പ്രത്യേകാവശ്യം, നിശ്ചിതകാലാവധിക്കുള്ളിൽ മടക്കികൊടുക്കുവാനുള്ള ധനശേഷി മുതലായവ പരിഗണിച്ച് ലോൺ നൽകുന്നതാണ്. കൂടാതെ ലോണിനപേക്ഷിക്കുന്ന മുനിസിപ്പാലിററികൾ ലോക്കൽ അതാറിട്ടീസ് ലോൺസാക്ററിലേയും ലോക്കൽ അതാറിട്ടീസ് ലോൺസ് റൂളുകളിലേയും നിബന്ധനകൾ അനുസരിക്കേണ്ടതുമുണ്ട്.

(ഡി) വൈക്കം മുനിസിപ്പാലിററി, മുനിസിപ്പൽ ആഫീസ്കെട്ടിടം പണിയുന്നതിലേക്കായി 50,000 രൂപാ ലോണായി കിട്ടണമെന്നപേക്ഷിച്ചിട്ടുണ്ട്.

Harijan Villages.

✻207. [26] **Shri T. S. Ramaswami**: Will the Minister for Local Self Government be pleased to state:

(*a*) whether it is a fact that many Harijan villages throughout the State in general and South Travancore in particular are without approach roads;

(*b*) whether the Government will take particular attention in providing these villages with roads as early as possible?

Minister for Local Self Government (**Shri K. Kochukuttan**):

(*a*) Yes. It is a fact that many Harijan villages throughout the State are without good approach roads.

(*b*) Government are taking steps for providing the Harijan villages with roads.

Police firing.

✻208. [27] **Shri R. Ponnappa Nadar**: Will the Home Minister be pleased to state:

(*a*) in how many places did the police open fire on August 11, 1954;

(*b*) how many persons sustained injuries by the firing;

(*c*) what the total number of casualties in the various places;

(*d*) is there any variation in figures as given by the District Magistrate, Trivandrum, and the Enquiry Commissioner;

(*e*) does this Government propose to give any compensation to the affected families?

Home Minister (**Shri A. J. John**): (*a*) Three places.

(*b*) 15 persons.

	Dead.	*Injured.*
(*c*) Martandam	1	nil.
Thoduvatty	2	nil.
Puthukkada	4	8

(*d*) No.

(*e*) Government have sanctioned the payment of an amount of Rs. 500 each to the wife or the dependents of four of the seven persons dead. The remaining three cases are under consideration of Government.

UNSTARRED QUESTIONS AND ANSWERS.

കൊലപാതകങ്ങൾ.

37. [2] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ ഒരു വർഷക്കാലത്തിനുള്ളിൽ എത്ര കൊലപാതകങ്ങൾ സംസ്ഥാനത്തു നടന്നതായി ഐ. ജി. ക്കു പരാതി കിട്ടിയിട്ടുണ്ടു്;

(ബി) ഈ കൊലപാതകങ്ങൾ നടത്തിയതിൽ ഇതുവരെയായി എത്രപേരെ കണ്ടുപിടിച്ചിട്ടുണ്ട്; എത്രപേരെ അറസ്റ്റു ചെയ്തിട്ടുണ്ട്;

(സി) 12-2-55 രാത്രിയിൽ പാലേക്കംഉണ്ടിയിൽ ചാത്തൻ കണ്ടൻചോളി എന്ന കൃഷി തൊഴിലാളിയെ പുലിയൂർ പകുതിയിൽ കളപ്പുരവടക്കേതിൽ മടവാറംവയലിൽ കൊന്നിട്ടിരുന്നതായി (പിറേറ ദിവസം രാവിലെ ശവം കാണപ്പെട്ടതായി) വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനെപ്പററി വല്ല അന്വേഷണവും നടത്തിയോ;

(ഇ) ആരൊക്കെയാണ് അന്വേഷണം നടത്തിയത്;

(എഫ്) കുററക്കാരെ ഇതുവരെ കണ്ടുപിടിക്കുകയുണ്ടായോ;

(ജി) ഇല്ലെങ്കിൽ അതിനെക്കുറിച്ച് കൂടുതലായി അന്വേഷിക്കുന്നതിന് പ്രത്യേകം സി. ഐ. ഡി. കളെ നിയോഗിക്കുവാൻ ഗവണ്മെൻറ തയ്യാറാകുമോ?

ഉത്തരം

(എ) 136.

(ബി) (1) 206. (2) 199.

(സി) ഉണ്ട്.

(ഡി) നടത്തി. ചെങ്ങന്നൂർ പോലീസ്സ്റ്റേഷനിൽ, ഇൻഡ്യൻ പീനൽകോഡ് 302-ം 394-ം വകുപ്പുകൾപ്രകാരം ഉള്ള കുററങ്ങൾക്കായി 23-55u/s നമ്പരിൽ കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണം നടന്നുവരുന്നു.

(ഇ) സ്ഥലം പോലീസും, ക്രൈംബ്രാഞ്ച് സർക്കിൾ ഇൻസ്പെക്ടരും, കീഴ്ഉദ്യോഗസ്ഥന്മാരും.

(എഫ്) പ്രതികൾ ആരാണെന്ന് തെളിഞ്ഞിട്ടില്ല.

(ജി) (ഇ) വിഭാഗത്തിന് നൽകിയിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മദ്യനിരോധനം.

38. [8] ശ്രീ. പി. കെ. അബ്ദുൾഖാദർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

മുകുന്ദപുരം താലൂക്കിലെ എടവിലങ്ങ വില്ലേജിൽകൂടി പരിപൂർണ്ണമായ മദ്യനിരോധനം നടപ്പിലാക്കി കൊടുങ്ങല്ലൂർ താലൂക്കിൽ ഇന്ന് നിലവിലിരിക്കുന്ന മദ്യനിരോധനം വിജയിപ്പിക്കുന്നതിന് ഗവണ്മെൻറ്സത്വര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം.

കൂടുതൽ പ്രദേശങ്ങളിലേക്ക് മദ്യനിരോധനം നടപ്പിലാക്കുവാൻ ആലോചിക്കുമ്പോൾ എടവിലങ്ങ വില്ലേജിൻെറ കാര്യം പരിഗണിക്കുന്നതാണ്.

പൂഴിക്കാട്ടുചിറ

39. [10] ശ്രീ. പി. ആർ മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10 ഏക്കർ, 10 സെൻറ വിസ്തീർണ്ണമുള്ള മാവേലിക്കര താലൂക്കിൽ തോന്നല്ലൂർ പകുതിയിലുള്ള പൂഴിക്കാട്ടുചിറ കാർത്തികപ്പള്ളിക്കാരൻ ഒരു പി. കെ. നാരായണപിള്ളക്ക് കുത്തകപ്പാട്ടമായി നൽകിയിട്ടുണ്ടോ;

(ബി) ചുററുപാടിലും ഭൂമിയില്ലാത്ത ആയിരക്കണക്കിന് കർഷക തൊഴിലാളികൾ ഉള്ളപ്പോൾ കാർത്തികപ്പള്ളിക്കാരന് പ്രസ്തുതചിറ കുത്തകപ്പാട്ടമായി നൽകാൻ കാരണം എന്താണ്;

(സി) പ്രസ്തുത ചിറ കുത്തകപ്പാട്ടത്തിനു നൽകിയാൽ അനേകായിരമേക്കർ നിലത്തിൽ കൃഷിചെയ്യുവാൻ നിവൃത്തിയില്ലാതെ വരുമെന്ന വസ്തുത ഗവണ്മെൻറിന് അറിയാമോ?

ഉത്തരം.

(എ) പൂഴിക്കാട്ടുചിറ ഇറിഗേഷൻ ആവശ്യങ്ങൾക്ക വേണ്ടിയിരിക്കുന്നതിനാൽ അതു് കുത്തകപ്പാട്ടമായി കിട്ടണമെന്നുകാണിച്ചു് വന്നിട്ടുള്ള അപേക്ഷ നിരസിച്ചിട്ടുള്ളതാകുന്നു.

(ബി, സി), (എ) ചോദ്യത്തിൻെറ ഉത്തരത്തിനുശേഷം മററു രണ്ടു ചോദ്യങ്ങളും ഉദിക്കുന്നില്ല.

ADJOURNMENT MOTION

മി. സ്പീക്കർ: ആർഡർ, ആർഡർ. മി. സി. കെ. വിശ്വനാഥൻെറ ഒരു അടിയന്തിരപ്രമേയം ലഭിച്ചിട്ടുണ്ടു്. ഈ മാസം 26–ാംതീയതി വൈക്കം താലൂക്കിൽ ടോൾ വറ എന്ന സ്ഥലത്തു് പോലീസ് ഒരാളെ അറസ്ററു് ചെയ്യുകയും മർദ്ദിക്കുകയും ചെയ്തു എന്നുള്ളതിനെപ്പററിയാണു് അടിയന്തിരപ്രമേയം. അതെല്ലാം പോലീസു ഡിമാൻറു് വരുമ്പോൾ ചർച്ചചെയ്യാം എന്നുള്ളതുകൊണ്ടു് ഞാൻ ആ അടിയന്തിരപ്രമേയം അനുവദിക്കുന്നില്ല.

POINT OF ORDER

RE: DISTRIBUTION OF TIME FOR FINANCIAL BUSINESS.

ശ്രീ. പി. വിശ്വംഭരൻ: സർ, ഒരു പായിൻറു് ആഫ് ആർഡർ. ഫൈനാൻഷ്യൽ ബിസ്സിനസ്സിനെ സംബന്ധിച്ചു് ഡിസ്കഷൻ നടക്കുന്ന അവസരത്തിൽ സമയം അനുവദിക്കുന്നതിനെ സംബന്ധിച്ചു് ഉള്ളതാണു് എൻെറ പായിൻറു് ആഫ് ആർഡർ. ഈ മാതിരിയുള്ള ചർച്ചകൾക്ക പ്രതിപക്ഷകക്ഷികൾക്ക ഭരണകക്ഷിക്ക അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കുന്ന ഒരു പതിവുള്ളതായി മേയ്സ് പാർലമെൻററി പ്രാക്ടീസിൽ പറയുന്നുണ്ടു്. അതിൽ ഫൈനാൻഷ്യൽ ബിസിനസ്സിനെപ്പററി ചർച്ചചെയ്യുന്ന അവസരത്തിൽ ഇങ്ങനെ വേണമെന്നാണു് പറയുന്നതു്.

[ശ്രീ. പി. വിശ്വംഭരൻ]

"Indirectly through conventions mentioned above, they (i. e. the Opposition) control the bulk of the time allotted to the third group of business - routine and financial business."

അതുകൊണ്ടു് ഫൈനാൻഷ്യൽ ബിസിനസ്സിനു് അനുവദിച്ചിട്ടുള്ള സമയത്തിൽ പ്രതിപക്ഷകക്ഷികൾക്കു്, ഗവണ്മെന്റു് കക്ഷികൾക്കു് അനുവദിക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. എന്നാൽ ഇപ്പോൾ ഇവിടെ ചെയ്യുന്നതു് ഗവണ്മെന്റു് കക്ഷിക്കും പ്രതിപക്ഷകക്ഷികൾക്കും സമയം സമമായി വീതിച്ചു് കൊടുക്കുന്ന ഒരു പതിവാണു്, പ്രതിപക്ഷകക്ഷിയിൽ വിവിധപാർട്ടികളാണു് ഇരിക്കുന്നതു്. അതുകൊണ്ടു് പ്രതിപക്ഷകക്ഷിയിൽപ്പെട്ട വിവിധപാർട്ടികൾക്കും സംസാരിക്കുന്നതിനു് ശരിയായും ന്യായമായും സമയം ലഭിക്കുന്നില്ല. പ്രതിപക്ഷകക്ഷികൾക്കു് അനുവദിച്ചിട്ടുള്ള സമയം ആദ്യം സംസാരിക്കുന്ന ഏതെങ്കിലും പാർട്ടിയിൽപ്പെട്ട ആളുകൾ എടുത്തു കഴിഞ്ഞാൽ അതു് മററു കക്ഷികളെ വളരെ ദോഷമായി ബാധിക്കും എന്നുള്ളതാണു്. ഞങ്ങളുടെ കക്ഷിയെ സംബന്ധിച്ചിടത്തോളം ഇന്നലെയാണെങ്കിൽ ധനയബില്ലുകളെ സംബന്ധിച്ചു് സംസാരിക്കാനുള്ള സമയം ഒരാൾക്കുപോലും കിട്ടിയില്ല. അതുകൊണ്ടു് പ്രതിപക്ഷകക്ഷികൾക്കു് ഗവണ്മെന്റു് കക്ഷിക്കു് കൊടുക്കുന്നതിനേക്കാൾ കൂടുതൽ സമയം അനുവദിക്കുകയും, എല്ലാ പ്രതിപക്ഷകക്ഷികൾക്കും ന്യായമായിട്ടു് സമയം ലഭിക്കുവാനുള്ള നടപടി സ്പീക്കർ എടുക്കണമെന്നും അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ അനുവദിച്ചിട്ടുള്ള സമയത്തിൽ പകുതിഭാഗം ഞങ്ങൾക്കാണു് തന്നിട്ടുള്ളതു്. അതു് മിനിസ്റ്ററുടെ മറുപടിപ്രസംഗത്തിനുള്ള സമയംകൂടിച്ചേർത്താണു്. അങ്ങിനെ അനുവദിച്ചിട്ടുള്ള പകുതി സമയത്തിൽ മിനിസ്റ്ററുടെ മറുപടിക്കുള്ള സമയവും കഴിഞ്ഞാൽ പ്രതിപക്ഷത്തിനു് അനുവദിച്ചിട്ടുള്ള സമയംപോലും കിട്ടുന്നില്ല എന്നുള്ളതാണു് പരമാർത്ഥം.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇതുസംബന്ധിച്ചു് ഒരു റൂളിംഗ് വേണം സർ, ഗവണ്മെന്റു് ഭാഗത്തു് ഇരിക്കുന്നവർക്കു് പകുതിസമയം കൊടുക്കണമെന്നാണോ ആപ്പോസിഷൻപാർട്ടിക്കു് കൂടുതൽ സമയം കൊടുക്കണമെന്നാണോ എന്നുള്ളതിനെപ്പററി ആലോചിച്ചു് ഞങ്ങൾക്കു് ഒരു റൂളിംഗ് തരണം. ഈ ബഡ്ജററു് ഡിസ്കഷൻ സംബന്ധിച്ചു് പാർല്യമെന്ററി പ്രാക്ടീസ് അനുസരിച്ചു് പ്രതിപക്ഷകക്ഷിക്കാണു് കൂടുതൽ സമയം അനുവദിക്കേണ്ടതു്. ഭരണകക്ഷിക്കു് പറയാനുള്ള കാര്യങ്ങൾ മന്ത്രിമാരെ നേരിട്ടു് അറിയിക്കാവുന്നതാണു്. അതുകൊണ്ടു പാർലമെന്ററി പ്രാക്ടീസ് നോക്കിക്കൊണ്ടു് അതിനു് ന്യായമായ ഒരു റൂളിംഗ് തരണം.

Shri. P. S. Nataraja Pillai: We want a ruling on this especially when there is a discussion on financial matters.

Shri. Panampilli Govinda Menon : I can agree with Mr. Nataraja Pillai if the discussion is on financial matters. But if the discussion is on political matters, all the conventions laid down in May's Parliamentary Practice will become in applicable. Conventions in May's Parliamentary practice have been laid down in respect of financial matters deal twith on a financial plane. But if discussion on financial matters becomes an occasion for discussion on political matters, then it is but natural that there should be even distribution of time between all political parties.

മി. സ്പീക്കർ : ഇത്തരം വാദപ്രതിവാദങ്ങൾക്ക് എങ്ങനെ സമയം അനുവദിച്ചുകൊടുക്കണമെന്നും ഓരോ വാദപ്രതിവാദത്തിലും ആരെല്ലാം പങ്കെടുക്കണമെന്നും പാർട്ടിനേതാക്കന്മാർ നേരത്തെ ആലോചിച്ചു തീരുമാനം ചെയ്യണം എന്നുള്ളതാണ് നല്ല പാർലമെൻററി വഴക്കം. അങ്ങനെ ഓരോ വാദപ്രതിവാദവും എപ്രകാരം കൊണ്ടുപോകണമെന്ന് നിശ്ചയിക്കാവുന്നതാണ്. ആ വിധത്തിൽ പാർട്ടിനേതാക്കന്മാർ യോജിച്ച് എടുക്കുന്ന ഏതു തീരുമാനവും അതേപോലെ നടപ്പിൽ വരുത്താൻ വളരെ പരിപൂർണ്ണമായ സമ്മതമുള്ള ഒരു സ്പീക്കറാണ് ഇവിടെയുള്ളത്. അങ്ങനെ യോജിച്ചുള്ള തീരുമാനം ഇല്ലാത്തിടത്തോളംകാലം കുറെയൊക്കെ സ്പീക്കറുടെ ഡിസ്ക്രീഷൻ അനുസരിച്ച് ചെയ്യേണ്ടതായി വരും. അതേപ്പററി അത്രയേ എനിക്ക് പറയാനുള്ളു. യോജിച്ചുള്ള തീരുമാനമാണെങ്കിൽ അതു് അനുസരിച്ച് വാദപ്രതിവാദം നടത്താൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നു.

Shri Panampilli Govinda Menon: I accept the suggestion made by the Chair. If after 1 o' clock every day, the other four Party Leaders in the House would find it convenient to have a discussion with me for about 15 minutes, it would be possible for us to lay out the distribution of time for the next day. I shall be happy to participate in such a discussion.

Report of the Public Accounts Committee.

Shri K. Manjanatha Prabhu (*Chairman, Public Accounts Committee*) : Sir, I beg to present the Ninth Report of the Committee on the Civil Supplies Department (Food and other Control measures).

FINANCIAL BUSINESS.

VOTING OF DEMANDS FOR GRANTS IN THE BUDGET FOR 1955-56.

Demand IX—Heads of States, Ministers and Headquarters Staff.

Chief Minister **(Shri Panampilli Govinda Menon):** Sir, I move for a grant of Rs. 26,28,300 under Demand IX—Heads of States, Ministers and Headquarters Staff.

Home Minister **Shri (A. J. John :)** I second it.

Mr. Speaker : In accordance with the practice followed by this House during Budget Discussion in the previous years, I

[Mr. Speaker]

would suggest for the acceptance of the House that cut motions 30 and 33 standing in the names of Shri A. R. Menon and Shri D. Vivekanandan be moved, and that other members who have given notice of cut motions can participate in the discussion.

Dr. A. R. Menon: I move that the total allotment of Rs. 26,28,300 under Demand IX be reduced by Re. 1, in order to draw the attention of the Assembly to certain features that have recently developed. I apprehend that unless we consider the various aspects and the various developments that have taken place in the Assembly, the machinery of Government will become a totalitarian one and the control which the Assembly is expected to bring to bear on the administration will be nought. In order that we may understand this thoroughly, I have to refer to certain precedents connected with the change of administration in the State. As you all know, the P. S. P. Government was conducting the administration for a period of less than a year and that administration, which had only 18 members on the party, came into existence on the definite understanding that the Congress Party will give material and moral support to the Government. I am anxious to speak about these matters on this occasion because it is very difficult to draw the line of demarcation where a party man goes beyond the party. We must also consider whether on such occasions a member's duty to the public and people of the State over-rides his necessity to conform to party principles. I was happy yesterday to read Winston Churchill's declaration that the duty of the Members of the Council is to the people first and next, to the constituency and thirdly, to the party. Following that principle, I am making a few statements here, which may cause displeasure even to members of my own party. Necessity sometimes gives rise to occasions which are unpleasant but we should not be deterred by this. There is a purpose in bringing this matter, as the House will know as I proceed.

So, when this administration came into being, we gave a declaration to our leader and a communication was addressed to His Highness the Rajpramukh. In that there is only one sentence, namely that if the P. S. P. takes up the administration, the Congress will support it. No condition was attached to that declaration and it is not possible for us to say that the P. S. P. has violated any of the conditions entered into with us. Now, what has happened? After some time, the P. S. P. held a meeting and the irresponsible elements there demanded the Chief Minister to make a declaration with regard to policy and formulated 22 or 24 demands. I regret to say that my friend the ex-Chief-Minister did not explain to them that the P. S. P. depends upon Congress support and unless the Congress agrees to these demands, they could not be carried out. Instead of that he said "I am depending upon the people of Travancore-Cochin for the conduct of the administration. I have not sought the help of the Congress and I am not going to yield to any

demand from that party.'' The proper answer would be otherwise. He ought to have known as a parliamentarian that every statement he makes shall be taken note of and made use of by the people who are anxious that he should get out of administration. What happened is this. All those isolated sentences were taken and charges were framed. Even when no charge could be framed, our party held a meeting at Alleppey—I am saying this to the people of the State and not to this Assembly alone – and formulated that with regard to the appointment of a certain committee, three people should be nominated by a person, who is an outsider. Naturally any self-respecting man would refuse to accept the demand and as I expected, the ex-Chief Minister also refused to accept the demand. What was the result? The Party meeting passed a resolution that unless the demands are accepted the support offered must be withdrawn. I was the only one in the party who opposed that resolution, because it is an immoral resolution, an irregular resolution not in conformity with parliamentary traditions to ask an outsider to nominate a Committee.

Now, Sir the trouble is that there never has been sincere co-operation on our part with the P. S. P. and there never has been genuine appreciation of the help we rendered to them, on their part. Therefore, both the parties failed. both the parties violated the fundamental principles of administration, both the parties even forgot to conform themselves to a reasonable attitude of gentlemanliness. Each party wanted to get into power. There is no principle involved in this matter and a change of administration has not brought about any change. Principles were violated, were forgotten for the sake of personal advancement and personal ambition. To realise this ambition, the person forgets those principles which ought to be of guidance. Those principles were departed from and an unseemly quarrel took place unnecessarily. The Rajpramukh was dragged into this controversy, and after all was said and done, the Congress party came into power and it began to function as it used to do before. The Congress Party has violated the fundamental principles of honour. The P. S. P. did the same, and with regard to my friends of the Communist Party, they also were fighting and trying to get the better of the other supporter of the P. S. P. both of them lost in the bargain. What is the net result? The net result is that the people think that this is a huge show, this Assembly and that we are not guided by principles which would ensure the prosperity of this State and which would give relief to the suffering population. It has become an arena for personal fight, gladiator's fight, from morning till evening to get into position. I enter my emphatic protest against this way of carrying on the Government and I would make this declaration in this House, so that the people, not in the House, may realise what their representatives are doing here, and to what extent they devote their time for their own personal aggrandisement and not for public weal. It is with this purpose in view that I have tabled this cut motion. There is another grave danger.

[Dr. A. R. Menon]

that threatens the independence of this Assembly. This Assembly consists of three or four parties and each party elects its own leader. Once the leader is elected, he is supreme. He can do whatever he likes and there is no method devised till now except by a vote of censure or by a vote of no-confidence to check or control him. The largest party elects the leader and the leader selects the other Ministers. The Ministers are selected solely by him without any reference to the party or to this House. There is no rule here that the Ministry when installed must get a vote of confidence. What is the result? If you take the last 8 years, you will find that innumerable Ministers have come and innumerable Ministers have disappeared. They were anxious to select as Ministers, not persons possessing the necessary qualities and qualifications, but sycophants and stooges. (Applause from the Opposition Benches). Do you not see that inferiority complex played in the case of all? And he is anxious that only such men who are overshadowed by his personality, should be selected as Ministers. I do not care who is selected. I am only anxious that public interest should not suffer, to satisfy the reasonable or unreasonable ambition of these people. This is not the place for these people to indulge in their ambition. But they must select men with honour who will discharge their duties properly. We want a Cabinet, not a menagerie. What was the result? During these 8 years, there have been a number of Ministers. Does any one remember a single one of them? All these after a period are brushed aside, thrown into the dust bin and forgotten, unwept and un-honoured. Now, Sir, is it not time to consider a reformation, instead of playing the Ministry, pretending a Cabinet, with only a group of fellows who support you and obey your orders? Mr. Gladstone, the greatest Parliamentarian for all time perhaps, made this declaration of what the Cabinet is. He said that in a Cabinet each Member has equal right and equal status and equal responsibility; and in every subject that comes before the Cabinet, the only right that the Chief Minister possesses is that he has a casting vote. Now, I am asking, do you think that my friend will be checked by this Cabinet? Is it possible to conceive of such a condition? The result will be that he will be given undue latitude and I do not say he will, but he may, ruin the State and along with it he may ruin himself. How to get over this difficulty is a question for this Assembly to consider unless we want a totalitarian State. Does this House realise that the Chief Minister possesses authority and power which Mr. C. P. Ramaswami Iyer, that mighty intellect and iron disciplinarian, possessed? There was somebody above Mr. C. P Ramaswami Iyer, *i.e.*, His Highness the Maharaja. There have been occasions both in this State and in the adjacent Cochin State. where the Maharaja interfered with the Dewan's decision and stopped what he considered to be unreasonable. Who is there to check the Chief Minister here? Is there any one? Therefore, he possesses more power than even Mr. Ramaswami Iyer. With regard to

Mr. Ramaswami Iyer or any other Dewan, the Dewan realised what his responsibilities were and that if anything went wrong the blame will rest upon his shoulders. But here, if anything goes wrong, there is a Cabinet to divide the blame. So, under twothese conditions, the Chief Minister of this State now possessespower which should not be given to any one for his own sake, for the sake of the nation and for the sake of the good administration of this State. How it will be checked is a matter for the conjoint deliberation of this House.

Then, Sir, I want to touch upon one more point before I sit down. For two decades, the rulers of these States have endeavoured to keep the people of these States educated and raising the culturaland educational tone of their population, so-much-so we had our politicians who had the chance of proclaiming to the world that the most educated part in India is Travancore and Cochin. We used to take pride in that. These Rulers succeeded in throwing the spot-light upon these States much to the admiration of the world. We have forgotten past history. But let us not forget the gratitude and gratefulness we owe to the oldregime who ruled over us. During the seven years of our administration, of theGovernment of the people, by the people, for the peo plewhat is the position ? Now a black-spot is thrown upon this land as the most corrupt State in the whole of India. (Hear, hear). Corruption ranged from the Minister down to the peon, and we are engulfed in this dark atmosphere of corruption and bribery. It is a shame, Sir, to call oneself a citizen of this State. When you consider corrupt practices, corruption does not mean taking bribery. Corruption in appointment, corruption in contracts, corruption in selling posts including the biggest posts—all these allegations are made by the public. I have heard, Sir, in this House, people criticising the Ministers. I have read in the newspapers day in and day out about the corruption practised not by Heads of Departments, but by the Official Block and by the Ministerial Block. Was any action taken ? Was any enquiry conducted ? Where are we going to ? Where do all these things take us ? Either we are proceeding gradually to anarchy or we shall stop this. How to stop the corruption is the problem of problems of this State. Unless we tackle this problem, we will not be able to show any improvement in the administration or any improvement in the life of our people. I want this House to consider these aspects very seriously so that they may concert measures to put an end to corruption. I would even go to the length of saying that wherever there is charge of corruption brought against any high officer, an enquiry should be instituted. Unless you do that, we are going to be hunted in the near future.

To what extent have we departed from these principles of good conduct can be explained by the statement of a great publicist in America. He said, speaking of the American politicians, "A merciful providence has fashioned them hallow On purpose, they might their principles swallow"

[Dr. A. R. Menon]

What is the principle on Sunday is not the principle on Monday. In this way we are following our own inclination without any respect to the code of conduct necessary for public life. Unless we establish a high standard of public life, unless corruption is wiped, democracy will not thrive. This land does not produce Abraham Lincolns, but it produces pseudo Mussolinis. Mussolinis and Hitlers waded through the blood of their followers, trampled upon the bodies of their followers to reach the throne. Similarly indications are not wanting in this State that there is a democracy here which is no more a democracy than the democracy that existed under the Dewan's rule. Unless we put an end to all this talk about the budget and this item and that item, there is no use. This Council will be degraded and people will scorn at us as a set of people who have demoralised public morals. We should not expose ourselves to that charge and we must do whatever we can to rectify that mistake before it is too late. As I said it is not a very pleasant topic for me. But unpleasant topics have to be taken up so that pleasant results may ensue in course of time. I myself am not well. I do not want to take any more time of the House. But I only say this. Remember great movements are taking place in this State. A friend of mine said that I do not know the conditions here because I come here occasionally and go away. He was mistaken I feel the pulse of the public here. I know what is taking place here. There is a general discontentment. It is assuming volumes and unless this discontent is controlled in time it may lead to anarchy. This distemper of the public will lead on to disturbance of the peace ending in complete anarchy. Events are moving and shaping themselves in that manner. I do not want to probe into the womb of the future to find out what is in store for us. It may either be a healthy child or it may be a double-headed hunched backed monster to devour all of us. It is for this Assembly to take time by the forelock and bring in a moral atmosphere here. I do not care about the vote. We know how votes are got. Unless we exercise a moral tone upon the administration I tell you—I never predict wrongly in these matters—in the near future you shall be sorry that you have not taken measures in the proper time to check the vagaries of the administration and the vagaries of the Chief Minister. It is only to point out these things that I have given this cut motion.

മി: സ്പീക്കർ: കട്ട്മോഷനെ സംബന്ധിച്ചിടത്തോളം സംസാരിക്കണമെന്നു ഉദ്ദേശിക്കുന്നവർ പത്തു മിനിട്ടിൽ കൂടുതൽ സമയം എടുക്കാൻ പാടില്ലെന്നു ഞാൻ ആദ്യമേ നിർദ്ദേശിച്ചുകൊള്ളുന്നു. ബഡ്ജറ്റിന്റെ പൊതുവിമർശനസമയം സംസാരിക്കാൻ അവസരം ലഭിക്കാത്ത മെംബറന്മാർക്ക് ഇപ്പോഴും സമയം കൊടുക്കേണ്ടിയിരിക്കുന്നതിനാൽ മററുള്ള ബഹുമാനപ്പെട്ട മെംബർമാർ അധികസമയം ഇതു ചർച്ചയ്ക്കുവേണ്ടി എടുക്കാതിരിക്കുന്നതു നന്നായിരിക്കും.

Shri D. Vivekanandan: I move to reduce the total allotment of Rs. 26,28,300 under Demand IX by Re. 1

സർ, ജനാധിപത്യഭരണം ഇവിടെ ആരംഭിച്ചതോടുകൂടി പൊതുഭരണത്തിലെ തകരാറുകൾ ഒഴിവാക്കിക്കൊണ്ടുള്ളൊരു ഭരണം ഇവിടെ നടക്കുമെന്നു നാമൊക്കെ പ്രതീക്ഷിച്ചിരുന്നു. കഴിഞ്ഞ ഏഴെട്ടുകൊല്ലക്കാലമായി മന്ത്രിസഭകൾ മാറിമാറി ഭരണം നടത്തി. പാർട്ടികൾ തന്നെ മാറിമാറി ഭരിച്ചു. എന്നിട്ട് ഇപ്പോഴും പൊതുഭരണത്തിന്റെ കാര്യം നോക്കുമ്പോൾ "ശങ്കരൻ പിന്നെയും തെങ്ങേൽതന്നെ" എന്നാണു സാർ നമ്മുടെ അനുഭവം. പറയുന്നതുകൊണ്ടു പ്രയോജനമില്ലെന്നു പറയുമെങ്കിലും "കോഴിക്കു മുലവരു"മെന്നു പ്രതീക്ഷിക്കുന്നതുപോലെയായിരിക്കുമെന്നു ആക്ഷേപമുണ്ടാവാമെങ്കിലും ഞാൻ ചില വസ്തുതകൾ പ്രസ്താവിക്കാനാഗ്രഹിക്കുന്നു.

ദിവാൻഭരണകാലംതൊട്ടു യാതൊരു മാറ്റവും കൂടാതെ നിലനിൽക്കുന്നൊരു പരാതിയാണ് red tapism. സെക്രട്ടറിയേറ്റിലും മറ്റാഫീസുകളിലുമുള്ള ഫയലുകൾ ചുവപ്പുനാടകൊണ്ട് അയവും അനക്കവും കൂടാതെ കെട്ടിവരിഞ്ഞു മാറ്റിവയ്ക്കുന്ന പതിവ് അതുപടി തുടരുന്നു. സർ, ഈ ചുവപ്പുനാട സമ്പ്രദായം അവസാനിപ്പിക്കുമോ എന്ന്, ഇനിയെങ്കിലും ഈ നശിച്ച രീതിക്കൊരു മാറ്റം വരുത്തുമോ എന്ന്, ഞാൻ മുഖ്യമന്ത്രിയോടു ചോദിക്കുന്നു.

(Mr. Deputy Speaker in the Chair)

ഈ ചുവപ്പുനാടയുടെ തകരാറുകൾ തെളിയിക്കാൻ വേണമെങ്കിൽ ഒട്ടനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാനിപ്പോൾ അതിനു തുനിയുന്നില്ല. ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം പറയാം. ഈ രാജ്യത്തെ കൈത്തറിവ്യവസായം ഉദ്ധരിക്കാനിവിടെ ഒരു പദ്ധതിയുണ്ടാക്കിയിട്ടുണ്ട്. ഇൻഡ്യാഗവണ്മെന്റിന്റെ സെസ്സ്ഫണ്ടു പദ്ധതിയുടെ ഭാഗമാണിത്. സെസ്സ് ഫണ്ടിൽനിന്നും 24 ലക്ഷം രൂപ കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലായി ഇവിടെ ലഭിച്ചു. പത്തുലക്ഷത്തിൽ താഴെമാത്രമാണ് ഇതിനകം ചെലവായത്. എന്താണു, സർ, ഇതിനു കാരണം? ഇവിടത്തെ സർക്കാർ ആഫീസുകളിലെ ചുവപ്പുനാടയുടെ തകരാറല്ലെ ഇത്? ഇവിടെ ഇക്കാര്യത്തിനൊരു പുതിയ ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. അതിനൊരു ജായിന്റ് ഡയറക്ടറുമുണ്ട്. പല കടലാസുകളും ഒപ്പിടുന്നതിനുള്ള അധികാരം ഇനിയും ആ ഡയറക്ടർക്കില്ല. എന്താണു ഇതിന്റെ കാരണമെന്നു മുഖ്യമന്ത്രി അന്വേഷിക്കുമോ? ഹാൻഡ്ലൂം ഡെവലപ്പ്മെന്റാഫീസുകളിൽ കാത്തുകിടക്കുന്ന പാവപ്പെട്ട നെയ്ത്തുതൊഴിലാളികളുടെയും സഹകരണസംഘം പ്രവർത്തകരുടേയും രക്ഷയെ കരുതി ഈ കാര്യത്തിൽ സത്വരമായ ശ്രദ്ധചെലുത്തണമെന്നഭ്യർത്ഥിക്കുന്നു.

വളരെയധികം ജോലികൾ നാടിന്റെ നാനാഭാഗങ്ങളിലുമായി ചെയ്തുതീർക്കാൻ ഉത്തരവാദിത്വമുള്ള ഒരു ഡിപ്പാർട്ടുമെന്റാണ് പി. ഡബ്ലിയു. ഡി. ആ ജോലികൾ കൃത്യമായി ചെയ്യാത്തതിനു എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും പറയാം. ഒരു ചെറിയ ഉദാഹരണംമാത്രം ചൂണ്ടിക്കാണിക്കട്ടെ. ആകെയുള്ള പ്രവർത്തനത്തെപ്പറ്റി അറിയാനുള്ള ഒരു സൂചനയായിരിക്കുമത്.

[ശ്രീ. ഡി. വിവേകാനന്ദൻ]

ഇവിടെ അടുത്തു് വിഴിഞ്ഞം—പൂവാർ റോഡിൽ മുല്ലൂർ എന്ന സ്ഥലത്തു് ഒരു പൊട്ടക്കലുങ്കുണ്ടു്. ആ കലുംകു് നന്നാക്കണമെന്നു് ആവശ്യപ്പെടുന്ന നിവേദനങ്ങൾ വളരെക്കാലമായി നടത്തിയിട്ടുണ്ടു്. ഈ സഭയിലെ ഒരംഗമായതിനുശേഷവും അതിനുമുമ്പും ഞാൻ ഈ കാര്യത്തെപ്പററി മന്ത്രിമാരോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടും അപേക്ഷിച്ചിട്ടുണ്ടു്. വേണ്ടതു ചെയ്യാമെന്നു പറയുകയും കടലാസുകൾ താഴോട്ടു അയക്കുകയും ഉണ്ടായിട്ടുണ്ടു്. പക്ഷേ, ആ കലുംകു് ഇനിയും നന്നാക്കിയിട്ടില്ല. ആഫീസുകളിലെ ചുവപ്പുനാടക്കുള്ളിൽ എവിടെയോ അതു പതുങ്ങിയിരിക്കുന്നുണ്ടാവാം. അതു നന്നായാൽ തങ്ങൾക്കു നേരിട്ടേക്കാമെന്നു സംശയിക്കുന്ന നഷ്ടത്തിന്റെ പേരിൽ ചില ബസ്സുമുതലാളിമാരുടെ പ്രേരണയാണോ ഈ കാലതാമസത്തിനു കാരണമെന്നും സംശയമുണ്ടു്. കാരണമെന്തായാലും, സർ, ഈ രീതി അനാശാസ്യമാണു്, ഇതു തുടരുന്നതു നന്നല്ല. ലോക്കൽ ഡെവലപ്പമെന്റ വർക്കിനും, മൈനർ ഇറിഗേഷൻപ്രവൃത്തനങ്ങൾക്കും നീക്കിവച്ചിരുന്ന തുക ഒട്ടുമുക്കാലും ലാപ്സായിരിക്കുന്നു എന്നു കുറച്ചുമുമ്പു ചോദ്യോത്തരവേളയിൽ പൊതുമരാമത്തുവകുപ്പുമന്ത്രി പറയുന്നതു നാം കേട്ടു. എന്താണു് സർ, ഈ തുക ലാപ്സാകാൻ കാരണം? ചുവപ്പുനാടസമ്പ്രദായമല്ലെ? കൂടുതൽ ഉദാഹരണങ്ങൾ ഞാൻ പറയുന്നില്ല. ഇനിയെങ്കിലും ഈ നയത്തിനൊരു മാററം വരുത്താൻ ഈ മന്ത്രിസഭക്കെങ്കിലും കഴിയുമോ എന്നും അതിനു പരിശ്രമിക്കുമോ എന്നും ഞാൻ മുഖ്യമന്ത്രിയോടു ചോദിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ പെരുമാററത്തെപ്പററി പൊതുജനങ്ങളിൽനിന്നും ഒട്ടേറെ പരാതികൾ ഉയരാറുണ്ടു്. പഴയ മനോഗതി ഇനിയും വിട്ടുമാറിയിട്ടില്ല. ഉദ്യോഗസ്ഥന്മാർ പൊതുജനദാസന്മാരാണെന്ന തത്വം ഇനിയും അനാദരിക്കപ്പെടുകയാണു്. Officers are not masters, but only servants എന്നല്ലെ സർ, പരിഷ്കൃത ഭരണരീതി അനുശാസിക്കുന്നതു്? ആ തത്വം ഇവിടെയും അതിന്റെ മുഴുവൻ അർത്ഥത്തിൽ പ്രാവർത്തികമാവണം. മന്ത്രിമാരുടേയും ഉദ്യോഗസ്ഥന്മാരുടെയും സ്വഭാവശുദ്ധിയെപ്പററിയും, തത്വദീക്ഷയെപ്പററിയും അതു ഏതു രീതിയിലായിരിക്കണമെന്നു സൂചിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ഡാക്ടർ എ. ആർ. മേനോൻ പറയുകയുണ്ടായി. സർ, ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തോടു നൂറുശതമാനവും യോജിക്കുന്നു.

പാർട്ടി പരിഗണനവച്ചുള്ള വിവേചനാരീതിയെപ്പററി എനിക്കൊന്നുപറയാനുണ്ടു്. ഈ സഭയിൽതന്നെ അതു പലപ്പോഴും വ്യക്തമായി കണ്ടുവരികയാണു്. ഇവിടെ നാം വളരെപ്രധാനപ്പെട്ട Land Legislationനെപ്പററി ആലോചനകൾ നടത്തുകയാണു്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നാം പല ബില്ലുകളും സെലക്ടു് കമ്മീററികൾക്കു റെഫർചെയ്തു. ആ കമ്മീററികൾവഴി ഈ രാജ്യത്തെ എല്ലാ അഭിപ്രായങ്ങൾക്കും പ്രാതിനിധ്യം കൊടുക്കാൻ നാം കടപ്പെട്ടവരാണു്. പക്ഷെ ഇവിടെ നടന്ന കമ്മീററികളുടെ രൂപീകരണത്തിൽ എനിക്കു ആക്ഷേപമുണ്ടു്. ഈ സഭയിലെ എല്ലാ കക്ഷികൾക്കും പ്രാതിനിധ്യം കൊടുക്കാൻ ഈ മന്ത്രിസഭ തയാറായിട്ടില്ല. കക്ഷി എത്ര ചെറുതായാലും, ആളെണ്ണം കുറവായിരുന്നാലും അക്കാരണത്താൽ ഒരു കക്ഷിയും അവഗണിക്കാവതല്ല. ആളെണ്ണം

കുറവായതിനു കാരണങ്ങളുണ്ടാവാം. അതിവിടെ പരിഗണിക്കേണ്ട കാര്യമില്ല. പക്ഷേ ഈ രാജ്യത്തെ സംഘടിതരാഷ്ട്രീയാഭിപ്രായങ്ങൾക്കൊക്കെയും ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒരു voice നിഷേധിക്കുന്നതു നന്നല്ല.

Shri Panampilli Govinda Menon: I regret if there is any omission and I am prepared to rectify such mistakes.

Shri D. Vivekanandan: I thank the Chief Minister, Sir, for his statement.

സർ, ഇത്തരം വിവേചനാനയം ഒരു കാര്യത്തിലും തുടരുകയില്ലെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

സർ, ഇപ്പോൾ ഞാൻ പറയുന്നതിൽ അല്പം അസാംഗത്യം ഉണ്ടെന്നു ആദ്യമേ അങ്ങയെ അറിയിച്ചുകൊണ്ടു ഒരു കാര്യം ഇവിടെ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ മന്ത്രിസഭയോടു ഇവിടെ എന്റെ അടുത്തിരിക്കുന്ന ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇതിനകം പ്രകടമാക്കിയ മനോഭാവത്തെപ്പററിയാണ് എനിക്കു പറയാനുള്ളതു്. രണ്ടുദിവസംമുമ്പ് ബഹുമാനപ്പെട്ട ചേർപ്പുമെംബർ പ്രസംഗിച്ചുകൊണ്ടു നിൽക്കുമ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ സ്നേഹിതനായ മുഖ്യമന്ത്രിയെപ്പററി ചില കാര്യങ്ങൾ പറഞ്ഞു. ചേർപ്പുമെംബറും അദ്ദേഹത്തിന്റെ "സ്നേഹിതനായ" മുഖ്യമന്ത്രിയും ലണ്ടനും ചെക്കോസ്ലോവാക്യയും അതുപോലെയുള്ള മററു പല സ്ഥലങ്ങളും കണ്ടിട്ടുള്ളവരാണ്. അവക്കു കിട്ടിയ അവസരമുപയോഗിച്ചു അവർ അവിടത്തെ ഭരണസമ്പ്രദായങ്ങളെപ്പററിയും മററും പഠിക്കാൻ ശ്രമിച്ചിരിക്കുമെന്നും അവരുടെ വിജ്ഞാനഭണ്ഡാഗാരത്തിന് അങ്ങനെ അല്പം മുതൽക്കൂട്ടുണ്ടാക്കാൻ അവക്കു കഴിഞ്ഞിരിക്കുമെന്നും ഞാൻ കരുതുന്നു. അവക്ക് അതിനു കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇവിടെ അതിന്റെ പ്രതിഫലനമെവിടെ എന്നുമാത്രമേ നമുക്കു നോക്കേണ്ടതുള്ളു. ഇവിടത്തെ ഭരണം പുരോഗമനപരമാക്കാൻ അവക്കു കഴിയുന്നോ എന്നാണു നാം പരിശോധിക്കേണ്ടതു്. അതിനു കഴിഞ്ഞില്ലെങ്കിൽ അവരുടെ ആ മഹത്തായ പര്യടനങ്ങളെപ്പററി പ്രകീർത്തനങ്ങൾ നടത്തിയതുകൊണ്ടർത്ഥമില്ല.

ബഹുമാനപ്പെട്ട ചേർപ്പുമെമ്പർ അദ്ദേഹത്തിന്റെ സ്നേഹിതൻ ഒരാപത്തിൽ പെട്ടിരിക്കുകയാണെന്നു പറഞ്ഞു. എ. ജെ. ജോണാകുന്ന പ്രതിലോമതയുടെ മുൾപ്പടർപ്പിൽ കുരുങ്ങിവികസിക്കാനാവാതെ വിങ്ങിഞെരുങ്ങുന്ന പുരോഗമനത്തിന്റെ കുസുമമാണ് പനമ്പിള്ളി എന്നു അർത്ഥംവരുമാറ് അദ്ദേഹം പ്രസംഗിച്ചതായി ഞാനോക്കുന്നു. സർ, ഞാൻ ആ താരതമ്യത്തിൽ വിശ്വസിക്കുന്നില്ല. പനമ്പിള്ളി പുരോഗമനക്കാരനാണെന്നും എ. ജെ. ജോൺ പിന്തിരിപ്പനാണെന്നും തക്കിക്കുന്നതിൽ എന്തർത്ഥമാണുള്ളതു്? ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബറും പനമ്പിള്ളിയുടെ പുരോഗമനപ്രസംഗത്തിൽ അരിശം പ്രകടിപ്പിക്കുന്നതു കേട്ടു. സർ, ഞങ്ങൾക്കീ തക്കത്തിൽ താല്പര്യമില്ല. പനമ്പിള്ളിയും ജോണും ആരാണെന്നു ഞങ്ങൾക്കു നിശ്ചയമുണ്ടു്. അവരേതു താല്പര്യത്തിന്റെ പ്രതിനിധികളാണെന്നും ഞങ്ങൾക്കറിയാം. ഒരേ താല്പര്യത്തിന്റെ രണ്ടു മുഖങ്ങൾമാത്രമാണവർ. ഇവിടെ അധികാരത്തിലിരിക്കുന്ന സ്ഥാപിതതാല്പര്യമാകുന്ന നാണയത്തിന്റെ രണ്ടുവശങ്ങളാണവർ. അതി

[ശ്രീ. ഡി. വിവേകാനന്ദൻ]

ലൊന്നു നല്ലതും മറേറതു ചീത്തയുമാണെന്നു പറയുന്നതിലർത്ഥമില്ല. രണ്ടും ഒരേ മെററീരിയൽകൊണ്ടു വാർത്തെടുത്തിട്ടുള്ള ഒരേ നാണയത്തിൻെറ രണ്ടു മുഖങ്ങൾ മാത്രമാണെന്നേ മനസ്സിലാക്കേണ്ടതുള്ളൂ.

ഇവിടെ പനമ്പിള്ളിയും അവിടെ അഖിലേൻഡ്യയിൽ നെഹ്റുവും ഒരേ താല്പര്യത്തിൻെറ പ്രതിനിധികളായി വാഴുന്നു. നെഹ്റു മുതൽ പനമ്പിള്ളിവരെയുള്ളവർ ഒരേ ആശയത്തിൻെറ, ഒരേ ചിന്താഗതിയുടെ, പ്രചാരകന്മാരാണ്. ഇവിടെ കഴിഞ്ഞദിവസം ശ്രീ. തോപ്പിൽ ഭാസിയുടെ പ്രസംഗത്തിലും പനമ്പിള്ളിയും ജോണും തമ്മിലുള്ള വ്യത്യാസത്തെപ്പററി പറയുന്നതു കേൾക്കാനിടയായി. ഏതാനും കൊല്ലങ്ങൾക്കുമുമ്പ് നെഹ്റുവും പട്ടേലും തമ്മിൽ വ്യത്യാസംകണ്ട കണ്ണുകൾ, ഇപ്പോൾ പനമ്പിള്ളിയും ജോണും തമ്മിൽ അതേ രീതിയിൽ വ്യത്യാസം കാണുമ്പോൾ എനിക്കു് അത്ഭുതമില്ലെങ്കിലും ഖേദം തോന്നുന്നു. ശ്രീ. ചേർപ്പുമെംബർ മുഖ്യമന്ത്രിയെപ്പററി വിമർശനത്തിൻെറ രൂപത്തിൽ സ്തുതിഗീതം മുഴക്കുന്നതു കേട്ടപ്പോൾ അദ്ദേഹമിരിക്കുന്ന ബഞ്ച് ഏതാണെന്നു നോക്കാൻ എനിക്കു പെട്ടെന്നു തോന്നിപ്പോയി. മുഖ്യമന്ത്രി പണ്ടു് കൊച്ചിയിലെ പ്രജാമണ്ഡലത്തിൻെറ മന്ത്രിയായിരുന്ന കാലത്തു് പി–കോ–ബഞ്ചുകളിൽ നിന്നും ഇത്തരത്തിലുള്ള വിമർശനം കേട്ടിരിക്കാനിടയുണ്ടെന്നു ഞാനോർക്കുകയാണ്. ബഹുമാനപ്പെട്ട ചിററൂർ മെംബർ, വന്ദ്യവയോധികനായ ഡാക്ടർ, വളരെ ആവേശത്തോടുകൂടി ഉദ്യോഗസ്ഥന്മാരുടെ പരിശുദ്ധിയെപ്പററി പറഞ്ഞു. അക്രമത്തിനും അഴിമതിക്കും അതീതരായിരിക്കണം ഉദ്യോഗസ്ഥന്മാരും മന്ത്രിമാരുമെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. ഇവിടെ മന്ത്രിമാർ മുതൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥന്മാർ വരെ അഴിമതിക്കാരാണെന്ന ആക്ഷേപത്തിനു് വിധേയരായിട്ടുണ്ടു്. സർ, ആ ആക്ഷേപത്തിനു ഇനിയും അവസരമുണ്ടാവാതിരിക്കാൻ ഈ മന്ത്രിസഭ തയ്യാറാവണമെന്നു് ഞാനഭിപ്രായപ്പെടുന്നു.

സർ, ഇവിടെ ഉദ്യോഗനിയമനത്തിൽ രാഷ്ട്രീയപരിഗണന വയ്ക്കുന്നതായി ധാരാളം പരാതികളുണ്ടു്. ഈ നില ആക്ഷേപാർഹമാണ്. ഉദ്യോഗകുത്തകക്കാരുടെ നിക്ഷിപ്തതാല്പര്യങ്ങളുടെ നിലനിൽപ്പിനു സഹായകമായിട്ടുമാത്രമേ ഇത്തരം വിവേചനാരീതി പ്രയോജനപ്പെട്ടു. അതു തുടരരുതെന്നു ഞാൻ നിർദ്ദേശിക്കുന്നു.

സർ, അവസാനമായി ഒരു കാര്യംകൂടി എനിക്കു പറയാനുണ്ടു്. നമ്മുടെ മന്ത്രിമാരുടെയും, മുൻമന്ത്രിമാരുടെയും ഈ രാജ്യത്തിലെ പൊതുഭരണത്തിൻെറയും കഴിഞ്ഞകാല ചരിത്രത്തിലെ ചില അദ്ധ്യായങ്ങൾ മറിച്ചുനോക്കുമ്പോൾ കറവീണതും, കരിപിടിച്ചതുമായ താളുകൾ പലതും നമുക്കു കാണാം. ലക്ഷക്കണക്കിനുള്ള ഖജനാവു ചോർച്ചകളുടെ കഥകൾ നമുക്കവിടവിടെയായി വായിക്കാൻ കഴിയും. സർ, ഇനിയെങ്കിലും സ്വന്തംപാർട്ടിയിൽപെട്ട അഭിവന്ദ്യനും ഉപദേശിക്കാൻ അർഹതയുള്ളവനുമായ ഡാക്ടർ എ. ആർ. മേനോൻെറ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ, മുൻ കാലത്തുണ്ടായതുപോലെത്തെ ആക്ഷേപങ്ങളും ആരോപണങ്ങളും ഉയരാൻ ഇടവരുത്തരുതെന്നു ഞാൻ ഈ മുഖ്യമന്ത്രിയോടാവശ്യപ്പെടുന്നു. അങ്ങനെയെങ്കിലും ഈ രാജ്യത്തെ

പൊതുഭരണത്തിനു പുരോഗമനപരമായ ഒരു പരിവർത്തനം ഉണ്ടാക്കാൻ ശ്രമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: സർ, ബഹുമാനപ്പെട്ട കോട്ടുകാൽ മെംബർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഡാക്ടർ എ. ആർ. മേനോനും വിവേകാനന്ദനും പറഞ്ഞ കാര്യങ്ങളോടു യോജിച്ചുകൊണ്ടു് അല്പം ചില കാര്യങ്ങളെപ്പററി എനിക്കു ലഭിച്ചിട്ടുള്ള പരിമിതമായ സമയത്തിനകത്തു പറയണമെന്നാണു വിചാരിക്കുന്നതു്. മുഖ്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ ഞങ്ങളുടെ കക്ഷിയെ പ്രത്യേകമായി പരാമർശിച്ചുകൊണ്ടു് ഒന്നു രണ്ടു കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതു അദ്ദേഹത്തിന്റെ പാർട്ടി അധികാരത്തിൽ വന്നതിനാൽ, ഞങ്ങളുടെ പാർട്ടിക്കു് അധികാരം നഷ്ടപ്പെട്ടുപോയതിനാൽ ഞങ്ങൾക്കു് വളരെ അമർഷമുണ്ടു് എന്നാണു്. സർ, ഞങ്ങൾക്കു അമർഷമുണ്ടു്. ഈ കാര്യത്തിൽ എതിരില്ല. പക്ഷെ ഞങ്ങൾക്കു അധികാരം നഷ്ടപ്പെട്ടതുകൊണ്ടല്ല ഞങ്ങൾക്കു അമർഷമുള്ളതു്. നേരേമറിച്ചു് ഈ ഗവണ്മെന്റു് അധികാരത്തിൽ വരുവാൻ അവലംബിച്ച മാർഗ്ഗങ്ങളെപ്പററി ഞങ്ങൾക്കു് വലുതായ അമർഷമുണ്ടു്. ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം കൈക്കൊണ്ടിട്ടുള്ള നടപടികളെപ്പററി ഞങ്ങൾക്കമർഷമുണ്ടു്. ഈ മാതിരിയുള്ള നയം ഗവണ്മെന്റു തുടരുകയാണെങ്കിൽ ഞങ്ങൾക്കുള്ള ഈ അമർഷം ദിനംദിനം വർദ്ധിക്കുകയേയുള്ളു. മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കക്ഷിയും ഈ നയം തുടരുകയാണെങ്കിൽ ഞങ്ങളുടെ അമർഷവും തുടരും എന്നു മാത്രമല്ല തട്ടിക്കളഞ്ഞ കൈ തടവുവാൻ കൊണ്ടുവരുന്ന കൈ പിന്നെയും ശക്തിയായി തട്ടിയെറിയുവാൻ തന്നെ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണു്. ഏതു പരിതസ്ഥിതിയിലാണു് ഈ ഗവണ്മെന്റു അധികാരത്തിൽ വന്നു എന്നുള്ളതിനെപ്പററി വളരെയേറെ വാദപ്രതിവാദങ്ങൾ ഇവിടെ നടക്കുകയുണ്ടായി. കഴിഞ്ഞ 1953 സെപ്ററംബറിൽ ഈ നിയമസഭയുടെ അവിശ്വാസത്തിനു പാത്രമായ അന്നത്തെ മുഖ്യമന്ത്രിയുടെ ഉപദേശം സ്വീകരിച്ചു് നിയമസഭ പിരിച്ചുവിടുകയുണ്ടായി. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. ജെ. ജോണിന്റെ വക്താവായിട്ടു് ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അന്നു നിയമസഭ പിരിച്ചുവിട്ടതിനെ സാധൂകരിച്ചുകൊണ്ടു പ്രസംഗിച്ചു. അന്നു ഐവർ ജന്നിംഗ്സിനെയും മററും ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു് 1924-ൽ റാംസെമാക്ഡോണാൾഡ് ഇംഗ്ലണ്ടിൽ അനുവർത്തിച്ച നയമാണു് ഈ മന്ത്രിസഭയും അനുവർത്തിച്ചതു എന്നാണു്. അതായതു് ന്യൂനപക്ഷകക്ഷിനേതാവായിരുന്നാൽ കൂടി പിരിഞ്ഞുപോകുന്ന മുഖ്യമന്ത്രിക്കു പാർലമെന്റു പിരിച്ചുവിടാൻ ഉപദേശിക്കുവാനുള്ള അധികാരമുണ്ടെന്നാണു് അദ്ദേഹം പറഞ്ഞതു്. നിയമസഭ പിരിച്ചുവിടുന്നതിനെ അന്നു് അനുകൂലിച്ച ഒരു കക്ഷിയാണു് പ്രജാസോഷ്യലിസ്ററു പാർട്ടി. എന്നാൽ 1955 ഫെബ്രുവരി ആയപ്പോൾ അവിശ്വാസത്തിനു പാത്രമായ മുഖ്യമന്ത്രി അസംബ്ലി പിരിച്ചുവിടണമെന്നു പറഞ്ഞപ്പോൾ, അതു പാടില്ലെന്ന വാദഗതിയുമായി ഇന്നത്തെ മുഖ്യമന്ത്രി മുമ്പോട്ടുവന്നു ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നിരിക്കുകയാണു്. അതിലാണു് ഞങ്ങൾക്കു അമർഷമുള്ളതു്. ജനാധിപത്യമര്യാദയെ അവഗണിച്ചുകൊണ്ടു്, ജനാധിപത്യം വളരണമെന്നു ആഗ്രഹി

[ശ്രീ. പി. വിശ്വംഭരൻ]

ക്കുന്ന ആളുകൾക്ക അതു നിഷേധിച്ചുകൊണ്ടു ഈ മന്ത്രിസഭ പ്രവർത്തിച്ചു. ഈ രാജ്യത്തെ പൊതുപ്രവർത്തകന്മാർക്ക വിശ്വാസ്യതയോടുകൂടി രാജ്യസേവനം നടത്തുവാൻ സാധിക്കാത്ത പരിതഃസ്ഥിതി ഇവർ സൃഷ്ടിച്ചു. പൊതുജനപ്രതിനിധികളെ മദ്യനിരോധനം ഇല്ലാത്ത സ്ഥലങ്ങളിൽ കൊണ്ടുപോയി അവരെ ആവധി കാണിക്കുന്ന സമ്പ്രദായത്തിൽ ഞങ്ങൾക്ക അമർഷമാണുള്ളതു്. നിയമസഭാംഗങ്ങളെ മുഖ്യമന്ത്രിയുടെ വസതിയിൽ താമസിപ്പിച്ചു് മെജാരിററി ഉണ്ടാക്കി ഭരിച്ചുകൊണ്ടുപോകാമെന്നുള്ള ആ മനോഭാവത്തിൽ ഞങ്ങൾക്കു് അമർഷമാണുള്ളതു്. ഗവൺമെൻറ രൂപീകരിച്ചതിനുശേഷം വളരെ അധികം സഹകരണാഭ്യർത്ഥനയുമായി കഴിഞ്ഞുകൂടുന്ന മുഖ്യമന്ത്രി എന്താണു ചെയ്തതു് ?

<u>ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള</u> : ആളുകളെ ആവധി കാണിക്കുക എന്നു പറഞ്ഞാൽ എന്താണു് ?

<u>ശ്രീ. പി. വിശ്വംഭരൻ</u> : ചില ആളുകൾ ആവധി കണ്ടിട്ടുണ്ടു് എന്നു ഇവിടെ വീണ്ടും വീണ്ടും പറയുന്നതുകൊണ്ടു ഞാനും പറഞ്ഞതാണു്. മുൻ പി. എസ്സ്. പി. ഗവൺമെൻറ് ജനക്ഷേമകരമായി യാതൊന്നും ചെയ്തിട്ടില്ലെന്നു പറഞ്ഞുകൊണ്ടു് തൊഴിലില്ലായ്മ അവസാനിപ്പിക്കുന്നതിനു് മുൻഗവൺമെൻറ യാതൊന്നും ചെയ്തിട്ടില്ലെന്നു ആരോപണം ഉന്നയിച്ചുകൊണ്ടു് അധികാരത്തിൽ പ്രവേശിച്ച ഈ മന്ത്രിസഭ കഴിഞ്ഞ അഞ്ചാറു് ആഴ്ച കാലങ്ങളിലായി എന്തെല്ലാമാണു ചെയ്തതു് എന്നുള്ളതിനെപ്പററി നാം ആലോചിക്കേണ്ടതാണു്. പ്രജാസോഷ്യലിസ്ററ പാർട്ടിയുടെ നയത്തിൽ നിന്നും പുതിയതായി യാതൊരു നയവും ഈ മന്ത്രിസഭ അവലംബിച്ചിട്ടില്ല. പ്രത്യേകിച്ചും തൊഴിലില്ലായ്മ മുതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പുതുതായി യാതൊരു നടപടികളും ഈ ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ല. എന്നു മാത്രവുമല്ല പി. എസ്സ്. പി. ഗവൺമെൻറ ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ ആ ഗവൺമെൻറചെയ്തു എന്നു സമ്മതിക്കുവാനുള്ള സത്യസന്ധതപോലും ഈ ഗവൺമെൻറിനില്ല. 12
ബെഡ്ഡു് ഒരു ആശുപത്രിക്കുകൊടുക്കുവാനുള്ള പരിപാടിയെപ്പററി മുഖ്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിൽ ഉണ്ടു്. എന്നാൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി ഉള്ള സോയിൽ കൺസർവേഷൻ സ്കീമിനെപ്പററിയോ കാളനൈസേഷൻ പദ്ധതിയെപ്പററിയോ ഒന്നുംതന്നെ പറയുന്നില്ല. എന്നാൽ അതേ അവസരത്തിൽ മുൻ ഗവൺമെൻറ് ചെയ്തിട്ടുള്ള ചില കാര്യങ്ങൾ മാററുക എന്നതു് ഈ ഗവൺമെൻറ ചെയ്തിട്ടുണ്ടു്. മുൻ ഗവൺമെൻറ ചെയ്തിട്ടുള്ള തീരുമാനങ്ങൾ രാജ്യത്തു നടപ്പാക്കുക എന്നുള്ളതു ഏതൊരു ഗവൺമെൻറിൻേറയും കടമയാണു്. ഞങ്ങളുടെ കക്ഷി അധികാരത്തിൽ വന്ന അവസരത്തിൽ ഈമാതിരിയുള്ള നയം എടുത്തിരുന്നുവെങ്കിൽ മുൻ കാൺഗ്രസ്സ് ഗവൺമെൻറിൻെറ ആറുന്നൂറു തീരുമാനങ്ങൾ മാററിക്കളയാമായിരുന്നു. സാമാന്യ മര്യാദയനുസരിച്ചു് ഒരു ഗവൺമെൻറ ചെയ്ത യാതൊരു കാര്യവും നയപരമായ വ്യത്യാസങ്ങളൊന്നുമില്ലെങ്കിൽ മാററാൻ പാടില്ലാത്തതാണു്. പക്ഷെ കക്ഷിതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയും മററും ഇങ്ങനെയുള്ള പല കാര്യങ്ങളും ചെയ്തിട്ടുണ്ടു്. അങ്ങേ അററത്തെ അല്പത്വമാണു് ഈ നടപടികളിൽ കൂടി ഈ ഗവൺമെൻറ് പ്രകടിപ്പിച്ചിട്ടുള്ളതു്. ഇവിടെ ഒരു ഹൈസ്കൂൾ

മാററുന്ന കാര്യം മുൻപൊരു ദിവസം പ്രസ്താവിക്കപ്പെടുകയുണ്ടായി. മുൻ മന്ത്രിസഭയുടെ ഉത്തരവിനെ ഇവർ യാതൊരു കാരണവും കൂടാതെ മാററുകയുണ്ടായി. ഇന്നു എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. യശോധരൻ കായംകുളത്തെ ആശുപത്രിയുടെ കാര്യം പറഞ്ഞു. മുതുകുളത്ത് ഒരു ആശുപത്രി തുറക്കുന്നതിന് നൽകിയിരുന്ന ഉത്തരവ് ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. ഉഴവൂർ എൻ. ഇ. എസ്. ബ്ലാക്ക് കേന്ദ്രം മാററിക്കൊണ്ട് ഉത്തരവിട്ടു. ഇങ്ങനെ പല കാര്യങ്ങളും മാററിക്കൊണ്ടിരിക്കുകയാണ്. അടുത്തതായി പേ കമ്മീഷന്റെ കാര്യമാണ് പറയുവാനുള്ളത്. ഒരു ഗവണ്മെന്റിന്റെ ഉത്തരവു നടപ്പിൽ വരുത്തുന്നതിനു സാധാരണ ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരെയാണു നിയമിക്കേണ്ടതു്. അതു ചെയ്യാതെ ഒരു രാഷ്ട്രീയ നേതാവിനെ പി. സി. സി. പ്രസിഡന്റ് സ്ഥാനത്തിന് മത്സരിക്കുന്നതിൽ നിന്നും മാററി നിറുത്തുന്നതിനു വേണ്ടി പേ കമ്മീഷൻ അംഗമായി നിയമിച്ചു. അഞ്ചരലക്ഷക്കേസ്സിൽ ഇന്നത്തെ മുഖ്യമന്ത്രിയുടെ കൂട്ടുസാക്ഷിയായിരുന്നയാളാണ്. മറെറാരംഗം. അതുപോലെതന്നെ ഹൈക്കോടതിയെപ്പോലെ വളരെ നീതിന്യായത്തോടുകൂടി നിഷ്പക്ഷമായി കാര്യങ്ങൾ നിർവഹിക്കേണ്ട പബ്ലിക് സർവീസ് കമ്മീഷന്റെ ഒരംഗമായി ശ്രീ. എൻ. പി. വർഗീസിനെ നിയമിച്ചു. എനിക്കു അദ്ദേഹത്തോടു പ്രത്യേക വൈരാഗ്യം ഒന്നുമില്ല. എങ്കിലും ഇത്ര അത്യുന്നതമായ ഒരു സ്ഥാനത്തേക്കു മുൻസിഫ് കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന, ഒരു സജീവരാഷ്ട്രീയപ്രവർത്തകനെ, കോൺഗ്രസ് പാർട്ടിയിലെ ഒരംഗമായ ഒരാളെ നിയമിച്ചതു വളരെ തെററായ നടപടിയാണ് എന്നു പറയാതെ തരമില്ല. ഇതിൽ അപ്പുറം അധഃപതിച്ച നടപടി ഉണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഒരുപക്ഷെ നിയമിച്ചതു ഞങ്ങൾ അല്ല രാജപ്രമുഖനാണ് എന്നു മുഖ്യമന്ത്രി പറയുമായിരിക്കും. എന്തായിരുന്നാലും അതും മന്ത്രിസഭയുടെ ഉപദേശാനുസരണം നടന്നതാണെന്നുള്ളതു് വെറും പരമാർത്ഥമാണ്.

<u>ശ്രീ. കെ. പി. ഹാർമിസ്</u>: നിയമസഭയിൽ വളരെക്കാലം മെമ്പറായിരുന്ന ഒരാളാണ് ഇദ്ദേഹം എന്നറിയാമോ?

<u>ശ്രീ. പി. വിശ്വംഭരൻ</u>: അറിയാം. കോൺഗ്രസ്സ് പ്രവർത്തകനാണെന്നും അറിയാം. ഡി. സി. സി. പ്രസിഡന്റായിരുന്നു എന്നുമറിയാം. മൂവാററുപുഴ മുൻസിഫ് കോടതിയിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്ന ആളാണെന്നും അറിയാം.

സർ, വളരെ അധികം വികസനപദ്ധതികളുടെ പരിപാടികൾ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നു എന്നു പറയുന്നു. ഒരുകാര്യംകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കാം. സോഷ്യലിസ്റ്റ് മാതൃകയിലുള്ള സമുദായവ്യവസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്നു എന്നു പ്രഖ്യാപിക്കുന്ന ഈ മന്ത്രിസഭ അതിലേക്കാവശ്യമുള്ള ഒരു വ്യാവസായികനയം രൂപീകരിച്ചിട്ടില്ല. ഏതെല്ലാം വ്യവസായങ്ങളാണ് പ്രൈവററ് സെക്ടറിൽ തുടരേണ്ടതെന്നോ ഏതെല്ലാം വ്യവസായങ്ങൾ നാഷണലൈസ് ചെയ്യണമെന്നോ പറയുന്നില്ല.

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി അധികാരത്തിലിരുന്നപ്പോൾ ഏതൊക്കെയാണ് പ്രൈവററ് സെക്ടറിൽ കൊള്ളിക്കേണ്ടതെന്നു പ്രഖ്യാപിച്ചിരുന്നോ?

ശ്രീ. പി. വിശ്വംഭരൻ: ആ കക്ഷി ഭരണത്തിൽ ഇരുന്നപ്പോൾ ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞ മറുപടിതന്നെയാണ് ഞാനും പറയുന്നത്. ഞങ്ങൾക്കു കിട്ടിയ പരിമിതമായ സമയത്ത് ഞങ്ങൾക്ക് ഈ വിഷയത്തിൽ കാര്യമായി ഒന്നും പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് ശരിതന്നെ. പക്ഷേ, ഞങ്ങൾ ചെയ്തില്ലെന്നുവച്ച് നിങ്ങൾക്കു ചെയ്തുകൂടെ? ഞങ്ങൾക്കു കിട്ടിയിരുന്ന പരിമിതമായ സമയത്തിനുള്ളിൽ നങ്ങളുടെ സഹായത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരുന്ന അക്കാലത്ത് ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ, അതു കുറ്റമാണെങ്കിൽ, കുറ്റമായി സ്വീകരിക്കാം. നിങ്ങൾ ഇന്ന് ആവഡിസോഷ്യലിസം സ്വീകരിച്ചിരിക്കുന്നവരാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 11 മാസക്കാലം പരിമിതമായിരുന്നു എന്നും ഒരു മാസക്കാലം അപരിമിതമായിരിക്കുമെന്നുമാണോ അഭിപ്രായം?

ശ്രീ. പി. വിശ്വംഭരൻ: ഒരു മാസക്കാലമല്ലല്ലൊ. മുമ്പ് അഞ്ചാറു കൊല്ലം ഉണ്ടായിരുന്നില്ലേ?

ഈ രാജ്യത്തെ രണ്ട് പ്രധാനപ്പെട്ട വ്യവസായങ്ങളാണ് കയറും കൈത്തറി നെയ്ത്തും. കയറു വ്യവസായത്തിന് 65 ലക്ഷം രൂപയുടെ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും 50 ശതമാനം കിട്ടുന്ന ഒരു പദ്ധതിയാണ് അത്. നാലുകൊല്ലം കഴിഞ്ഞിരിക്കുന്നു. അടുത്ത കൊല്ലത്തേക്ക് 20 ലക്ഷം രൂപയാണ് ബഡ്ജററു ചെയ്തിട്ടുള്ളത്. ഈ തുക മുഴുവൻ തീർന്നാലും ബാക്കി 30 ലക്ഷം രൂപ അവശേഷിക്കയാണെന്ന് മുഖ്യമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

നെയ്ത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയിൽ ഭൂരിഭാഗവും ചിലവാക്കാതെ ഇരിക്കയാണ്. ഇതിനു പ്രധാന കാരണം സംഘങ്ങൾക്ക് വായ്പയും ഗ്രാൻറും നൽകുന്നതിന് അനുവാദം കൊടുക്കുന്നതിൽ വച്ച് വരുന്ന കാലതാമസമാണ്. ഓരോ സാമ്പത്തികവർഷവും ആരംഭിക്കുന്ന അവസരത്തിൽതന്നെ അനുവദിച്ച തുകകൾ യഥാവിധി ചിലവാക്കുന്നതിന് ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. എം. ഭാസ്കരൻനായർ: ഇന്നത്തെ പരിതഃസ്ഥിതിയിൽ ഭരണനയം രൂപീകരിക്കുന്നതു സംബന്ധിച്ച് ചില കാര്യങ്ങൾ എൻെറ പരിമിതമായ സമയത്തിനുള്ളിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇന്ന് നാട്ടിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനമായിട്ടുള്ളത് തൊഴിലില്ലായ്മയും സാമാന്യജനങ്ങളുടെ ക്രയശക്തിക്കുറവുമാണെന്ന് കാണാൻ കഴിയും. നാട്ടിൽ സമാധാനവും സംതൃപ്തിയും കൈവരണമെങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതു് അത്യാവശ്യമാണ്. ആ പ്രശ്നങ്ങൾക്കു നിവാരണമായുള്ള സകല പരിപാടികളും ഇന്നത്തെ ഗവണ്മെൻറ് ആസൂത്രണംചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. പുരോഗമനപരമായ സാമൂഹ്യനിയമങ്ങൾ നിർമ്മിക്കുന്നതോടൊപ്പംതന്നെ അനവധി വികസനപരിപാടികൾ ആവിഷ്കരിച്ച് പ്രവർത്തിയിൽ കൊണ്ടുവരേണ്ടതും ഈ ഗവണ്മെൻറിൻെറ പ്രധാനപ്പെട്ട ചുമതലയാണെന്നാണ് ഞാൻ കരുതുന്നത്. ഇന്ന് നാട്ടിൽ അങ്ങിങ്ങായി ക്ഷാമം തലപൊക്കിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു് ഒരു യാഥാ

ത്ഥ്യമാണ്. വമ്പിച്ച തൊഴിലില്ലായ്മയും അതുപോലെതന്നെ കാർഷികവിഭവങ്ങളുടെ അപ്രതീക്ഷിതമായ വിലയിടിവുമൂലം ഉണ്ടായിട്ടുള്ള ക്രയശക്തിക്കുറവിനെ നേരിടേണ്ട ഈ സന്ദർഭത്തിൽ ഗവണ്മെൻറ് രാജ്യക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഒരു ഒന്നാംതരം യുദ്ധത്തെപ്പോലെ പണം ചെലവുചെയ്യില്ലെങ്കിൽ നാം സാർവ്വത്രികമായ സാമ്പത്തികത്തകർച്ചയിലേക്ക് വഴുതിവീഴുമെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. അതിനു് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നു് കാര്യമായി ചിന്തിക്കേണ്ട അവസരമാണിതു്. മുൻകൊല്ലങ്ങളെ അപേക്ഷിച്ച് വികസന പരിപാടികൾക്ക് ഇക്കൊല്ലം ബഡ്ജറ്റിൽ പത്തുകോടിയിൽ ചില്വാനം രൂപ ഉൾക്കൊള്ളിച്ചിട്ടുള്ളതു് ബഡ്ജറ്റിൻെറ ഒരു വിശേഷതയാണെന്നു പറയുമ്പോൾ ഈ സഭയുടെ എല്ലാ ഭാഗത്തുള്ളവരും അതിനോടു യോജിക്കുമെന്നാണ് എൻെറ അഭിപ്രായം. ഈ സംഖ്യ ചിലവുചെയ്യുന്നതിൽ അതിനുള്ള റിസോഴ്സ് സംബന്ധിച്ച് യാതൊരു പരിഭ്രമത്തിനും വകയില്ലെന്നും പരിപാടികളുടെ പൂർത്തീകരണത്തിനു് ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർക്ക് വളരെ വിപുലമായ അധികാരങ്ങൾ കൊടുക്കുന്നതാണെന്നും ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി. അതു് അനുമോദനാർഹമാണ്. രാജ്യക്ഷേമകരങ്ങളായ പരിപാടികൾക്കു് ചിലവുചെയ്യുന്നതിനു നീക്കിവച്ചിട്ടുള്ള തുകകളിൽ സിംഹഭാഗവും ചോന്നുപോകാൻ ഇടയായിട്ടുള്ളതു് ഭരണകൂടത്തിൻെറ കുററകരമായ അനാസ്ഥകൊണ്ടാണെന്നു് സഭാതലത്തിൽ പല ഭാഗത്തുനിന്നും കഴിഞ്ഞ ദിവസങ്ങളിൽ പറയുകയുണ്ടായി. ഇതു് വളരെ ലജ്ജാകരമായ ഒരു സംഗതിയാണ്. ഓരോ കൊല്ലവും കമ്മിബഡ്ജററ് അവതരിപ്പിക്കയും ഒടുവിൽ റിവൈസ്ഡ് എസ്റ്റിമേററ് ഹാജരാക്കുമ്പോൾ അതെല്ലാം മിച്ചബഡ്ജററ് ആയി രൂപാന്തരപ്പെടുകയും ചെയ്യുന്ന ഒരു പതിവു് നാം കാണുന്നുണ്ടു്. തീർച്ചയായും രാജ്യക്ഷേമകരങ്ങളായ പരിപാടികൾ ആവിഷ്കരിച്ചു് നടപ്പിൽ വരുത്തുന്നതിനു് ഭരണകൂടം കാര്യക്ഷമമായും, ആത്മാർത്ഥമായും പ്രവർത്തിക്കയും അതേ സമയം പൊതുജനങ്ങളുടെ സഹകരണം സമ്പാദിക്കയും ചെയ്യുകയാണെങ്കിൽ പദ്ധതികൾ വിജയിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇന്നു് ഭരണകൂടത്തിൽ കാണുന്ന കുററകരമായ അനാസ്ഥയ്ക്കു് പല ഉദാഹരണങ്ങളും പറയാനുണ്ടു്. കാർഷികവിഭവങ്ങളുടെ വിലയിടിവു കാരണം കാർഷികജനത അനുഭവിക്കുന്ന കഷ്ടതയ്ക്കു് ഒരു നിവാരണമായി ചെറിയ പലിശയ്ക്കു് പണം കൃഷിക്കാർക്കു് യഥാസമയം കടം കൊടുക്കുക എന്നുള്ളതു് അംഗീകരിക്കേണ്ട ഒരു തത്വമാണ്. അതിൻെറ അടിസ്ഥാനത്തിലാണ് കഴിഞ്ഞ കൊല്ലം, 54—'55-ൽ ഏതാണ്ടു് 20ലക്ഷം രൂപ കാർഷികവായ്പ ഇനത്തിൽ കൃഷിക്കാർക്കു് സ്റ്റേററ് കോവാപ്പറേററീവുബാങ്കുമുഖേന വിതരണംചെയ്യുന്നതിനു റിസർവ്വ്ബാങ്കു അലാട്ടു് ചെയ്തിരുന്നതു്. ഈ സംഖ്യയുടെ വിതരണം തുടങ്ങിയ ജോലികൾ നിയന്ത്രിക്കേണ്ട സ്റ്റാഫിനു് ഒരു നല്ല സംഖ്യ സബ്സിഡിയായി നൽകണമെന്നു് റിസർവ്വ്ബാങ്കിൽനിന്നും ഗവണ്മെൻറു നിർദ്ദേശിച്ചിരുന്നു. അതിലേക്കു് 50000 രൂപ 54—'55-ലെ ബഡ്ജററിൽ വകയിരുത്തിയിരുന്നു. പക്ഷെ, ഒരു പൈ പോലും ആ ഇനത്തിൽനിന്നും ആ ഇൻസ്റ്റിറ്റ്യൂഷനു് കൊടുത്തിട്ടില്ല. അതുകൊണ്ടു് വിഷമമനുഭവിക്കുന്ന സാധുക്കൾക്കു് ഒരു കാശുപോലും കൊടുക്കുന്നതിനു സാധിച്ചില്ലെന്നുള്ളതു് വളരെ ഖേദകരമായ ഒരു പരമാർത്ഥമാണ്. 1955—'56 ബഡ്ജററിൽ 50000

[ശ്രീ. എം. ഭാസ്കരൻനായർ]

എന്നുള്ളതു് കുറഞ്ഞതു് 20000 എന്നായിട്ടുണ്ടു്. അതെങ്കിലും വിതരണം ചെയ്യാൻ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. അതുപോലെതന്നെ സെൻട്രൽ ഗവണ്മെൻറിൽനിന്നും തരുന്ന ഗ്രാൻറ്, സബ്സിഡി, ലോൺ മുതലായ സംഖ്യകൾ യഥാസമയം വാങ്ങി മുഴുവനും ഇവിടെ വിതരണം ചെയ്യുന്നതിനും രാജ്യക്ഷേമകരങ്ങളായ വികസന പരിപാടികൾക്കു് ചിലവാക്കുന്നതിനും ഗവണ്മെൻറ് ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ളതു് ഖേദകരമായ ഒരു പരമാർത്ഥമാണു്.

ശ്രീ. വിദ്യാധരൻ നെയ്ത്തുകാരുടെ സെസ്സ്ഫണ്ടിനെപ്പററി ഇവിടെ പറയുകയുണ്ടായി. വളരെ നിർഭാഗ്യകരമായ അവസ്ഥയാണു് ഇവിടെ തുടർന്നുകൊണ്ടുപോകുന്നതു്. ഈ തുകകളുടെ വിതരണത്തിലൊക്കെ വളരെ നിസ്സാരമായ സാങ്കേതിക തടസ്സങ്ങൾ പറഞ്ഞു് കഴിച്ചുകൂട്ടുകയാണു് ചെയ്യുന്നതു്. ഏതാണ്ടു് 18 ലക്ഷം രൂപ കൈയ്ത്തറിനെയ്ത്തു വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി സെസ്സ്ഫണ്ടിനത്തിൽ അലാട്ടു ചെയ്തിരുന്നതിൽ എട്ടൊൻപതു ലക്ഷത്തിൽ കവിഞ്ഞുള്ള തുക വിതരണം ചെയ്യാൻ ഇടയില്ലെന്നുള്ളതാണു് പരമാർത്ഥം. ഇതിനു പ്രധാനമായി ഒരു സംഗതി ചൂണ്ടിക്കാണിക്കാനുള്ളതു് ഇവിടെയുള്ള കൺട്രോളർ ആഫീസിൽനിന്നും ഈ മാതിരി സംഖ്യകളുടെ വിനിയോഗത്തിൽ വളരെ വളരെ തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നുള്ളതാണു്. എന്റെ സ്നേഹിതൻ ശ്രീ. ദിവാകരൻ അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ ഈ Comptroller-നെ ഉദ്ദേശിച്ചു പറയുകയുണ്ടായി, ഒരു സൂപ്പർ ക്യാബിനററ് ഇവിടെ പ്രവർത്തിച്ചുപോരുന്നുണ്ടെന്നു്. പണം വിനിയോഗിക്കുന്ന കാര്യത്തിൽ മാത്രമല്ല, ഭരണപരമായ കാര്യങ്ങളിൽപോലും അവർ ഇടപെടുന്നതായി എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഈ ആഫീസ്സു് വേണ്ടെന്നല്ല ഞാൻ പറയുന്നതു്. പക്ഷെ, വികസനപ്രവർത്തനങ്ങൾക്കു് സഹായകമല്ലാത്ത ഈ മാതിരി ഇടപെടലുകളെ വളരെ കർക്കശമായി പ്രതിഷേധിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണെന്നാണു് ഞാൻ കരുതുന്നതു്. ഇവരുടെ ഇടപെടൽകൊണ്ടു് വികസനപരിപാടികൾക്കും മററും ഉദ്ദേശിച്ചിട്ടുള്ള തുകകളിൽ പലതും ചിലവാക്കുന്നതിനു വളരെ വളരെ തടസ്സം ഉണ്ടാകുന്നുണ്ടെന്നുള്ളതു് നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ ഖേദകരമാണു്. പിന്നെ വികസനപദ്ധതികൾ നടപ്പിൽവരുത്തുന്നതിൽ പ്രധാനമായി കാണുന്ന തടസ്സം ഡവലപ്പമെൻറ ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള സഹകരണമില്ലായ്മയാണു്. വികസന പ്രവർത്തനങ്ങൾ നടത്തുന്ന പഞ്ചായത്തു്, സഹകരണം, പബ്ലിക്കു് വർക്സ് എന്നീ ഡിപ്പാർട്ടുമെൻറുകൾ എല്ലാംതന്നെ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നാൽ നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അഡ്മിനിസ്ട്രേററീവു് സാംഗ്ഷൻ കൊടുക്കുന്ന കാര്യത്തിലും കാലതാമസം നേരിടുന്നുവെന്നു് ഉദ്യോഗസ്ഥന്മാരോടു ചോദിച്ചാൽ മറുപടി പറയുന്നതു സർവ്വസാധാരണമാണു്. അതു മാററുന്നതിനു് ഒരു കോഓർഡിനേററഡ് എഫർട്ടു് ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അതുപോലെതന്നെ മന്ത്രിമാർ 18 മണിക്കൂറെങ്കിലും ദിവസവും ഊർജ്ജസ്വലതയോടുകൂടി പ്രവർത്തിക്കുന്നതിനു സന്നദ്ധരാകേണ്ടതാണു്. പൊതുജനങ്ങളുമായി സമ്പർക്കം പുലർത്തിക്കൊണ്ടു് വികസനപദ്ധതികളുടെ പ്രവർത്തനരംഗങ്ങൾ സന്ദർശിച്ചു് അപ്പഴപ്പോൾ അവയുടെ പുരോഗതിക്കു് വേണ്ട നിർദ്ദേശം കൊടുക്കുന്നതു്

ആവശ്യമാണെന്നാണ് എനിക്ക ബഹുമാനപ്പെട്ട മന്ത്രിമാരോട പറയാനുള്ളത്.

അടുത്തതായി സക്കാർ ഉദ്യോഗസ്ഥന്മാരുടെ എഫിഷ്യൻസി വളരെ താണുപോയി എന്നുള്ളതാണ്. അതിനു പ്രധാനമായ കാരണം ഇന്നത്തെ റിക്രൂട്ടമെൻറിൻെറ ദൂഷ്യമാണെന്ന് എനിക്ക തോന്നുന്നു. അതിനെപ്പററി പ്രസ്താവിക്കുന്നതു് അപമാനമാണെന്നാണ് എൻെറ തോന്നൽ. വ്യക്തിപരമായും മററു പല പരിഗണനകൾ വച്ചും പബ്ലിക്ക് സവ്വീസ് കമ്മീഷൻ റിക്രൂട്ടമെൻറ നടത്തുന്നതായി പൊതുജനങ്ങളുടെ ഇടയിൽ സംസാരമുണ്ട്. അതുപോലെതന്നെ സക്കാർ ജീവനക്കാരുടെ ഇടയിലുള്ള പോസ്റ്റിംഗ്സ്, പ്രമോഷൻസ് എന്നീ വക കാര്യങ്ങളും പ്രാദേശികമായ അടിസ്ഥാനത്തിലും വ്യക്തിപരിഗണനകളുടെ അടിസ്ഥാനത്തിലും നടന്നുപോരുന്നതായി ഒരു സംസാരമുണ്ട്. അങ്ങിനെ പ്രവത്തിച്ചാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അസംതൃപ്തി ഉണ്ടാകാനിടയുണ്ട്. ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ഇൻറഗ്രേഷൻ ലിസ്റ്റിനെ വിഗണിച്ചുകൊണ്ട് ചില പ്രമോഷൻ നടത്തിയിട്ടുള്ളതായി ചില പരാതികൾ ഉണ്ട്. ഈ മാതിരി പ്രവൃത്തികൾ തുടരുന്നപക്ഷം പൊതുവേ സക്കാർജീവനക്കാരുടെ ഇടയിൽ അസംതൃപ്തി ഉണ്ടാകുകയും അതു കാരണം വികസനപരിപാടികളുടെ പ്രവത്തനത്തിനു വിഘാതം നേരിടുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വികസനപരിപാടികളുടെ വിജയപ്രദമായ പ്രവത്തനത്തിന് പൊതുജനങ്ങളുടെ സഹകരണം ഉണ്ടായിരിക്കണം. എന്നാൽ ഈവിധ സഹകരണം ഉണ്ടാക്കാനുള്ള താല്പര്യം ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്നില്ല. അതു തീർച്ചയായും ജനായത്തവിരുദ്ധമായ ഒരു നടപടിയാണെന്നാണ് എനിക്ക പറയുവാനുള്ളത്. പൊതുജനസഹകരണം വികസനപരിപാടികളുടെ പ്രവത്തനത്തിന് ജനാധിപത്യം നിലവിലിരിക്കുന്ന ഒരു രാജ്യത്ത് അത്യന്താപേക്ഷിതമാണെന്ന് ഗ്രഹിക്കേണ്ടതാണ്. ഒന്നാമതായി ജനങ്ങൾക്ക് അവരുടെ ഉത്തരവാദിത്വം മനസ്സിലാക്കിക്കൊടുക്കുന്നതിനും ഈ കാര്യങ്ങളിൽ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനും അവർ സമൂഹമായി സംഘടിച്ചു പൊതുപ്രവത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഒരവസരം കൊടുക്കുകയായിരിക്കും. അതു മാത്രമല്ല, നമ്മുടെ ആളുകളുടെ ഇടയിൽ വേരൂന്നിയിട്ടുള്ള അലസമനോഭാവം മാററുന്നതിനും, ജനായത്തസിദ്ധാന്തങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ സ്വാശ്രയശീലം ജനങ്ങളിൽ ഉണ്ടാക്കുന്നതിനും ഇതു സഹായകമായിരിക്കുന്നതാണ്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

ഭൂനയബില്ലുകളും മററും നിയമങ്ങളായി പ്രവർത്തനത്തിൽ വരാൻ പോകുന്ന ഈ സന്ദർഭത്തിൽ താലൂക്ക കച്ചേരികളിലും, പകുതിക്കച്ചേരികളിലും ഈ ബില്ലുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ റിക്കാർഡുകൾ യാതൊന്നും ഇല്ലാതായിട്ട് കാലങ്ങൾ വളരെയായി. അതിനെപ്പററി ശ്രദ്ധിക്കാനോ അതിനു ഏതെങ്കിലും പരിഹാരമുണ്ടാക്കാനോ ആരുംതന്നെ സന്നദ്ധരല്ലെന്നുള്ള ഒരു പരിതഃസ്ഥിതിയിൽ എത്തിച്ചേർന്നിട്ടുണ്ട്. പട്ടയം, തണ്ടപ്പേർ, വസ്തുക്കളുടെ പ്ലാൻ ഇവയൊന്നുംതന്നെ പല വില്ലേജാഫീസുകളിലും ഇല്ലാതായിത്തീർന്നിട്ടുണ്ട്. മുമ്പ്

[ശ്രീ. എം. ഭാസ്കരൻ നായർ]

പഞ്ഞുകൊല്ലത്തിലൊരിക്കൽ ഇവയെല്ലാം പുതുക്കി തയ്യാറാക്കുന്ന പതിവുണ്ടായിരുന്നു. ഈ രേഖകളെല്ലാം വളരെ അത്യാവശ്യമായിട്ടുള്ളതാണു്. അതെല്ലാം ഉടൻതന്നെ തയ്യാറാക്കുന്നതിനു് കുറെ ആളുകളെ നിയമിക്കുകയാണെങ്കിൽ തൊഴിലില്ലായ്മയ്ക്കും ഒരു ചെറിയ പരിഹാരമായിരിക്കും. ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോർജ്: സർ, ഡാക്ടർ എ. ആർ. മേനോൻ ഇവിടെ പ്രകടിപ്പിച്ച ചില അഭിപ്രായങ്ങളോടു യോജിച്ചുകൊണ്ടാണു് ഇവിടെ ചില സംഗതികൾ പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നതു്.

സർ, ഈ രാജ്യത്തു് 1947-നുശേഷം അതായതു് കാൺഗ്രസ്സു് അധികാരത്തിൽ വന്നതിനുശേഷം, രാമരാജ്യം, ക്ഷേമരാഷ്ട്രം എന്നൊക്കെ ഓരോന്നും കഴിഞ്ഞിട്ടു് ഇന്നു് സോഷ്യലിസത്തിലേയ്ക്കു കാൽവച്ചിരിക്കുന്ന ഒരു സ്ഥിതിയാണു് സംജാതമായിരിക്കുന്നതു്. ഇതൊക്കെയായാലും ഇവിടെ യാതൊരു മാററവും തന്നെ ഉണ്ടായിട്ടില്ല. മുൻപുണ്ടായിരുന്ന ഭരണയന്ത്രത്തിൽ യാതൊരു മാററവും വന്നിട്ടില്ലാ എന്നുള്ളതാണു് എന്റെ പ്രധാന പരാതി. പഴയ ഉദ്യോഗസ്ഥമേധാവിത്വം തന്നെയാണു് ഇന്നും നിലനിൽക്കുന്നതു്. ആ പഴയ രീതിയിൽത്തന്നെ മുന്നോട്ടുപോകുന്ന ഒരു കാഴ്ചയാണു് സെക്രട്ടേറിയററിൽ ഇപ്പോഴും നാം കാണുന്നതു്. ഈ നാട്ടിൽ ജനകീയഭരണം നടപ്പിലായിട്ടുണ്ടു് എന്നു് തോന്നുന്നതരത്തിൽ യാതൊരു വ്യത്യാസവും ഭരണയന്ത്രത്തിൽ വരുത്തിയിട്ടില്ല. അതാണു് ഇവിടെയുള്ള സാധാരണ ആളുകളുടെ അനുഭവം. ദിവാൻ ഭരണത്തിന്റെ സ്ഥാനത്തു് നമ്മുടെ ജനപ്രതിനിധികളായിട്ടുള്ള കുറെ ആളുകൾ മന്ത്രിമാരായി വന്നിട്ടുണ്ടു് എന്നുള്ളതിൽക്കവിഞ്ഞു് ഈ രാജ്യത്തെ സാധാരണ ജനങ്ങളുടെ നിലവാരത്തിനു് യാതൊരു മാററവും വന്നിട്ടില്ല എന്നുള്ളതു് പച്ച പരമാർത്ഥമാണു്. ഈ രാജ്യത്തെ ഭരണയന്ത്രത്തിനു് ഈ നാട്ടിലെ സാധാരണക്കാരന്റെ നേരേയുള്ള മനോഭാവത്തിനു് എന്തു മാററമാണു് വന്നിട്ടുള്ളതു് എന്നാണു് ഞാൻ ചോദിക്കുന്നതു്. ആ മനോഭാവത്തിനു മാററം വന്നില്ലെങ്കിൽ ജനങ്ങൾക്കു് യാതൊരു ഗുണവും സിദ്ധിക്കാൻ പോകുന്നില്ല. അതിനുള്ള കാരണം ഈ ഭരണയന്ത്രം ഏതു താല്പര്യങ്ങൾ സംരക്ഷിക്കാനാണോ നിലവിൽ വന്നിരുന്നതു്, അതേ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മാത്രമാണു് അതു് ഇന്നും നിലകൊള്ളുന്നതു്. സാമ്രാജ്യത്വഭരണം നിലനിന്നിരുന്ന കാലത്തു് ജനങ്ങളെ മർദ്ദിക്കാനും ചൂഷണം ചെയ്യാനും ഉള്ള ഒരു സിസ്റ്റം ഉണ്ടായിരുന്നതിനു യാതൊരു കോട്ടവും തട്ടിയിട്ടില്ല, അന്നത്തെ മനോഭാവത്തിനും മാററം വന്നിട്ടില്ല.

ഇവിടത്തെ വലിയ കുറെ ഉദ്യോഗസ്ഥന്മാർക്കു് ഐ. സി. എസ്സു്. എന്ന പേരുമാററി വേറെ ഒരു പേരു ഉണ്ടാക്കി എന്നുമാത്രം. ഉദ്യോഗസ്ഥന്മാരുടെ സ്ഥാനത്തു് രാഷ്ട്രീയനേതാക്കന്മാർ മന്ത്രിമാരായി വന്നതു് നാട്ടുകാർ സമരം ചെയ്തുകൊണ്ടാണു്. എന്നാൽ ഇവിടത്തെ ഉദ്യോഗസ്ഥമേധാവിത്വം ഇന്നും നിലനില്ക്കുകയാണു്. അതു് അവസാനിപ്പിക്കുവാൻ നമ്മുടെ മന്ത്രിമാർക്കു സാധിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. സർ, പരമാർത്ഥം പറയുകയാണെങ്കിൽ സിക്രട്ടേറിയററിലുള്ള ഉദ്യോഗസ്ഥ

ന്മാർക്ക് എം. എൽ. എ. മാരെപ്പററിയും മന്ത്രിമാരെപ്പററിയും അവജ്ഞയാണ്. മന്ത്രിമാർക്ക് എന്തറിയാം, ഒന്നും അറിഞ്ഞുകൂടാ എന്നാണ് അവരുടെ ഭാവം. മന്ത്രിമാർ പറഞ്ഞു എന്ന് പറഞ്ഞാൽപ്പോലും അവർക്ക് വകയില്ല. ഈ സ്ഥിതി മാററുവാൻ ഇന്നത്തെ ഇവിടത്തെ ഭരണത്തിന് സാധിച്ചിട്ടില്ല.

സർ, ഇന്ന തിരുവിതാംകൂർ-കൊച്ചീസംസ്ഥാനം ഭരിക്കുന്നത് ആരാണ് എന്നു ചോദിച്ചാൽ പൊതുവേ, ഭരണഭാരം വഹിക്കുന്നത് ചീഫ് മിനിസ്റ്റർ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനവനും അദ്ദേഹത്തിന്റെ മന്ത്രിസഭയും ആണെന്നു സാധാരണക്കാരായ ആളുകളുടെ ദൃഷ്ടിയിൽ തോന്നും, എങ്കിലും അതല്ല യാഥാർത്ഥ്യം. അതിന്റെ പിന്നിൽ വേറൊരു പരമാർത്ഥമുണ്ട്. എന്നോടു ചോദിച്ചാൽ ഞാൻ പറയും, ഞാൻ ഉറപ്പിച്ചുപറയും ഐ. ജി. ശ്രീ. ചന്ദ്രശേഖരൻ നായർ ആണ് ഈ സംസ്ഥാനം ഭരിക്കുന്നതെന്ന്, രഹസ്യമായി ചോദിച്ചാൽ അദ്ദേഹവും അതു സമ്മതിച്ചേയ്ക്കും. സർ, ഈ സംസ്ഥാനം ഒരു പോലീസ് സ്റ്റേററ് ആയി മാറിക്കൊണ്ടിരിക്കുകയാണ്. അല്ല മാറിക്കഴിഞ്ഞിരിക്കുകയാണ് എന്നു പറഞ്ഞാൽപ്പോലും തെററില്ല. ഇവിടത്തെ പോലീസിനെ എതിർത്തുകൊണ്ട് മന്ത്രിമാർക്ക് ഈ നാട്ട് ഭരിക്കാൻപോലും ഒക്കുകയില്ല. ഈ സ്ഥിതി മാററുവാൻ ഇതേവരെ മന്ത്രിസഭയ്ക്കു കഴിഞ്ഞിട്ടില്ല. ഈ അവസ്ഥ മാററാതെ ഇവിടെ ഭരണം ഇങ്ങനെ തന്നെ തുടർന്നുപോകുന്നത് രാജ്യത്തിനു വലിയ അപകടമാണ്, അതു് നാട്ടിനോട് ചെയ്യുന്ന ഒരു വലിയ ദ്രോഹമാണ്. സർ സി. പി. യുടെ ഭരണകാലത്തു് ഇവിടെ മർദ്ദിക്കുന്നതിന് പേരു കേട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ ധാരാളം ഉണ്ടായിരുന്നു. ദിവാൻഭരണം അവസാനിച്ചു ജനകീയഭരണം നടപ്പിൽ വന്നു. ജനകീയഭരണം വരുന്നു എന്നു കേട്ടപ്പോൾത്തന്നെ, ഈ പോലീസുകാർ കിടുങ്ങിത്തുടങ്ങി. എന്നാൽ കാൺഗ്രസ്സ് മന്ത്രിസഭ ഭരണം തുടങ്ങിയപ്പോൾ, അന്നത്തെ പ്രധാനമന്ത്രി പോലീസുകാരോട് പറഞ്ഞു, നിങ്ങൾ അശേഷം ഭയപ്പെടേണ്ട, പഴയപടി നിങ്ങളുടെ നയം തുടർന്നുകൊള്ളു എന്ന്. പോലീസിന്റെ മൊറാൽ നശിപ്പിക്കരുതെന്നായിരുന്നു അന്നത്തെ മുഖ്യമന്ത്രിയുടെ അഭിപ്രായം. ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ മന്ത്രിസഭകളുടെയും അഭിപ്രായം അതുതന്നെ. പോലീസിന്റെ മനോവീര്യം നശിപ്പിക്കാതിരിക്കുവാൻ ഉൽക്കണ്ഠയുള്ള നമ്മുടെ മന്ത്രിമാർക്ക്, ഈ നാട്ടിലെ പൊതുജനങ്ങളുടെ മനോവീര്യത്തിന്റെ കാര്യത്തിൽ യാതൊരു ഉൽക്കണ്ഠയും ഇല്ല. പോലീസിന്റെ മനോവീര്യം സംരക്ഷിക്കുന്നതു് കാൺഗ്രസ്സിന്റെ വർദ്ധതാല്പര്യത്തിന് ഏററവും യോജിച്ചതാണ്. നാട്ടിലെ പൊതുജനങ്ങളുടെ മനോവീര്യത്തെ അടിച്ചമർത്തിക്കൊണ്ട്, മർദ്ദനവിദഗ്ദ്ധന്മാരായ പോലീസുകാരുടെ ആത്മവീര്യം വർദ്ധിപ്പിക്കണമെന്നാണ് അവരുടെ അഭിപ്രായം. പോലീസിന്റെ മനോവീര്യം നിലനിറുത്തിക്കൊണ്ടുതന്നെ ഭരണം നടത്തണമെന്നുള്ള പഴയ അഭിപ്രായം തന്നെയാണ് ഇന്നും ഉള്ളതു്. ഇപ്പോഴത്തെ പോലീസ് മന്ത്രിയും ഈ അഭിപ്രായംതന്നെ ഇക്കഴിഞ്ഞ ദിവസം ഇവിടെ പറയുകയുണ്ടായി. ഈ രീതി ഉടനെ മാററണം സർ. ഈ രീതി മാററിയെങ്കിൽ മാത്രമെ ജനകീയഭരണം ഉണ്ടാകുകയുള്ളു. സോഷ്യലിസം ഉടൻ നടപ്പിലാക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. അതു് ഇപ്പോൾ സാദ്ധ്യമല്ല. നാട്ടിലെ ഉൽപ്പാദനം എത്രയോ വർദ്ധിക്കണം, ജനങ്ങളുടെ ക്രയശക്തി വർദ്ധിക്കണം, അക്കാലത്തു മാത്രമെ സോഷ്യലിസത്തെ

[ശ്രീ. കെ. സി. ജോർജ്ജ്]

പ്പറ്റി ചിന്തിക്കാൻ ഞങ്ങൾ തയ്യാറുള്ള. അതിനു മുൻപ് യഥാർത്ഥ ജനാധിപത്യമാണ് ഉണ്ടാകേണ്ടത്. അതിനു പ്രധാനമായി പൊതുജനങ്ങളുടെ സഹകരണം ആവശ്യമാണ്. പക്ഷെ ആ സഹകരണം ലഭിക്കുന്നതിനു തടസ്സമായിട്ടാണ് ഇന്നത്തെ ഈ ഭരണയന്ത്രം പ്രവർത്തിച്ചുവരുന്നത്. ഇന്നു് അധികാരം മുഴുവനും ഗവണ്മെന്റ് കയ്യടക്കി വച്ചിരിക്കുകയാണ്. സർ, നമ്മുടെ നാട്ടിൽ അനേകം പഞ്ചായത്തുകൾ ഉണ്ട്; മുനിസിപ്പാലിററികൾ ഉണ്ട്. ഇവയ്ക്കെല്ലാം ഭരണപരമായ കാര്യങ്ങളിൽ കൂടുതൽ അധികാരം കൊടുക്കണം. ഇന്നത്തെ ഗവണ്മെന്റ് അതിനെതിരാണ്. അധികാരം മുഴുവനും ഗവണ്മെന്റിനുതന്നെ അടക്കിവയ്ക്കണം. പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നല്കണമെന്നുള്ള കാര്യത്തെപ്പററി ഈ നിയമസഭയിൽത്തന്നെ എല്ലാ വിഭാഗക്കാരും പറഞ്ഞിട്ടുള്ളതാണ്. കോവാപ്പറേറീവ് സൊസൈററികളിൽ പോലും ഗവണ്മെന്റിന്റെ അധികാരമാണ് അവസാനം നിലനിൽക്കുന്നതു്; മുനിസിപ്പാലിററികളിലും അപ്രകാരംതന്നെ. പഞ്ചായത്തുകൾക്ക് കൂടുതൽ ഭരണാധികാരം നല്കാൻ നിവൃത്തിയില്ലെങ്കിൽ അവയ്ക്കു് ഇന്നുള്ള അധികാരമെങ്കിലും ഉപയോഗിക്കുന്നതിൽ തടസ്സം ചെയ്യാതിരുന്നാൽ കൊള്ളാം. അവയുടെ പ്രവർത്തനങ്ങൾ പോലീസുകാരെക്കൊണ്ടു തടയാതിരുന്നാൽ കൊള്ളാം. അവിടെയും ഇന്നു പോലീസ് ഭരണമാണ് നടക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി വിശദമായ വിവരങ്ങൾ തരാമോ; പഞ്ചായത്തുകാര്യങ്ങളിൽ പോലീസു് ഇടപെട്ടു് തടസ്സം ചെയ്തിട്ടുള്ളതിനെപ്പററി ഒന്നു എക്സ്പ്ലെയിൻ ചെയ്യാമോ?

ശ്രീ. കെ. സി. ജോർജ്ജ്: പറയാം. പുന്നപ്ര പഞ്ചായത്തിൽനിന്നും പോലീസ് സഹായം ആവശ്യപ്പെട്ടപ്പോൾ, നിയമമനുസരിച്ചു് യാതൊന്നുംതന്നെ പോലീസു് ചെയ്തിട്ടില്ല. നേരെമറിച്ചു് അതാവശ്യപ്പെട്ട പഞ്ചായത്തു് പ്രസിഡന്റിനെ അറസ്റ്റ് ചെയ്കയാണ് ചെയ്തതു്. ഇതിനെപ്പററി ഞാൻ ഇവിടെ പരാതിപ്പെട്ടിട്ടുണ്ട്. ഉള്ളൂർ പഞ്ചായത്തിൽ പോലീസ് ഇടപെട്ടു് അവിടത്തെ പ്രസിഡന്റിനേയും മററും തെറിപറഞ്ഞ കാര്യത്തെപ്പററി ഈ സഭയിൽത്തന്നെ പരാതി വന്നിട്ടുള്ളതാണ്. എനിക്കു സമയമില്ല, ഉണ്ടെങ്കിൽ പഞ്ചായത്തുകളിൽ പോലീസു് ഇടപെട്ടിട്ടുള്ള സംഗതികളെക്കുറിച്ചു് ഒരു വലിയ പട്ടിക തരാമായിരുന്നു. ഇങ്ങനെ പോലീസുദ്യോഗസ്ഥരുടെ അക്രമങ്ങളെയും അഴിമതികളെയും അനാവശ്യമായ ഇടപെടലുകളെയും പററി ഇവിടെ ഞങ്ങൾ പരാതിപ്പെട്ടപ്പോൾ, പോലീസുകാർ ചെയ്യുന്നതെല്ലാം ശരിയാണെന്നാണ് മറുപടി ലഭിക്കാറുള്ളതു്. ജനപ്രതിനിധികൾ ഇവിടെ ഉത്തരവാദിത്വത്തോടുകൂടി പറയുന്നതു് വിശ്വാസമില്ല. പോലീസുകാരൻ പറയുന്നതുമാത്രമെ വിശ്വസിക്കൂ അതാണ് സ്ഥിതി.

അതുമാതിരിതന്നെ പ്രാദേശികസ്വയംഭരണത്തിന്റെ നില എന്താണ്. സാമ്രാജ്യത്വം ഭരിച്ചിരുന്ന കാലത്തു് പ്രാദേശികസ്വയംഭരണത്തിന്റെ പേരിൽ പഞ്ചായത്തുകളും മുനിസിപ്പാലിററികളുമുണ്ടാക്കി. പക്ഷെ അധികാരം മുഴുവൻ ഉദ്യോഗസ്ഥന്മാരുടെ കയ്യിലായിരുന്നു. ഇന്നത്തെ സ്ഥിതി അതിൽനിന്നു മെച്ചമാണെന്നു പറയാൻ കഴിയുമോ? ഇല്ല

സർ, ന്യായമായിട്ടുള്ള അധികാരങ്ങൾ അവയ്ക്കു നൽകാതെ ഗവണ്മെൻറ് അമിതമായ അധികാരം കയ്യടക്കിവച്ചിരിക്കുന്നതാണ് അതിനും കാരണം. അതുകൊണ്ട് മുനിസിപ്പാലിററികൾക്കും മററും കൂടുതൽ അധികാരം നൽകിയാൽ പ്രാദേശികകാര്യങ്ങൾ കുറെക്കൂടി ഭംഗിയായി നടത്താൻ കഴിയും.

ഇനി ഇവിടത്തെ പബ്ലിക്കസർവീസിനെപ്പററി നോക്കാം. ഈ രാജ്യത്തിൻെറ പുരോഗതിക്ക് വളരെ അധികം സംഭാവന ചെയ്തിട്ടുള്ള ചില വിഭാഗക്കാരെ ഉദ്യോഗനിയമനങ്ങളിൽനിന്നും മാററി നിറുത്തുന്നതായി പരാതിയുണ്ടായിട്ടുണ്ട്. പബ്ലിക്കസർവ്വീസുകമ്മീഷൻ ഒരാളെ ഉദ്യോഗത്തിലേയ്ക്കു സെലക്ട് ചെയ്തുകഴിഞ്ഞതിനുശേഷം അയാളെ ഉദ്യോഗത്തിൽ നിയമിക്കണോ, വേണ്ടയോ എന്നു അവസാനതീരുമാനം ചെയ്യേണ്ടതു് ഒരു പോലീസു കാൺസ്റ്റബിളാണ്. ഇക്കാര്യത്തെപ്പററി കൗമുദി, സഹോദരൻ മുതലായ പത്രങ്ങളിൽ രണ്ടുമൂന്നുദിവസങ്ങൾക്കുമുൻപ് മുഖപ്രസംഗങ്ങൾ ഉണ്ടായിരുന്നു. ഇന്നലെ ഇവിടെത്തന്നെ ഒരു മെംബർ ഇതിനെപ്പററി പറയുകയുണ്ടായി. ഉദ്യോഗം ലഭിക്കണമെങ്കിൽ, കമ്മ്യൂണിസ്റ്റാണെന്നു രേഖപ്പെടുത്താതിരിക്കണമെങ്കിൽ, അതിനു ചില്ലറ കൈക്കൂലിയും മററും കൊടുക്കണമെന്നു്. അതുകൊണ്ടാണ് ഇതൊരു പോലീസ് സ്റ്റേററാണെന്നു ഞാൻ പറയുന്നതു്. എങ്ങനെയായാലും ശരി, രാഷ്ട്രീയപരിഗണനകൾ വച്ചുകൊണ്ടു് ചില വിഭാഗക്കാരെ ഉദ്യോഗത്തിൽനിന്നും ഒഴിവാക്കുന്നതു ശരിയല്ല. മന്ത്രിമാർ ഈ മനോഭാവം മാറേറണ്ട സമയം വൈകിയിരിക്കുന്നു.

ഇവിടെ ഒരു അഷ്വറൻസു കമ്മിററി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിററിയിൽ മന്ത്രിമാർ ജനപ്രതിനിധികളോടു ചെയ്യുന്ന വാഗ്ദാനങ്ങളിൽ അൻപതുശതമാനംപോലും നിറവേററിയിട്ടില്ല എന്ന് അതിൻെറ റിപ്പോർട്ടു പരിശോധിച്ചുനോക്കിയാൽ കാണാൻകഴിയും. കമ്മിററിയിൽ ഹാജരാകണമെന്നു ചില ഉദ്യോഗസ്ഥന്മാർക്ക് എഴുതി അയച്ചാൽ അവർ അതിനു മറുപടി പോലും അയയ്ക്കുകയില്ല. അവർക്ക് ആരെയും വകവയ്ക്കേണ്ട ആവശ്യമില്ല; അതുകൊണ്ടാണ്. എനിക്കു ഒരു പ്രത്യേക ഉദ്യോഗസ്ഥനെപ്പററി പറയേണ്ടിവന്നതിൽ ഖേദമുണ്ട്. എസ്റ്റിമേററ കമ്മിററിയിൽ ഒരു ഉദ്യോഗസ്ഥൻ വരണമെന്നു പലതവണ എഴുതിയിട്ടാണ് അവസാനം ആ ഉദ്യോഗസ്ഥൻ ഹാജരായതു്. എന്തിനാണീ കമ്മിററിക്കു പോകുന്നതെന്നുള്ള ഒരു മനോഭാവമാണ് അതിനു കാരണം. ഈ രീതിയിൽ ഇവിടുത്തെ ഭരണം മുന്നോട്ടുപോകുകയാണെങ്കിൽ ജനാധിപത്യം ഇവിടെ വളരുകയില്ല. ശ്രീ. എ. ആർ. മേനോൻ പറഞ്ഞതുപോലെ ഇതൊരു ഫാസിസ്റ്റ് രാജ്യമായി വളരും. അതുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ മുഴുവൻ എതിർക്കുകയാണ്.

ശ്രീ. കെ. എം. ജാഞ്ജ്: സർ, ഡാക്ടർ എ. ആർ. മേനോൻെറ ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ സംബന്ധിച്ചു് അനുകൂലമായും, പ്രതികൂലമായും ധാരാളം വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. എൻെറ അഭിപ്രായത്തിൽ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മാത്രമല്ല, ഇൻഡ്യയെ സംബന്ധിച്ചിടത്തോളവും ഏററവും പ്രാധാന്യമേറിയ

[ശ്രീ കെ. എം. ജോർജ്ജ്]

ഒരു ഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. ഈ ബഡ്ജററ് ഇതിനുമുൻപൊരിക്കലും ഈ നിയമസഭയിൽ ഉണ്ടായിട്ടില്ലാത്ത വിധം അത്ര സുപ്രധാനവും, നിർമ്മാണാത്മകമായ പരിപാടികൾ ഉൾക്കൊണ്ടിട്ടുള്ളതായ ഒന്നാണെന്നും ഞാൻ അനുസ്മരിക്കുകയാണ്. ഇവിടെ ചില സ്നേഹിതന്മാർ ബഡ്ജററ വിമർശനവേളയിൽ, ഈ ബഡ്ജററിൻെറ ശുപഭദ്രതക്കുറവിനെയും, സ്ഥായീഭാവക്കുറവിനെയും പരാമർശിച്ചു സംസാരിക്കുകയുണ്ടായി. ഇത്ര കൂടുതൽ കമ്മിയുള്ളതും, രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾ ഉൾക്കൊള്ളുന്നതുമായ ഒരു ബഡ്ജററ് തിരുവിതാംകൂർ-കൊച്ചിയുടെ ചരിത്രത്തിൽ വിദഗ്ദ്ധമായി ആസൂത്രണം ചെയ്തിട്ടില്ലെന്നുള്ളതു് ഒരു വസ്തുതമാത്രമാണ്. ഈ സംസ്ഥാനത്തെ 93 ലക്ഷം ജനങ്ങളെ സംബന്ധിച്ചിടത്തോളവും വിധിനിർണ്ണായകമായ ഒരു ബഡ്ജററാണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളതു് വിസ്മരിക്കാത്തക്കതല്ല.

സർ, രാഷ്ട്രനിർമ്മാണപരമായ വളരെ അധികം തുകകൾ, ഈ രാജ്യത്തിൻെറ സുസ്ഥിതിയെ ലക്ഷ്യമാക്കി—ഇന്നു് നമ്മെ അഭിമുഖീകരിക്കുന്ന വിവിധ വിഷമപ്രശ്നങ്ങളെ നേരിടുന്നതിനു ആസൂത്രണംചെയ്തിട്ടുള്ള ഒരു ബഡ്ജററെന്ന നിലയിൽ ഇതൊരു വിജയമാണെന്നു പറയുമ്പോൾ ഈ ബഡ്ജററിൻെറ പുരോഗമനാത്മകമായ സ്വഭാവത്തെ ഏററക്കുറെ മനസ്സിലാക്കാവുന്നതാണ്. രാഷ്ട്രത്തിൻെറ സാർവ്വത്രികമായ ക്ഷേമവും ജനതയുടെ സർവ്വതോന്മുഖമായ പുരോഗതിയുമാണ് നാം എല്ലാവരും അഭിലഷിക്കുന്നതെങ്കിൽ, ഈ ബഡ്ജററിൻെറ നിർമ്മാണാത്മകമായ സ്വഭാവത്തെ ആദരിച്ചു് ഇതിൻെറ വിജയത്തിനുവേണ്ടി സഹകരിക്കുകയാണ് വേണ്ടതു്. വിമർശനത്തിനുവേണ്ടി മാത്രം വിമർശിക്കുന്ന ഒരു നയം ചിലർ അവലംബിക്കുന്നതു് ജനങ്ങളോടു ചെയ്യുന്ന ഒരു ദ്രോഹമായിരിക്കും. പാർട്ടിതാല്പര്യത്തെമാത്രം മുൻനിർത്തി പൊതുപ്രശ്നങ്ങളുടെ നേരെ കൊഞ്ഞനം കാണിക്കുന്നതു രാജ്യദ്രോഹപരമായ ഒരു നടപടിയാണ്. രാജ്യക്ഷേമത്തിൻെറ പേരിൽ എല്ലാ പാർട്ടികളും, ഉദ്യോഗസ്ഥന്മാരും, പൊതുജനങ്ങളും സഹകരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു മാത്രമേ ഈ പദ്ധതികൾ വിജയപ്രദമാകുകയുള്ളൂ. എൻെറ ബഹുമാനപ്പെട്ട ഇടതുപക്ഷ മാന്യസുഹൃത്തുക്കളോടു് എനിക്കു പറയാനുള്ളതു് യാഥാർത്ഥ്യങ്ങളുടെ നേരെ വിമർശനവും കൊഞ്ഞനംകാട്ടലും, രാജ്യക്ഷേമത്തിൻെറ പേരിൽ മതിയാക്കണമെന്നും, ഈ ബഡ്ജററിൻെറ വിജയത്തിനുവേണ്ടി സമ്പൂർണ്ണമായ സഹകരണം നൽകണമെന്നുമാണ്.

സർ, രാഷ്ട്രനിർമ്മാണപരമായ പദ്ധതികൾക്കായി—പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തിന്—പത്തുകോടി രൂപ ചെലവഴിക്കുന്നതു് ഫലപ്രദമായിത്തീരാൻ നാം ഒത്തൊരുമിച്ചു പ്രവർത്തിക്കാതെ സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ഈ രാജ്യത്തെ സർവ്വീസസ് വേണ്ട സഹകരണം നൽകുകയില്ലെന്നുള്ള ശ്രീ. കെ. സി. ജോർജ്ജിൻെറ സംശയം ശരിയല്ലെന്നും ഈയവസരത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ. ശ്രീ. കെ. സി. ജോർജ്ജ് പറയുകയുണ്ടായി ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാർ മന്ത്രിമാരെ മാനിക്കുന്നില്ലെന്നും, മന്ത്രിമാരുടെ പേരിൽ അവർക്കു് പുച്ഛമാണെന്നും. ആ അഭിപ്രായത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തി

യില്ല. ഇവിടത്തെ രാഷ്ട്രീയ പരിതഃസ്ഥിതികളിൽ, കൂണുമുളച്ചുവരികയും, അപ്രത്യക്ഷമാകുകയും ചെയ്യുന്നതുപോലെ കൂടെക്കൂടെ മന്ത്രിമാർ മാറിമാറി വരുന്ന ഒരു പതിവാണിന്നുള്ളത്. അതുകൊണ്ട് പല നല്ല കാര്യങ്ങളും പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന് രാജ്യക്ഷേമകരങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സാവകാശവും സൗകര്യവും മന്ത്രിമാർക്ക് കിട്ടുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്. ഇങ്ങനെ കൂടക്കൂടെ മാറി വരുന്ന മന്ത്രിമാരുടെ പേരിൽ ഏതെങ്കിലും ചില ഉദ്യോഗസ്ഥന്മാർക്ക് അവജ്ഞയോ അനാദരവോ ഉണ്ടായാൽത്തന്നെ അത് ഒന്നടങ്കം ഉദ്യോഗസ്ഥന്മാർക്കും ഒരു കുററാരോപണമായിത്തീരുന്നതല്ല. ഒരു കൊല്ലം, ഒന്നരക്കൊല്ലം, രണ്ടുകൊല്ലം ഈ ക്രമത്തിൽ മന്ത്രിസഭകൾക്ക് ഭരിക്കാൻ കിട്ടുന്ന അവസരം മററു പാർട്ടികളുടെയും, സ്ഥാപിതതാല്പര്യക്കാരുടേയും സമ്മർദ്ദംമൂലം രാജ്യക്ഷേമകരങ്ങളായ നല്ലകാര്യങ്ങൾ നടപ്പിലാക്കാൻ സൗകര്യം ലഭിക്കാതെ കഴിഞ്ഞുപോയിരിക്കയാണ്.

സർ, രാഷ്ട്രീയപരിഗണനകൾ മാററിവച്ചുകൊണ്ട് പ്രശ്നങ്ങളെ നേരിടേണ്ട കാലം വൈകിയിരിക്കുന്നു. ഏതു കാര്യത്തിനും സൃഷ്ടിപരമായ വിമർശനങ്ങൾ ആവശ്യമാണെങ്കിലും, രാജ്യക്ഷേമത്തിന് വിലങ്ങുതടിയായി നില്ക്കുന്ന ഗർഹണീയമായ പാർട്ടി താല്പര്യങ്ങൾ മാററിവച്ചിട്ട്, രാജ്യക്ഷേമത്തിന്റെയും, പുരോഗതിയുടേയും പടിവാതിൽ കൊട്ടിയടയ്ക്കാതെ നല്ല നല്ല പദ്ധതികൾ വിജയിപ്പിക്കുവാൻ സഹകരിച്ചു പ്രവർത്തിക്കേണ്ടതു് ജനപ്രതിനിധികളുടെ കർത്തവ്യം മാത്രമാണ്.

കൃഷിസംബന്ധമായി പല പദ്ധതികളും ഗവണ്മെൻറ സ്വീകരിച്ചിട്ടുള്ളതു സ്വാഗതാർഹമാണ്. തൊടുപുഴ, പ്രകൃതിക്ഷോഭം നിമിത്തം ഉണ്ടായിട്ടുള്ള നാശത്തെയും, അതിനു പ്രതിവിധി ചെയ്യേണ്ട അത്യാവശ്യകതയെയും പററി ബഹുമാനപ്പെട്ട ഗവണ്മെൻറിൽ നിവേദനം നടത്തിയപ്പോൾ ആവശ്യമായ നടപടികൾ നടത്താമെന്നു സമ്മതിച്ചിട്ടുണ്ടെങ്കിലും അതിനു പരിഹാരം ഉണ്ടാക്കാൻ താമസം വരുത്തുന്നതു ഒട്ടും ശരിയല്ല. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തോടുകൂടി കാർഷികവും, വ്യവസായികവുമായ പുരോഗതികൾ ആശാവഹമായി പ്രതീക്ഷിക്കാവുന്നതാണ്. പ്രഥമ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തോടുകൂടി ശേഷിച്ചിട്ടുള്ള കാലഘട്ടത്തിൽ, അതിന്റെ പൂർത്തീകരണത്തിന് ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കാൻ ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ആത്മാർത്ഥമായി പ്രവർത്തിക്കേണ്ടതാണ്. പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനം രാജ്യക്ഷേമകരമായി തുടർന്നാൽ അതിൽ അങ്ങേയററം സഹകരണമുണ്ടാകുമെന്ന് പ്രതിപക്ഷത്തുനിന്നുകൂടി സൂചന കാണുന്നതു് സ്വാഗതാർഹമാണ്. ശ്രീ. പ്രംക്കളം ഭാസി, അപ്രകാരം സഹകരണം വാഗ്ദാനം ചെയ്തതു് വളരെ അർത്ഥവത്താണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

അടുത്ത പഞ്ചവത്സരപദ്ധതിയെപ്പററി ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ നിർണ്ണായകഘട്ടത്തിൽ നദീതടപദ്ധതികളെപ്പററി വളരെയേറെ ഗവണ്മെൻറ് ചിന്തിക്കണം. ഇടുക്കിപദ്ധതി, ഭൂതത്താൻകെട്ട് പദ്ധതി എന്നീ ഹൈഡ്രോ ഇലക്ട്രിക് സ്കീമുകൾ ആരംഭിക്കുന്നതിനെപ്പററി ഗവണ്മെൻറ് വേണ്ട നടപടികൾ എടുക്കണം. അതിലേയ്ക്കു പത്തോ, ഇരുപതോ കോടി രൂപ ചെലവാക്കേണ്ടിവരും. എന്നിരുന്നാൽത്തന്നേയും ഈ പദ്ധതികൾ നടപ്പിലാക്കിയാൽ ഈ നാട്ടിലെ മുഴുവൻ

[ശ്രീ. കെ. എം. ജാർജ്ജ്]

സ്ഥലങ്ങളിലും തെന്നിന്ത്യയിലാകമാനവും വിദ്യുച്ഛക്തികൊടുക്കുന്നതിനും തൻമൂലം കുടിൽവ്യവസായങ്ങളും വൻകിടവ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. ഇടുക്കിപദ്ധതിപോലെയുള്ള പദ്ധതികളിലാണ് ഗവണ്മെൻറ് ഉടനെ കൈവയ്ക്കേണ്ടതു്. അല്ലാതെ അയ്യായിരവും പതിനായിരവും കിലോവാട്ട്സ് ഉല്പാദിപ്പിക്കുന്ന പദ്ധതികളല്ല നാം ഉടനെ ആരംഭിക്കേണ്ടതു്. അതിനു് ഈ ഗവണ്മെൻറ് തയ്യാറാവണം. കേന്ദ്രഗവണ്മെൻറിൻെറ സഹായസഹകരണങ്ങൾ സമ്പാദിക്കണം. ബെൽ. സർ, സമയമില്ലാത്തതുകൊണ്ടു ഞാൻ നിറുത്തുകയാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന ആളുകളോട് ചോദ്യം ചോദിക്കുമ്പോൾ മറുപടി പറയാതിരിക്കുന്നതു് ഭീരുത്വമോ കോപമയ്യാദയോ വല്ലതുമായി കണക്കാക്കാമോ?

മിസ്റ്റർ സ്പീക്കർ: എങ്ങിനെവേണമെങ്കിലും കണക്കാക്കാം.

ശ്രീ. ബേബി ജാൺ: സർ, ഈ മന്ത്രിമാർ അധികാരത്തിലേയ്ക്കു കയറിയതിനെക്കുറിച്ച് പ്രതിപാദിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. നമ്മുടെ മന്ത്രിമാർ ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാണെന്നാണ് അവകാശപ്പെടുന്നതു്. ജനങ്ങൾ അവരെ പ്രതിനിധികളായി നിയമസഭയിലേയ്ക്കു തിരഞ്ഞെടുത്തയച്ചിട്ടുള്ള ആളുകളാണ്. തീർച്ചയായും ഈ മന്ത്രിമാർക്ക് പ്രാഥമികമായും മൗലികമായും ജനങ്ങളോടാണ് ഉത്തരവാദിത്വമുള്ളതു്. പക്ഷെ, ഈ നിയമസഭയുടെ പ്രവത്തനം നോക്കുകയാണെങ്കിൽ മന്ത്രിമാർ ജനങ്ങളോടല്ലാ, നിയമസഭയോടുമല്ലാ, മറിച്ച് ഉദ്യോഗസ്ഥന്മാരോടാണ് ഉത്തരവാദിത്വമുള്ളതെന്നാണ് തോന്നിപ്പോകുന്നതു്. ഇന്നു് ഇവർ ജനപ്രതിനിധികൾ എന്ന മോഹനമായ സ്ഥാനത്തുനിന്നു് ഉദ്യോഗസ്ഥപ്രതിനിധികളായി മാറിയിരിക്കുകയാണ്. ഈ മന്ത്രിസഭ തുടങ്ങിയ കാലംമുതൽ തുടങ്ങിയ ചോദ്യോത്തരങ്ങളിൽനിന്നു നമുക്ക് അതു മനസ്സിലാക്കുവാൻ സാധിക്കും. ദിവാൻ ഭരണം ഉണ്ടായിരുന്ന കാലത്തുപോലും ചോദ്യങ്ങൾക്ക് അതാതു വകുപ്പ് മേലദ്ധ്യക്ഷന്മാരാണ് സമാധാനം പറഞ്ഞുകൊണ്ടിരുന്നതു്. അന്നു് ഉദ്യോഗസ്ഥന്മാർക്ക് നിയമസഭയോട് ഒരു വിധേയത്വം ഉണ്ടായിരുന്നു. അന്നത്തെ ദിവാൻപ്രസിഡൻറ് നയപരമായ കായ്യങ്ങളിൽ ഇടപെടുമെന്നല്ലാതെ ഉദ്യോഗസ്ഥന്മാരുടെ സേവയ്ക്കുവേണ്ടി അവരുടെ ചെയ്തികളെ രക്ഷിക്കുന്നതിനുവേണ്ടി പ്രവത്തിച്ചിരുന്നില്ല. അതുകൊണ്ടു് വകുപ്പദ്ധ്യക്ഷന്മാക്കും നിയമസഭയോട് ഒരു വിധേയത്വമുണ്ടെന്നുള്ള രീതിയിൽ ആണു് മറുപടികൾ പറഞ്ഞിരുന്നതു്. എന്നാൽ ഇന്നാകട്ടെ, നാം രാജ്യത്തെ കൊള്ളരുതായ്മകൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെടുത്തി അതു പരിഹരിക്കുന്നതിനും, ദൈനംദിനഭരണകായ്യങ്ങളിൽ സൽഭരണം ഉണ്ടാകുന്നതിനുമുള്ള ആഗ്രഹത്തോടുകൂടി ആരെങ്കിലും എന്തെങ്കിലും ചോദ്യം ചോദിക്കുകയാണെങ്കിൽ അതിനു ശരിയായ സമാധാനം പറയാതെ ഒരു മുടക്കത്തരം പറഞ്ഞു് ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കുന്നതായും ഉദ്യോഗസ്ഥന്മാരുടെ മറപിടിച്ചുനില്ക്കുന്നതായുമുള്ള ഒരു മനോഭാവമാണ് നമ്മുടെ മന്ത്രിമാർ സ്വീകരിച്ചിരിക്കുന്നതു്. സർ, ഈ നിയമസഭയിലെ പ്രൊസീഡിംഗ്സ്

നാം എടുത്തു വായിക്കുകയാണെങ്കിൽ പോലീസ് മർദ്ദനത്തെ സംബന്ധിച്ച സാർവ്വത്രികമായ പരാതി ഉണ്ടായിട്ടുണ്ടെന്നും, പോലീസുകാർ നാട്ടുകാരെ മർദ്ദിക്കുന്നതായും, ലാക്കപ്പുകളിൽ വച്ച് മർദ്ദിച്ചിട്ടുള്ളതായും ഈ രാജ്യത്ത് ഇന്നയിന്ന സ്ഥലങ്ങളിൽ പോലീസ് മർദ്ദനം നടത്തിയിട്ടില്ലെ എന്നും മററും നിയമസഭയിൽ ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതിനുള്ള മറുപടികൾ ആ പോലീസ് ഉദ്യോഗസ്ഥന്മാർ എടുത്തു വായിക്കുകയാണെങ്കിൽ അവർക്ക് വീണ്ടും അടിക്കുവാൻ ഒരു പ്രേരണയാണ് അതിൽനിന്നും കിട്ടുന്നത്. കാരണം അത്ര ധാർഷ്ട്യത്തോടുകൂടിയ ഒരു നിലപാടാണ് നമ്മുടെ മന്ത്രിമാർ സ്വീകരിച്ചിരിക്കുന്നത്. ഇതു തീർച്ചയായും അപമാനകരമാണ്. ഇത് മന്ത്രിമാരുടെ ഭീതികൊണ്ടോ, ഉദ്യോഗസ്ഥന്മാരോടുള്ള ഭയംകൊണ്ടോ അവരുടെ കാരുണ്യമില്ലെങ്കിൽ........

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഈ മന്ത്രിമാർക്കും പോലീസുകാരെ ഭയമാണെന്നാണോ പറയുന്നത്?

ശ്രീ. ബേബി ജാൻ: പോലീസുകാരുടെ മാത്രമല്ല, എല്ലാ ഉദ്യോഗസ്ഥന്മാരുടേയും അനീതികളെ മന്ത്രിമാർ അന്വേഷിച്ച് അവരുടെ അനീതികളെയും നിരുത്തരവാദപരമായ പെരുമാററത്തെയും ഇല്ലാതാക്കുന്നതിനു ശ്രമിക്കണം. അല്ലാതെ അവരെ സംരക്ഷിക്കുകയല്ല ചെയ്യേണ്ടത്. അതിനു പകരം ഇക്കാര്യങ്ങളെപ്പററി പറയുന്നവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യരുത്. ആരെയും കുററക്കാരാക്കുന്നതിനല്ല ഞങ്ങൾ നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നത്. മറിച്ച് ഈ രാജ്യത്ത് അഴിമതി ഉണ്ടെങ്കിൽ അത് ഇല്ലായ്മ ചെയ്യണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ചോദ്യങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് മന്ത്രിമാർ ഈ ഏർപ്പാട് ഉപേക്ഷിക്കണമെന്ന് എനിക്ക് അവരോട് അഭ്യർത്ഥിക്കുവാനുണ്ട്.

അതുപോലെതന്നെ സർ, ഈ നാട്ടിലെ സീനിയർ ഉദ്യോഗസ്ഥന്മാരുടെ കൊള്ളരുതായ്മകളെ വെളിച്ചത്തു കൊണ്ടുവരുവാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ ദൈനംദിനഭരണകാര്യങ്ങളിൽ ഉള്ള അഴിമതികൾ ഇല്ലാതാക്കി അവരുടെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യേണ്ടതും നമ്മുടെ ആവശ്യമാണ്. നമ്മുടെ സംസ്ഥാനത്തെ സീനിയർ ഉദ്യോഗസ്ഥന്മാരെപ്പററി പറയാൻ ആരുണ്ട്? മൈസൂറിലാണെങ്കിൽ എല്ലാ സീനിയർ ഉദ്യോഗസ്ഥന്മാർക്കും ഐ. എ. എസ്സ്. റാങ്ക് കിട്ടിയിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ പ്രസ്താവനയ്ക്ക് എന്താണടിസ്ഥാനം? മൈസൂർ ഗവണ്മെൻറ ചെയ്ത കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നതിന് എന്താണടിസ്ഥാനം?

ശ്രീ. ബേബി ജാൻ: ഇതൊരു വസ്തുതയാണ്. അത് പത്രത്തിലും ഉണ്ടായിരുന്നു. ഇതിനു മുൻപ് പല പ്രസ്താവനകളും ഈ നിയമസഭയിൽ തന്നെ ഉണ്ടായിട്ടുണ്ട്. അതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിട്ടില്ല. അത് ഒരു വാസ്തവമല്ലെങ്കിൽ അവിടെയിരിക്കട്ടെ. നമ്മുടെ ഉദ്യോഗസ്ഥന്മാരോടു നീതികാണിക്കുന്നതിനു ശുദ്ധമുയത്താൻ മുഖ്യമന്ത്രി തയ്യാറാകുമോ? ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരോടു കേന്ദ്രഗവണ്മെൻറ നീതികാണിച്ചിട്ടില്ല. നാം അതിനൊരു സമരംചെയ്യാൻ

[ശ്രീ. ബേബി ജാൺ]

തയ്യാറാകുമോ? 1952-ാമാണ്ടു് ബഡ്ജററുപ്രസംഗംചെയ്ത അവസരത്തിൽ ഈ രാജ്യത്തെ ഭരണഘടനയുടെ 371-ാംവകുപ്പിൽനിന്നും ഒഴിവാക്കുന്നതിനു് മുഖ്യമന്ത്രി ആഗ്രഹിക്കുന്നുവെന്നു പ്രഖ്യാപിച്ചിട്ടുള്ളതിനെ ഞാൻ ഓർക്കുന്നുണ്ടു്. അന്നു് ഈ നിയമസഭയിലുള്ള എല്ലാ അംഗങ്ങളും ശബ്ദം ഉയർത്തി. എന്നാൽ അതിനുശേഷം അദ്ദേഹം എന്തു പ്രവർത്തിച്ചു? ഇതുവരെ ഭരണം നടത്തിവന്നിരുന്ന മന്ത്രിമാർ എന്തു പ്രവർത്തിച്ചു? അന്നു് അദ്ദേഹം മന്ത്രിയായിരുന്നു. എന്നാൽ ഇന്നു് മുഖ്യമന്ത്രിയാണു്. ഇന്നു് അദ്ദേഹം എന്തിനാണു് ഈ അപമാനഭാരം ചുമക്കുന്നതു്? ഈ സ്റ്റേററിനെ 371-ാംവകുപ്പിൽനിന്നും ഒഴിവാക്കാൻ കഴിയാത്തതിലുള്ള അപമാനഭാരം മുഖ്യമന്ത്രി ഇല്ലാതാക്കാൻ ശ്രമിക്കുമെന്നുള്ളതാണു് എന്റെ പ്രതീക്ഷ. ഈ സംസ്ഥാനത്തു് ഒരു കംട്രോളറുണ്ടു്. അദ്ദേഹത്തിന്റെ ആഫീസിൽനിന്നും ട്രഷറിയിലേക്കു ഇൻറിമേഷൻ കൊടുക്കാൻതാമസിക്കുന്നതോ പോകട്ടെ ചില ആർഡേഴ്സ് നിർത്തൽ ചെയ്യുന്നുമുണ്ടു്. ഈ നില ഒന്നു മാറേണ്ടതായിട്ടുണ്ടു്. തീർച്ചയായും പുരോഗമനപരമാണെന്നു് അവകാശപ്പെടുന്ന മന്ത്രിസഭ അതിനു വിലങ്ങുതടിയായി നില്ക്കുന്ന പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കരുതു്. നമ്മുടെ പുരോഗതിക്കു് തടസ്സമായി നില്ക്കുന്നതു് ഈ രീതിയിലുള്ള മുടക്കുപ്രവർത്തനങ്ങളാണെന്നാണു് ഞങ്ങൾ മനസ്സിലാക്കുന്നതു്. അതുകൊണ്ടാണു് സർ, ജനങ്ങൾക്കു് ഉപകാരം ഉണ്ടാകത്തക്കവണ്ണം ഒരു നിലപാടു സ്വീകരിക്കണമെന്നു് ഞങ്ങൾ പറയുന്നതു്.

അതോടൊപ്പംതന്നെ അപകടത്തിലേയ്ക്കുള്ള ഒരു പോക്കാണു് ഈ മന്ത്രിസഭയുടെ പോക്കു് എന്നു പറയാതെ നിവൃത്തിയില്ല. ഭരണഘടന അനുശാസിക്കുന്ന ഒരു വ്യവസ്ഥയാണു് ജുഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിൽ വേർതിരിക്കണമെന്നുള്ളതു്. പ്രത്യേകമായ ഉദ്ദേശത്തോടുകൂടിയാണു് ഭരണഘടനയിൽ അങ്ങനെ അനുശാസിച്ചിരിക്കുന്നതു്. നിർഭാഗ്യവശാൽ ഇന്നീ ഗവണ്മെന്റു് അതേസംബന്ധിച്ചിടത്തോളം ഒരു തെററായ പോക്കാണു് തുടരുന്നതെന്നു് ഞങ്ങൾ കാണുന്നു. അതായതു് റിട്ടയാർഡു് ജുഡീഷ്യൽ ഉദ്യോഗസ്ഥന്മാരെ ഇവിടെ ജോലിക്കായി എടുക്കുന്നതിനെപ്പററിയാണു് ഞാൻ സൂചിപ്പിക്കുന്നതു്. ഒരു ഹൈക്കോടതി ജഡ്ജിയെ അധികാരത്തിലേക്കു് എടുക്കുക എന്നുള്ളതിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും വേർപെടുത്തിയില്ലെങ്കിൽ ഒരു ഹൈക്കോടതി ജഡ്ജി റിട്ടയർചെയ്തതിനു ശേഷവും ഉദ്യോഗം ലഭിക്കും എന്നുള്ള മോഹത്തോടുകൂടിയായിരിക്കും പ്രവർത്തിക്കുക. അങ്ങനെ ജുഡീഷ്യറിയെ സ്വാധീനം ചെയ്യുന്നതിനു പെൻഷൻ പററുന്ന ഉദ്യോഗസ്ഥന്മാൎക്കു ഉദ്യോഗം കൊടുക്കുന്ന ഒരു അവസ്ഥ ഉണ്ടെങ്കിൽ അതു തെററാണു്. ആ ജഡ്ജിയുടെ പ്രവർത്തനത്തെപ്പററി പറയുകയാണെങ്കിൽ അതു് an open door to injustice ആയിരിക്കും. ഈ രാജ്യത്തു് നീതിനടത്തണം എന്നു വിചാരിക്കുന്നുണ്ടെങ്കിൽ ആ സമ്പ്രദായം അവസാനിപ്പിക്കണം എന്നൊരു അപേക്ഷയുണ്ടു്. ഏതെങ്കിലും കമ്മിററികളിലോ ഏതെങ്കിലും കോടതികളിലോ ഒരു ഹൈക്കോടതിജഡ്ജി ഉണ്ടായിരിക്കണം എന്നു് ആഗ്രഹമുണ്ടായിരിക്കണമെന്നുണ്ടെങ്കിൽ ഇന്നു് സർവ്വീസിലുള്ള ജഡ്ജിമാരെത്തന്നെ അതിലേയ്ക്കു് നിയമിക്കുകയല്ലാതെ റിട്ടയർചെയ്ത ഉദ്യോഗസ്ഥന്മാൎക്കു് അവരുടെ വാർദ്ധക്യകാലത്തു് ഉദ്യോഗങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി ശ്രമിക്കുന്നതു് ഏററവും അനാവശ്യമായ ഒരു കാര്യമാണു്. ഇനിയും

ഇതുപോലെയുള്ള നിയമനങ്ങൾ നടത്താൻപോകുന്നതായി അറിയുന്നുണ്ട്. അതിൽ എത്രകണ്ട് പരമാർത്ഥം ഉണ്ടെന്ന് അറിഞ്ഞുകൂടാ. ഈ ഒരു അവസരം ഹൈക്കോടതി ജഡ്ജിമാർക്ക് ഉണ്ടാക്കിക്കൊടുക്കാതിരിക്കണം എന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

ഒരു വാചകംകൂടി പറയാനുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിദഗ്ദ്ധനായ ഒരു ഉണ്ടിയൽ വ്യാപാരിയാണ്. അദ്ദേഹം കുറെ ലോൺ എടുക്കുന്നു. കുറച്ച് ഹൌസിംഗിനും, വ്യവസായത്തിനും മററുമായി കടം കൊടുക്കുന്നു. അദ്ദേഹം കേന്ദ്രത്തിൽ നിന്നും കുറെ പണം കടംവാങ്ങുന്നു. ഇപ്പുറത്ത് അത് കടം കൊടുക്കുകയും ചെയ്യുന്നു. അങ്ങിനെ വിദഗ്ദ്ധനായ ഒരു ഉണ്ടിയൽ വ്യാപാരിയുടെ രീതിയിലാണ് ബഡ്ജററ് അവതരണം നടത്തിയിരിക്കുന്നത്. അതേ അവസരത്തിൽ നമ്മുടെ പ്രൊഡക്ടീവ് സൈഡിൽ എന്തുണ്ടെന്ന് നാം നോക്കാതെയാണ് കഴിയുന്നത്. നമുക്ക് ആവശ്യമുള്ള പണം പുറത്തുനിന്നും അതായത് കേന്ദ്രത്തിൽനിന്നും ലഭിക്കും എന്നുള്ള പ്രതീക്ഷയിലാണ് കഴിയുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്തിലെ വരുമാനം വർദ്ധിപ്പിക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിനെ ആശ്രയിച്ചുകഴിയുന്നതാണ് അഭിമാനകരമായിട്ടുള്ളത്. ഇന്ന് ഈ സംസ്ഥാനത്തെ ഏററവും പ്രധാനപ്പെട്ട ഒരു വ്യവസായമാണ് മിനറൽസ്. അത് കേന്ദ്രത്തിൽനിന്നു കൈവശപ്പെടുത്താൻ പോകുന്നതായി കേൾക്കുന്നുണ്ട്. കഴിഞ്ഞ നിയമസഭയിൽ അത് സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ അന്നത്തെ മന്ത്രിസഭ ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. കേന്ദ്രം ഇടപെടുന്ന സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അത് ചെയ്തുകൊള്ളട്ടെ. പക്ഷേ ഒന്നുരണ്ട് കാര്യങ്ങൾ നാം അതിനെ സംബന്ധിച്ച് പ്രത്യേകമായി നോക്കാനുണ്ട്. ഈ മിനറൽസിൽനിന്നും റോയൽടി ഇനത്തിൽ ഒരു നല്ല വരുമാനം ഈ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ കേന്ദ്രം എടുക്കുകയാണെങ്കിൽ അത് നമുക്ക് തുടർന്ന് ലഭിക്കുന്നതിനുള്ള നടപടികൾ നാം എടുക്കേണ്ടതാണ്. അങ്ങനെ കേന്ദ്രത്തിൽനിന്നും എടുക്കുന്നത് വ്യവസായവികസനത്തിന് ആവശ്യമാണെങ്കിൽ തന്നേയും അത് ഒരു കാർപ്പറേഷന്റെ രീതിയിലായിരിക്കണം. കേന്ദ്രത്തിനും സംസ്ഥാനത്തിനും ഇതിൽ പങ്കുള്ള രീതിയിലായിരിക്കണം. ഈ മിനറൽസ് വ്യവസായം നടത്തുന്ന ആളുകൾ ലാഭത്തിന്റെ എഴുപത്തിഅഞ്ച് ശതമാനം റോയൽററി ആയി കൊടുക്കുന്നുണ്ട്. ഇതൊരു കാർപ്പറേഷനായി നടത്താൻ പോകുന്നെങ്കിൽതന്നെ ലാഭത്തിന്റെ എഴുപത്തിഅഞ്ച് ശതമാനം നമുക്ക് ലഭിക്കാനായി നാം വളരെ ശ്രമിക്കണം. അങ്ങിനെ ഈ സംസ്ഥാനത്തെ ബാധിക്കുന്ന ആ കാര്യത്തിൽ ഈ നിയമസഭയിലെ എല്ലാ ഭാഗത്തിരിക്കുന്നവരും പിൻതുണ നൽകുമെന്നാണ് എന്റെ വിശ്വാസം. അതോടൊപ്പംതന്നെ മറെറാരു കാര്യംകൂടി എനിക്ക് ഈ സഭയുടേയും ഗവണ്മെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. അങ്ങ് പറയുകയുണ്ടായി നമുക്ക് സാമ്പത്തികവിഷമങ്ങൾ വളരെയുണ്ടെന്ന്. നമ്മുടെ സംസ്ഥാനത്തുള്ള കണ്ണൻദേവൻ കമ്പനി, മലയാളം പ്ലാന്റേഷൻസ് ഇതെല്ലാം ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരണം. ഗവണ്മെന്റിനുകൂടി ഓഹരിയുള്ള ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നപക്ഷം നമുക്ക് കോടിക്കണക്കിന് രൂപാ ആദായം കിട്ടും

[ശ്രീ. ബേബി ജാൺ]

തീർച്ചയായും അങ്ങേയ്ക്കറിവുള്ളതാണെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തിന്റെ നന്മയെ കരുതി എന്തെല്ലാം പ്രതിലോമശക്തികൾ അങ്ങേയ്ക്കു് എതിരായി ഉണ്ടെങ്കിലും ഈ രാജ്യത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ ഈ രാജ്യത്തിന്റെ വരുമാനം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ അങ്ങു് അതിലേക്കു് വേണ്ടി പ്രവർത്തിക്കണം. ആവടിസോഷ്യലിസം ഞങ്ങൾക്കു് ആവശ്യമില്ല. നമുക്കു് ആത്മാർത്ഥതയാണു് ആവശ്യം. ഈ കാര്യങ്ങൾ നിങ്ങൾ ചെയ്യില്ലെങ്കിൽ നിങ്ങളുടെ ആത്മാർത്ഥതയെ ഞങ്ങൾ ചോദ്യം ചെയ്യും. കണ്ണൻദേവൻ കമ്പനിയും മലയാളം പ്ലാന്റേഷൻസും അങ്ങനെ ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള സംരംഭത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ സഹായം നിങ്ങൾക്കു ഉണ്ടായിരിക്കും. അങ്ങിനെ ഒരു കാർപ്പറേഷന്റെ കീഴിൽ കൊണ്ടുവരുന്നതുകൊണ്ടു് ഈ സംസ്ഥാനത്തെ ആദായം വർദ്ധിപ്പിക്കുവാൻ സാധിക്കും. അതുകൊണ്ടു് നിങ്ങൾ ഈ ഉദ്യോഗസ്ഥന്മാരുടെ പ്രതിനിധികളാകാതെ ഉത്തരവാദബോധത്തോടുകൂടി ജനങ്ങളുടെ പ്രതിനിധിയാണു്, ജനങ്ങളോടാണു് ഉത്തരവാദിത്വമുള്ളതു് എന്നു കരുതി രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. നാരായണക്കുറുപ്പു്: സർ, 'മകനായിട്ടിരിക്കുന്നതു് വളരെ വിഷമമാണച്ഛാ' എന്നു പുരോഗമനവാദിയായ ഒരു മകൻ അച്ഛനോടു പറഞ്ഞതായി കേട്ടിട്ടുണ്ടു്. അതുപോലെയുള്ള ഒരു വിഷമാവസ്ഥയാണു് പ്രസംഗിക്കാൻ എഴുന്നേററപ്പോൾ എനിക്കും ഉണ്ടായതു്. ബഡ്ജററു് മുഴുവൻ വായിച്ചുനോക്കി പഠിച്ചു. പക്ഷെ പ്രസംഗിക്കാൻ സമയമില്ല. അതിനു അനുവാദവുമില്ല. എന്നാൽ പോയേക്കാം എന്നു വച്ചാൽ പോകാനും നിവൃത്തിയില്ല. അങ്ങനെ വിഷമിക്കുന്ന ഒരവസരത്തിലാണു് പ്രസംഗത്തിനായി എന്നെ വിളിച്ചതു്. ഇവിടെ ഉണ്ടായിട്ടുള്ള നടപടികൾ കാണുമ്പോൾ ഈ സഭ ചിലപ്പോൾ ഒരു നാടകവേദിയാണോ എന്നു തോന്നിപ്പോകും. ചിലപ്പോൾ പള്ളിക്കൂടമാണോ എന്നും തോന്നും. ചിലപ്പോൾ ഒരു മൈതാനമാണോ എന്നും സംശയിച്ചേക്കും. നാടകവേദിക്കു് എന്നവണ്ണം ഇവിടെ ടിക്കററു് കൊടുക്കുന്നു, ആളുകൾ വരികയും പോകുകയും ചെയ്യുന്നു, ഇങ്ങനെയെല്ലാം കാണുന്നുണ്ടു്. എന്തായാലും എനിക്കു് ഈ അവസരത്തിൽ പറയാനുള്ളതു്, ഈ നിയമസഭയുടെ അന്തസ്സും ബഹുമാനവും നാം ആരുംതന്നെ ശരിക്കു് പാലിക്കുന്നില്ലെന്നുള്ളതാണു്.

ശ്രീ. തോപ്പിൽ പി. ഭാസ്കരൻപിള്ള: സംസാരിക്കാൻ സമയം കിട്ടിയാൽതന്നെ ഇതൊക്കെയാണല്ലൊ പറയുന്നതു്.

ശ്രീ. എൻ. നാരായണക്കുറുപ്പു്: പറയാതെ എന്തുചെയ്യും? ഇതൊക്കെ പറഞ്ഞിട്ടു് ഇതിനപ്പുറത്തുള്ളതു് പറയാം. മുഖ്യമന്ത്രി ചില കാര്യങ്ങൾ പറയുമ്പോൾ 'ഛെ, അതു ശരിയല്ല,' എന്നു് എസ്സ്. പി. പിള്ള പറയുന്നതുപോലെ ചിലർ പറയുവാൻ തുടങ്ങുകയായി. ഇങ്ങനെയുള്ള എസ്സ്. പി. പിള്ളയുടേയും മാത്തന്റേയും ഒക്കെ പ്രകടനങ്ങൾ കാണാനും കേൾക്കാനുമാണോ നാം ഇവിടെ വന്നിരിക്കുന്നതു്? നമ്മൾ ജനപ്രതിനിധികളാണെന്നും ഇതു് ഒരു നിയമസഭയാണെന്നും പരിഗണിച്ചു് ഇവിടത്തെ നടപടികൾ തുടരിപ്പിച്ചുകൊണ്ടുപോകുന്നതിൽ നാം കൂടുതൽ

ശ്രദ്ധിക്കേണ്ടതാണ്. നമ്മിൽ പലക്കും പല തരത്തിലുള്ള നിരാശകളുണ്ടാകാം. മുൻ മന്ത്രിസഭ തകർന്നതിന്ന നിരാശയുള്ളവർ കാണും. ഇന്നത്തെ മന്ത്രിസഭ തുടന്നു പോകുന്നതിൽ നിരാശയുള്ളവർ കാണും. തങ്ങളുടെ ആശയങ്ങളും അഭീഷ്ടങ്ങളും സാധിച്ചില്ലല്ലൊ എന്നു ഖേദിക്കുകയും വൈരാഗ്യപ്പെടുകയും ചെയ്യുന്നവരും കാണും. പക്ഷെ ഈ വക കാരണങ്ങൾ നമ്മുടെ ഈ സഭയിലെ അന്തസ്സിന്ന ബാധകമാകത്തക്കനിലയിൽ പ്രകടിപ്പിക്കുന്നതു നല്ലതിനല്ല. ഇവിടെ ഹാജരാക്കിയിട്ടുള്ള ബഡ്ജററ് പുരോഗമനപരമായ ഒരു ബഡ്ജററാണെന്നു സംശയിച്ചാലും ഇല്ലെങ്കിലും കൂടുതലും നല്ല കാര്യങ്ങൾക്കായി ഒരു നല്ല തുക വിനിയോഗിക്കുവാനുള്ള സ്കീം ആ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ട്, എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. കെ. എം. ജോർജ്ജ് പറഞ്ഞിരിക്കുന്നതുപോലെ നാമെല്ലാവരും സഹകരിച്ച് ബഡ്ജററിൽ കൊള്ളിച്ച തുക മുഴുവനും ചെലവാക്കുവാനുള്ള ഉറച്ച മനസ്ഥിതിയോടുകൂടി പ്രവർത്തിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെയല്ലെങ്കിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നാലരക്കോടി രൂപയുടെ കമ്മിബഡ്ജററിന്നു പകരം നാലരക്കോടി മിച്ച ബഡ്ജററായിരിക്കും കൊല്ലാവസാനത്തിൽ നമുക്ക് ലഭിക്കുന്നതു്. ഇടതുപക്ഷത്തുള്ള ബഹുമാന്യ മെംബറന്മാർ എല്ലാവരും സഹകരിക്കുമെങ്കിൽ പത്തുകോടി രൂപാ ചെലവു ചെയ്യാനുള്ള ആ പദ്ധതി പരിപൂർണ്ണമായി വിജയത്തിലെത്തിക്കുവാൻ ഒരു കൊല്ലം കൊണ്ടുതന്നെ നമുക്ക് സാധിക്കുന്നതാണ്.

അടുത്തതായി എനിക്ക് കുട്ടനാട്ടിലെ കാര്യങ്ങളാണ് പറയുവാനുള്ളതു്. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനമായി എനിക്കു പറയുവാനുള്ളതു് ആ പ്രദേശങ്ങളെല്ലാംകൂടി ഒരു താലൂക്കാക്കി തിരിച്ചുതരണമെന്നാണ്. കുട്ടനാട്ട് എന്നു പറയുന്ന സ്ഥലം ഇപ്പോൾ പല താലൂക്കിലുള്ള ജലവിഭാഗമാണ്. ഈ സ്ഥലത്തിന്ന .25 ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ട്; അവിടെ അഞ്ചുലക്ഷം ജനങ്ങൾ അധിവസിക്കുന്നു. പല താലൂക്കുകളിലുള്ള വില്ലേജുകളായിട്ടാണ ഇപ്പോൾ അവ കിടക്കുന്നതെങ്കിലും ഈ വില്ലേജുകളുടെ എല്ലാം പൊതുവെയുള്ള ആവശ്യം ഒന്നുതന്നെയാണ്. ചങ്ങനാശ്ശേരി, കോട്ടയം, അമ്പലപ്പുഴ, കാർത്തികപ്പള്ളി, മാവേലിക്കര ഇങ്ങനെയുള്ള പല താലൂക്കുകളിലായി ഈ സ്ഥലം വിഭജിക്കപ്പെട്ടു കിടക്കുന്നതുകൊണ്ട് ഏതെങ്കിലും ഒരു താലൂക്കിലേക്കു ചെലവാക്കാനുള്ള തുക അതാതു താലൂക്കുകളിലെ കര വിഭാഗത്തിലേക്ക് ചെലവാക്കുകയല്ലാതെ ജലവിഭാഗത്തിന്ന കിട്ടുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ കുട്ടനാട്ട് ഡെവലപ്പമെൻറ് സ്കീം എന്ന പേരിൽ പ്രത്യേകം ഒരു പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടല്ലോ.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ആ സ്കീം രാജ്യത്തിന്ന പൊതുവെയുള്ള ഗുണത്തിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളതാണ്.

കുട്ടനാട്ടിൽ ശരിയായി നടക്കാൻ വഴിയില്ല; പാലങ്ങൾ ഇല്ല; തൊഴിലു കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല; കുടിക്കുവാൻ വെള്ളമില്ല. ഇങ്ങനെയുള്ള ഒരു അൺഡെവലെപ്പ്ഡ് പ്രദേശമാണതു്. മററുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് കുട്ടനാട്ടിലേതു് ഒരു പ്രത്യേക പ്രശ്നമാണ്. അതുകൊണ്ടു കുട്ടനാട്ടിനെ ഒരു പ്രത്യേക താലൂക്കാക്കി തിരിക്കണ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

മെന്നാണ് എനിക്കാദ്യമായി പറയുവാനുള്ളത്. എങ്കിൽ മാത്രമെ അവിടത്തെ പ്രശ്നങ്ങൾ കുറേശ്ശയായിട്ടെങ്കിലും കൈകാര്യം ചെയ്യുവാൻ സൗകര്യം ഉണ്ടാവുകയുള്ളു.

ശ്രീ. മഞ്ജുനാഥപ്രഭു : കുട്ടനാട്ടിൽ വെള്ളമില്ലെന്നു പറഞ്ഞല്ലോ, അതു ശരിയാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടനാട്ടിൽ വെള്ളമുണ്ട്. 'Water, water every where, not a drop to drink' എന്നു പറഞ്ഞതുപോലെയാണ് അവിടത്തെ അവസ്ഥ.

ശ്രീ. കെ. പി. ഗോപാലമേനോൻ : കുട്ടനാട് ഒരു ഡ്രൈ ഏരിയ ആണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇപ്പോൾ തിരുവനന്തപുരമാണ് ഡ്രൈ ഏരിയാ; കുട്ടനാടല്ല. കുട്ടനാട് വെററ ഏരിയായാണ്.

കുട്ടനാട്ടിലെ വെള്ളത്തിന്റെ അവസ്ഥയെപ്പററി, ഈ സഭയിൽ അറിയാൻപാടില്ലാത്ത മെംബറന്മാർ ആരെങ്കിലും ഉണ്ടെങ്കിൽ, അവരുടെ അറിവിനായി ഞാൻ പറയാം. ധനു, മകരം, കുംഭം ഈ മൂന്നു മാസങ്ങളിൽ അവിടെ ഉപ്പുവെള്ളമാണ്. മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം ഈ മാസങ്ങളിൽ വെള്ളപ്പൊക്കം നിമിത്തം കലങ്ങിമറിഞ്ഞു വരുന്ന കലക്കൽവെള്ളമാണ് അവിടെയുള്ളത്. കന്നി, തുലാം, വൃശ്ചികം ഈ മാസങ്ങളിൽ പാടത്തുനിന്നും പുറത്തേക്ക് പമ്പുചെയ്തുവിടുന്ന വെള്ളമായിരിക്കും ലഭിക്കുക. സർവ്വീസബോട്ടുകളുടെ പോക്കുവരവുകൊണ്ടു, വെള്ളം പിന്നെയും മലിനപ്പെടുത്തപ്പെടുന്നു. സർ, അവിടെ ആയിരത്തിത്തൊള്ളായിരം മുതൽ ഒരു റോഡുണ്ടാക്കുവാൻ ശ്രമിച്ചു. തിരുവല്ലാ—അമ്പലപ്പുഴ റോഡിന്റെ കാര്യമാണ് ഞാൻ പറയുന്നതു്. ഇനി ആറു മൈൽ ദൂരംകൂടി തീരാനുണ്ടു്. ഒരു ലക്ഷം രൂപയാണ് അതിലേക്ക് ഇക്കൊല്ലം അനുവദിച്ചിരിക്കുന്നതു്. പല കാര്യങ്ങൾക്ക് പത്തുകോടി രൂപ ചെലവാക്കുവാൻ തീരുമാനിച്ച ഗവണ്മെൻറ് ഈ റോഡിന്റെ പണികൂടി കഴിയുന്നത്ര വേഗത്തിൽ ഇക്കൊല്ലംതന്നെ തീർക്കുവാൻ ഗവണ്മെൻറിനു ഒരു വിഷമവുമില്ല. അതുപോലെതന്നെയാണ് ഇലക്ട്രിസിററിയുടെ കാര്യവും. അനേകകോടി രൂപാ വരവും അനേകകോടി രൂപ ചെലവും ഉള്ള ഈ ഇലക്ട്രിസിററിയുടെ സംഭരണ വിതരണകാര്യങ്ങൾക്കായി ഒരു അഡ്വൈസറിബോർഡിനെ നിയമിക്കേണ്ടതും അവരുടെ അഭിപ്രായങ്ങൾ അനുസരിച്ച് നടപടികൾ നടത്തേണ്ടതും അത്യാവശ്യമാണ്. അതിനുള്ള സത്വരനടപടികൾ ഗവണ്മെൻറ് എടുക്കുമെന്നു വിശ്വസിക്കുന്നു. അങ്ങിനെയായാൽ പ്രാദേശികാവശ്യങ്ങൾ വിഗണിക്കപ്പെടുകയില്ല. മറെറാരുകാര്യം ചമ്പക്കുളത്ത് ഒരു ഔട്ട്പോസ്ററ് വേണമെന്നുള്ളതാണ്. ഇതു് എത്രയോ നാളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : അതിനുള്ള കെട്ടിടസ്ഥലവും ഉപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കുവാൻ തയാറുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: എന്നാൽപ്പിന്നെ പോലീസുകാരെ കൂടി ഉണ്ടാക്കിക്കൊടുത്താൽ മതിയല്ലോ.

ഈ ഔട്ട്പോസ്റ്റിന്റെ കാര്യത്തെ സംബന്ധിച്ച് കഴിഞ്ഞ ഗവണ്മെന്റ് ചില നടപടികളൊക്കെ എടുത്തിട്ടുണ്ടെങ്കിലും ഇതുവരെ അതു ഫലത്തിൽവന്നില്ല എന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഉദ്ദേശം അൻപതു ബോട്ടുസർവ്വീസുകൾ ദിവസേന ചമ്പക്കുളം പള്ളിക്കു ജട്ടിയിൽ അടുത്തുപോകുന്നുണ്ട്. രാത്രിയും പകലും ജട്ടിയിൽ പലതരത്തിൽ വഴക്കുകളുണ്ടാകുന്നു. അവ തടയാൻ, ഒരൗട്ട്പോസ്റ്റ് അത്യാവശ്യമാണ്. ഉടനടി അനുവദിക്കണമെന്നു അപേക്ഷയുണ്ട്.

അടുത്തതായി വ്യവസായസംബന്ധമായ ചില കാര്യങ്ങളാണ് എനിക്കു പറയുവാനുള്ളത്. ലോഹമണൽ വ്യവസായം എത്രയും വേഗത്തിൽ ഗവണ്മെന്റ് ഏറ്റെടുക്കേണ്ടതാണ്. അതിനുള്ള യാതൊരു സംരംഭവും ഗവണ്മെന്റ് ഇതുവരെ എടുത്തു തുടങ്ങിയിട്ടില്ല. ലോഹമണൽ സംബന്ധിച്ചുള്ള കാര്യങ്ങൾ ശരിയായി പഠിക്കുവാൻ അഞ്ചാറുകൊല്ലങ്ങൾക്കു മുമ്പ് ഏതാണ്ടു 30,000 രൂപയോളം ചെലവാക്കി ഒരു വ്യക്തിയെ അമേരിക്കയിലേക്ക് അയച്ചതായി എനിക്കറിയാം. അദ്ദേഹം അവിടത്തെ പരീക്ഷ പാസായി ഇവിടെ വരികയുംചെയ്തു. ഇപ്പോൾ ഒരു കെമിസ്ട്രി ലക്ചററായിട്ട് ഇവിടത്തെ കാളേജിൽ ഇരിക്കുകയാണ്. അങ്ങനെയുള്ള ആളുകളുടെ സേവനത്തെ ഉപയോഗപ്പെടുത്തി ആ വ്യവസായത്തെ ഉദ്ധരിക്കണം. ഇവിടെയുള്ള വ്യവസായകാര്യങ്ങളെല്ലാം ഇപ്പോൾ കൈകാര്യം ചെയ്യുന്നതു് ഇവിടത്തെ സെക്രട്ടേറിയററ് ഉദ്യോഗസ്ഥന്മാരാണ്. എക്സ്പീരിയൻസും ട്രെയിനിംഗും ഉള്ള ആളുകളെ അതിനായി നിയോഗിക്കപ്പെട്ടിരുന്നു എങ്കിൽ ഈ വ്യവസായം കുറെക്കൂടി അഭിവൃദ്ധിപ്പെട്ടമായിരുന്നു എന്നുള്ളതിന് തർക്കമില്ല.

കുട്ടനാട്ടിൽ ഒരു വാട്ടർസപ്ലൈസ്കീം നടപ്പിലാക്കുന്നുണ്ട്. എന്നാൽ അതിൽ രണ്ടു പകുതികളെമാത്രം, തലവടി, കോഴിമുക്ക് എന്നീ പകുതികളെ മാത്രം, ഒഴിവാക്കിയതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അവയേക്കൂടി ഉൾപ്പെടുത്തി ഈ വാട്ടർ സപ്ലൈയുടെ പരിധി വിപുലപ്പെടുത്തേണ്ടതാണ്.

ശ്രീ. ഇടിക്കുള ഇടിക്കുള: വെളിയനാട്ടു പകുതികൂടി ഉൾപ്പെടുത്തുന്നതിനു വിരോധമുണ്ടോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: എനിക്കു വിരോധമൊന്നുമില്ല. സന്തോഷമേയുള്ളു.

കുട്ടനാട്ടിലുള്ള പ്രൈമറിസ്കൂളുകളുടെ നില വളരെ ശോചനീയമായിട്ടുള്ളതാണ്. പലയിടത്തും കെട്ടിടങ്ങളില്ല; ഉപകരണങ്ങളില്ല. തകഴിയിൽ 30 സെൻറ് സ്ഥലത്തുള്ള ഈ. എം. എസ്സ്. ആൻറ് പ്രൈമറി സ്കൂളിൽ 1200 കുട്ടികൾ പഠിക്കുന്നുണ്ട്. അവിടെ ശരിയായ കെട്ടിടവുമില്ല, ഉപകരണങ്ങളും ഇല്ല. നട്ടമ്പാഗം എന്ന സ്ഥലത്ത് 20 സെൻറ് സ്ഥലമാണുള്ളത്. അവിടേയും കെട്ടിടം മോശമാണ് ഉപകരണങ്ങളുമില്ല. നെടുംമുടിസൌത്തു പ്രൈമറിസ്കൂൾ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്ത് 300 കുട്ടികൾ പഠിക്കുന്നുണ്ട്. വെള്ളപ്പൊക്കംവന്നാൽ ആ വെള്ളത്തിൽ കൂടി ഒലിച്ചുപോകത്തക്കനിലയിലുള്ളതാണ് ഇപ്പോൾ അവിടെയുള്ള

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

കെട്ടിടം. കെട്ടിടമിരിക്കുന്ന സ്ഥലമല്ലാതെ പുരയിടമില്ല. കൂടുതൽ സ്ഥലം പൊന്നുംവിലയ്ക്കെടുക്കേണ്ടതാണ്. അതുപോലെ കൊററംകുളങ്ങര സ്കൂളിൻെറയും നില വളരെ ശോചനീയമാണ്. കുട്ടികൾ 1300 ഉണ്ട്. കെട്ടിടം കുറവാണ്, ഉപകരണങ്ങൾ തീരെയില്ല. ഈ സ്കൂളുകളെല്ലാം അഭിവൃദ്ധിപ്പെടുത്തേണ്ടകാര്യത്തിലും ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്.

നമ്മൾ ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരെയെല്ലാം കുററപ്പെടുത്തുന്നു. ബഡ്ജററിൽ അനുവദിക്കുന്ന തുക ചിലവാക്കാതെ ലാപ്സപ്പെടുത്തുന്നത് അവരുടെ കുററമാണെന്നു പറയുന്നത് ശരിയല്ല. ഒരുപക്ഷേ, കൂടുതൽ തുക ബഡ്ജററിൽ കൊള്ളിച്ചിട്ട്, ചെലവാക്കാതെ മിച്ചം വരുത്തണമെന്നു മന്ത്രിമാർ ഉദ്ദേശിച്ചിട്ട്, ചെലവാക്കാതെ പണം മിച്ചംവരുത്തുകയാണെന്നാണെൻെറ അഭിപ്രായം. മന്ത്രിസഭയ്ക്കു ഈ സെക്രട്ടറിമാരോട് വിരോധമുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഗസററഡ് ആഫീസറന്മാരുടെ ശമ്പള പരിഷ്കാരം വന്നപ്പോൾ സെക്രട്ടറിമാരുടെ കാര്യംമാത്രം ഒന്നും പറഞ്ഞില്ല. അവരുടെ ശമ്പളം സംബന്ധിച്ചും ഗവണ്മെൻറ് ഒരു തീരുമാനം ചെയ്യുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സെക്രട്ടറിമാരൊക്കെ ഐ. എ. എസ് കാരാണെന്നു ഗണിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇപ്പോൾ എല്ലാവരും ഐ. എ. എസ്. കാർ അല്ലല്ലൊ. അതുകൊണ്ട് ആ കാര്യം കൂടി ഗൗനിച്ചാൽ കൊള്ളാം.

മറെറാന്നു കയർ വില്പനനികുതിയെ സംബന്ധിച്ചാണ്. ഒമ്പതുലക്ഷം ജനങ്ങൾ ഈ തൊഴിലുകൊണ്ട് ഉപജീവിക്കുന്നു. അത്ര പ്രാധാന്യമുള്ള ഈ കയറിനെ വില്പനനികുതിയിൽനിന്നും ഒഴിവാക്കണമെന്നു ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിട്ടും ഗവണ്മെൻറ് ഒഴിവാക്കിയിട്ടില്ല. 1955 ജാനുവരിവരെ വില്പനനികുതി നിറുത്തൽചെയ്തിട്ടുള്ളതായി എനിക്കറിയാം. അതിനുമുമ്പ് മൾട്ടിപ്പായിൻറ് വില്പനനികുതി സിംഗിൾപായിൻറ് വില്പനനികുതി ആക്കിയിട്ടുള്ളതായും എനിക്കറിയാം. എങ്കിലും കയറിനെ വില്പനനികുതിയിൽനിന്നും പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്. ഈക്കാര്യത്തിൽ ഗവണ്മെൻറ് എന്തെങ്കിലും ചെയ്തില്ലെങ്കിൽ കയർ വ്യവസായം അധഃപതിക്കാൻ ഇടയുണ്ട്. അതുപോലെതന്നെ കാർഷികോല്പന്നങ്ങളുടെ വിലയിടിവ് കർഷകരെ വിഷമിപ്പിക്കുന്നുണ്ട്. നെല്ലുവില സ്റ്റാൻഡാർഡിനു ഇന്ന് ഒന്നേകാൽ രൂപയായി. കണ്ടകൃഷിപ്പാട്ടത്തിനു സർക്കാർ നിശ്ചയിച്ചിരിക്കുന്ന പഴയവില രണ്ടുരൂപാ രണ്ടണയാണ്. അതു കുറവുചെയ്യാൻ ഉടനെ നിശ്ചയംചെയ്തു കർഷകരെ സഹായിക്കേണ്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ പ്രദേശത്തിനു കുട്ടനാട് എന്ന പേരു വരാനുള്ള കാരണമെന്താണ്?

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടൻ എന്ന ഒരു പുലയരാജാവ് അവിടെ ഭരിച്ചിരുന്നതായിട്ട് ഒരു ഐതിഹ്യമുണ്ട്. അതിനു ഉപോൽബലമായി ആലപ്പുഴ—കൊല്ലം റോഡിൽ കുട്ടൻെറ ഒരു പ്രതിമയും കാണുന്നുണ്ട്.

ശ്രീ. എൻ. നാരായണക്കുറുപ്പ്: സർ, അടുത്തതായി എനിക്കു പറയാനുള്ളത് എൻ. ഇ. എസ്സ്. ബ്ലോക്കിനെ സംബന്ധിച്ചാണ്.

ശ്രീ. ടി. പി. സീതാരാമൻ: ഞങ്ങൾ കുറേപ്പേർ കുട്ടനാട്ടിൽ താമസിക്കുന്നതിനായി വരാൻ നിശ്ചയിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെംബർക്കു സമ്മതമാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: എനിക്കു വളരെ സമ്മതമാണ്, ഒരു വിസമ്മതവും ഇല്ല.

സർ, കുട്ടനാട് ഡെവലപ്പുമെൻറു ബ്ലോക്കിൻെറ കിഴക്കുവശമായും പുളിക്കീഴ് എൻ. ഇ. എസ്സ്. ബ്ലോക്കിനു പടിഞ്ഞാറുവശമായും, കുട്ടനാട്ടിൻെറ ഭാഗമായ, തലവടി, കോഴിമുക്ക്, പുളിങ്കുന്ന്, രാമങ്കരി, മുട്ടാർ, വെളിയനാട്, ഈ വില്ലേജുകൾ ചേർത്ത് ഒരു എൻ. ഇ. എസ്സ്. ബ്ലോക്ക് ഇക്കൊല്ലം അനുവദിക്കേണ്ടത്യാവശ്യമാണ്.

ശ്രീ. പി. നാരായണൻ പോററി: ഹെഡ് ഓഫ് അഡ്മിനിസ്ട്രേഷൻെറ കാര്യമാണോ ഈ പറയുന്നത്?

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഇതുവരെ ഞാൻ ചെയ്ത പ്രസംഗം അങ്ങനെയാണു മനസ്സിലാക്കുന്നതെങ്കിൽ അങ്ങനെതന്നെ മനസ്സിലാക്കിക്കൊള്ളണം. സർ, കുട്ടനാട്ടിൽ പല സ്ഥലങ്ങളിലും കുടിക്കുന്നതിനുപോലും വെള്ളം കിട്ടാതെയാണിരിക്കുന്നത്. ആ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുന്നതിനുവേണ്ടി സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു പല പ്രാവശ്യവും ഞാൻ ഈ നിയമസഭയിൽ ആവലാതിപ്പെട്ടിട്ടുണ്ട്. സാധുക്കളായ കൃഷിത്തൊഴിലാളികൾ കൂട്ടംകൂട്ടമായി താമസിക്കുന്ന ഒരു സ്ഥലമാണ് അത്. അവർക്കു കുടിക്കുന്നതിനു ശുദ്ധജലം വിതരണം ചെയ്യുന്നതിനുപുറമെ വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന നഷ്ടത്തിൽനിന്നും അവരെ രക്ഷിക്കുന്നതിനുവേണ്ടി അവർ താമസിക്കുന്ന കുടിലുകൾക്കു സമീപം ഓരോ പകുതിയിലും ഒരേക്കർ വീതം പുരയിടങ്ങൾ, വെള്ളപ്പൊക്കലവലിൻെറ മുകൾവരെ പൊക്കിയിടേണ്ടതും ആ സ്ഥലങ്ങളിൽ കോളനികൾ ഉണ്ടാക്കി തൊഴിലാളികൾക്കു താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ കൊടുക്കേണ്ടതുമാണ്. പഞ്ചവത്സരപദ്ധതിയനുസരിച്ചു ഈ കാര്യം നിർവ്വഹിക്കാനുള്ള തുക കൊള്ളിക്കേണ്ടതാണ്. മറെറാരു കാര്യം കുട്ടനാട്ടിലെ പഞ്ചായത്തുകളെ സംബന്ധിച്ചാണ്. സംസ്ഥാനത്തെ ഇതര പഞ്ചായത്തുകളെ അപേക്ഷിച്ചു കുട്ടനാട്ടിലുള്ള പഞ്ചായത്തുകൾക്കു പ്രത്യേക പരിഗണന നൽകേണ്ടതായ ഒരു പരിതഃസ്ഥിതിയാണ് അവിടെ ഉള്ളത്. ഏകദേശം പതിമൂന്നു പഞ്ചായത്തുകൾ അവിടെയുണ്ട്. ഈ പഞ്ചായത്തുകൾക്കു ജനങ്ങൾക്കു ഉപയോഗപ്രദമായ പല ആവശ്യങ്ങളും നിറവേററുന്നതിനു പണം ചിലവിടുന്നതിന് കഴിവില്ലാതായിരിക്കുന്നു. ഒരു വീട്ടിൽനിന്നും മറെറാരു വീട്ടിലേക്കു പോകണമെങ്കിൽ തന്നെയും ഒന്നുകിൽ വള്ളത്തിൽക്കൂടിയോ അല്ലെങ്കിൽ വെള്ളത്തിൽക്കൂടിയോ ആണ് പോകേണ്ടിയിരിക്കുന്നത്. കുട്ടനാട്ടിൽ സഞ്ചാരസൗകര്യത്തിനു അതാതു സ്ഥലങ്ങളിൽ ചെറിയ ചെറിയ പാലങ്ങൾ കെട്ടിക്കൊടുക്കണമെന്നു ഞാൻ പല തവണയും ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. മററു താലൂക്കുകളെ അപേക്ഷിച്ചു കുട്ടനാട്ടിലെ ഒരു പ്രത്യേകതയാണു ഞാൻ

[ശ്രീ. എൻ. നാരായണക്കുറുപ്പ്]

ഈ പറയുന്നത്. അതുകൊണ്ട് കുട്ടനാട്ടു പഞ്ചായത്തുകൾക്ക് മററു പഞ്ചായത്തുകളെ അപേക്ഷിച്ചു കൂടുതൽ തുക ഗ്രാൻറായും സ്പെഷ്യൽ ഗ്രാൻറായും അനുവദിക്കേണ്ടതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: കുട്ടനാട്ടിൽ ചാഴിയുടെയും കോരയുടെയും ശല്യം ഉണ്ടെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എൻ. നാരായണക്കുറുപ്പ്: അതു രണ്ടും സാരമില്ല. വൈദ്യന്മാരുടെയും ശല്യം ഉണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ബഹുമാനപ്പെട്ട കോട്ടയം മെംബർ ഇവിടെ അവതരിപ്പിച്ച കട്ട്മോഷനെ ഞാൻ അനുകൂലിക്കുകയാണ് ചെയ്യുന്നത്. ഈ മോഷനെ പിൻതാങ്ങിക്കൊണ്ട് ഞാൻ സംസാരിക്കുമ്പോൾ ഈ മന്ത്രിസഭയുടെ നയപരിപാടികളെപ്പററി പൊതുവായി ചില കാര്യങ്ങൾ സംസാരിക്കാമെന്നുദ്ദേശിക്കുന്നു. എന്നാൽ ഞങ്ങളെപ്പോലുള്ള ആളുകൾ ഇപ്രകാരമുള്ള അവസരത്തിൽ ഭരണകക്ഷിയുടെ നയത്തെ പൊതുവായി വിമർശിക്കുമ്പോൾ ഞങ്ങളുടെ നിയോജകമണ്ഡലത്തിന്റെ പ്രാദേശികാവശ്യങ്ങളെപ്പററി ഒന്നും ഞങ്ങൾക്കു പറയുവാനില്ലെന്നു ധരിക്കരുതെന്ന് ഞാൻ ആദ്യമെ പറഞ്ഞുകൊള്ളുന്നു. എൻ. ഇ. എസ്സ്. ബ്ലോക്കിനെപ്പററിയും കുഴൽക്കിണറുകളെപ്പററിയും ഞങ്ങൾ സംസാരിക്കാത്തതു ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ ഈ വക ആവശ്യങ്ങൾ ഉണ്ടെന്നുള്ളതു മന്ത്രിമാർ വിസ്മരിക്കുകയില്ലായെന്നുള്ള ബോധ്യം കൊണ്ടാണ്. സർ, ഈ മന്ത്രിസഭയുടെ നയപരിപാടികളെ സംബന്ധിച്ചു പൊതുവായി പറയുമ്പോൾ, ഇന്നു തിരുവിതാംകൂർ-കൊച്ചിയിൽ രാഷ്ട്രീയമായി ഉണ്ടായിട്ടുള്ള പല കേസ്സുകളിലും ഉൾപ്പെട്ട കുറെ അധികം ആളുകൾ ശിക്ഷിച്ചും അല്ലാതെയും സബ് ജയിലുകളിലും സെൻട്രൽ ജയിലിലും മററും കിടപ്പുണ്ട്. ഈ കേസ്സുകൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള കഴിവില്ലായ്മ നിമിത്തം പല വിഷമങ്ങളും ക്ലേശങ്ങളും അനുഭവിക്കുന്നവരാണു ഇവരിൽ അധികവും. രാഷ്ട്രീയത്തിന്റെ പേരിൽ പല കള്ളക്കേസ്സുകളും ചമച്ചുവയ്ക്കുന്നുണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ, തമിഴനാട്ടിൽ ഈയിടെ ഉണ്ടായ പ്രക്ഷോഭണത്തിൽ ഏകദേശം ആയിരത്തോളം ആളുകളുടെ പേരിൽ കേസ്സെടുത്തിരിക്കുകയാണ്. ഒരു പക്ഷെ, ഇത്രയും ആളുകൾ രാഷ്ട്രീയകാരണങ്ങളാൽ ഒരു പ്രക്ഷോഭണം നാട്ടിലുണ്ടാക്കിയാൽ തന്നെയും അതു അവരുടെ ഓരോരുത്തരുടെയും വ്യക്തിപരമായ ആവശ്യങ്ങൾക്കു വേണ്ടിയോ താൽപ്പര്യങ്ങൾക്കുവേണ്ടിയോ അല്ലെന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. അവരുടെ സ്വന്തം കാര്യങ്ങൾക്കുവേണ്ടി അതായതു്, വ്യക്തിതാല്പര്യത്തിനുവേണ്ടി പ്രക്ഷോഭണം ഉണ്ടാക്കുകയോ പ്രക്ഷോഭണത്തിൽ ഏർപ്പെടുകയോ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ കേസ്സുകളെടുത്തിരുന്നതെങ്കിൽ ഈ മന്ത്രിസഭയോടു മാത്രമല്ല ഒരു മന്ത്രിസഭയോടും അവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കണമെന്നു ആവശ്യപ്പെടാൻ ഞങ്ങൾ മുമ്പോട്ടു വരികയില്ലായിരുന്നു. തമിഴനാട്ടിലുണ്ടായ ഈ സംഭവത്തിൽ ഇത്രയധികം ആളുകളുടെ പേരിൽ കേസ്സെടുക്കുന്നതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ചതു രാഷ്ട്രീയമനോഭാവം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. സർ, ഞാൻ അങ്ങയോടു ഒന്നു

ചോദിച്ചുകൊള്ളുന്നു. തമിഴ്നാട്ട് പ്രക്ഷോഭണത്തിൽ പങ്കെടുത്തവർ ആരെല്ലാമായിരുന്നു, പ്രധാനമായിട്ട് അവരുടെ പ്രവർത്തനങ്ങൾ ആരംഭിച്ചതു ഏതു തരത്തിലായിരുന്നു, അവരുടെ ലക്ഷ്യം, എന്തായിരുന്നു, എന്നൊക്കെ ചിന്തിക്കേണ്ട കാര്യങ്ങളാണ്. വാസ്തവത്തിൽ ജനാധിപത്യപരമായ അവകാശവാദങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തിയതിനാണ് അവരുടെ പേരിൽ കേസ്സെടുക്കാൻ കാരണം. ഭാഷാപരമായ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനം വേണമെന്നുള്ള ആഗ്രഹത്തോടുകൂടി, തങ്ങളുടെ അവകാശവാദം സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി പടപൊരുതിയ രാഷ്ട്രീയബോധമുള്ള ജനതയാണ് തമിഴ്നാട്ടിലുള്ളത്. രാഷ്ട്രീയമായ പകപോക്കലിനുവേണ്ടി ചില നേതാക്കന്മാർ ഈ ആദർശത്തിൽ നിന്നും കാലു മാറിയിട്ടുണ്ടെങ്കിലും ഏറിയ ഭാഗവും ജനാധിപത്യപരമായ അവകാശവാദങ്ങൾക്കുവേണ്ടി സമരം ചെയ്യുവരാണ് അവർ. അങ്ങനെ ദേശാഭിമാനികളായ അനേകം തമിഴ്മക്കളുടെ മേൽ ഇന്നും അനേകം കേസ്സുകൾ നിലവിലിരിക്കുന്നുവെന്നുള്ള സംഗതി വിസ്മരിക്കാവതല്ല. ജനാധിപത്യതത്വങ്ങളുടെ പൈതൃകം അവകാശപ്പെടുന്ന ഇംഗ്ലണ്ടിലും, അമേരിക്കയിലും ജനാധിപത്യത്തിന്റെ വികസനത്തിനുവേണ്ടിയുള്ള സമരത്തിൽ രാജാക്കന്മാരുടെ തലപോലും ആഹുതി ചെയ്തിട്ടുണ്ട്, എന്നുള്ള സംഗതി വിസ്മരിക്കരുത്. ഞാൻ മുമ്പുതന്നെ പറയുകയുണ്ടായി ഈ കേസ്സിൽ അകപ്പെട്ടിട്ടുള്ളവരിൽ കുറെയധികംപേരും നിരപരാധികളായിട്ടുള്ളവരാണെന്ന്. എന്തുതന്നെയായാലും ഒരു ഗവണ്മെന്റിന്റെ ചെയ്തികൾ തെറ്റായിരുന്നാൽ പിന്നെ വരുന്ന ഗവണ്മെന്റ് എങ്കിലും ബുദ്ധിപൂർവ്വം ചിന്തിച്ചു ആ തെറ്റുകൾക്ക് പരിഹാരം കാണേണ്ടതല്ലേ? തമിഴ്നാട്ട് കേസ്സുകളിൽ പലതും മൈസൂരിലേക്കു മാറ്റപ്പെട്ടിരിക്കുകയാണ്. ആ കേസ്സുകളിലെ പ്രതികൾ മൈസൂരിൽ പോയി കേസ്സ് നടത്തേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ താമസിക്കുന്ന ഒരാൾ മൈസൂരിൽ ചെന്നു കേസ്സു നടത്തുക എന്നുവന്നാൽ എന്തെല്ലാം കഷ്ടനഷ്ടങ്ങളും ബുദ്ധിമുട്ടുകളുമാണ് അനുഭവിക്കേണ്ടിവരുന്നതെന്നു ഒരു പക്ഷേ അങ്ങേയ്ക്കു അറിഞ്ഞുകൂടായിരിക്കാം. ഒരു കോടതിയിൽ, അതും വിദൂരസ്ഥിതമായ ഒരു കോടതിയിൽ പോയി കേസ്സുകൾ നടത്തേണ്ടതായിവരുന്ന ഒരു സാധാരണ മനുഷ്യനെ നേരിടുന്ന വൈഷമ്യങ്ങൾ എന്തൊക്കെയാണെന്നു എനിക്കു നല്ലതുപോലെ അറിയാം. തമിഴ്നാട്ട് കേസ്സുകൾ പിൻവലിക്കണമെന്നു ഞങ്ങളുടെ ഭാഗത്തുനിന്നും പറയുമ്പോൾ ശ്രീ. കുഞ്ഞൻ നാടാർ മുതൽപേർ ഈ കേസ്സുകൾ പിൻവലിക്കരുതെന്നാണ് അഭിപ്രായപ്പെട്ടതു. പക്ഷെ, ഈ കേസ്സ് നടത്തണമെന്നുള്ള ആഗ്രഹം മി. കുഞ്ഞൻ നാടാർക്കു ഉണ്ടായിരുന്നാൽതന്നെയും കുഞ്ഞൻ നാടാരുടെ അനുയായികൾക്കു ഈ ഉദ്ദേശം കാണും എന്ന് തോന്നുന്നില്ല. ആ സ്ഥിതിക്ക് അവരെ ഉദ്ദേശിച്ചെങ്കിലും ഈ കേസ്സുകൾ പിൻവലിക്കേണ്ടതാണ്. കാലഗതിക്കനുസരണമായി ജനങ്ങൾ പ്രവർത്തിക്കാൻ വെമ്പൽകൊള്ളുന്നതു ഇവിടെ മാത്രമല്ല ലോകത്തെവിടെയും സംഭവിക്കുന്ന ഒരു കാര്യമാണ്. ചില കാലഘട്ടങ്ങളിൽ രാഷ്ട്രീയമായ അവകാശവാദങ്ങൾക്കുവേണ്ടി സമരംചെയ്യുന്ന ആളുകൾ ഉണ്ടാകും, അവരുടെ പേരിൽ അന്നിരിക്കുന്ന ഗവണ്മെന്റ് കേസ്സുകളും എടുത്തിരിക്കും. അങ്ങനെ പല രാഷ്ട്രീയ പോരാട്ടത്തിന്റെയും കേസ്സുകളുടെയും ഫലമായിട്ടാണ്, പല രാഷ്ട്രീയ സംഭവവികാസങ്ങളുടെ ഫലമായിട്ടാണ് നമ്മുടെ രാജ്യം ഈ നിലയിൽ എത്തിയിട്ടുള്ളതെന്നു ഞാൻ പറയുമ്പോൾ കുറെ വർഷങ്ങളായി നമ്മുടെ രാജ്യത്തു ഉണ്ടായിട്ടുള്ള രാഷ്ട്രീയ പരിവർത്തനങ്ങൾ എന്തെല്ലാമായിരുന്നു

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

വെന്ന് ചിന്തിക്കേണ്ടതുണ്ട്. 1947-നു മുമ്പുണ്ടായിട്ടുള്ള രാഷ്ട്രീയസമര ചരിത്രത്തിലേക്കു നാമൊന്നു കണ്ണോടിച്ചാൽ എന്തെല്ലാം സംഭവവികാസങ്ങളാണു അതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതെന്നു കാണാൻ കഴിയും. എന്നാൽ അപ്പോഴപ്പോഴുണ്ടാകുന്ന ഗവണ്മെന്റുകൾ ഈ കാര്യങ്ങളൊന്നും ചിന്തിക്കാതെതന്നെ പഴമയുടെ ചുവട്ടടിയിൽക്കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഗവണ്മെന്റിന്റെ ഈ നിലപാട് നിശ്ശേഷം മാറേറണ്ടതാണ്. സർ, അതുപോലെതന്നെ ഇടപ്പള്ളി, ശൂരനാട് കേസ്സുകളിലെ പ്രതികളും രാഷ്ട്രീയമായ പ്രക്ഷോഭണങ്ങളിൽ പങ്കെടുത്തതു് അവരുടെ സ്വന്തം കുടുംബം പോററാനോ, അല്ലെങ്കിൽ സ്വന്തം ലാഭത്തിനെ ഉദ്ദേശിച്ചോ, അല്ലെങ്കിൽ അതുപോലെയുള്ള മറേറതെങ്കിലും വ്യക്തിപരമായ ഉദ്ദേശസാദ്ധ്യത്തിനോ അല്ല. അങ്ങനെയായിരുന്നുവെങ്കിൽ അവരുടെ പേരിലുണ്ടായിട്ടുള്ള കേസ്സുകൾ പിൻവലിക്കണമെന്നു എന്റെ പാർട്ടി ആവശ്യപ്പെടുകയില്ലായിരുന്നു. അതുകൊണ്ടു് രാഷ്ട്രീയതടവുകാരെ ജയിലിൽ നിന്നും മോചിപ്പിക്കുകയും രാഷ്ട്രീയപ്രവർത്തകരുടെ മേലുള്ള ക്രിമിനൽ കേസ്സുകൾ പിൻവലിക്കുകയും ചെയ്യണമെന്നു് പ്രത്യേകം ആവശ്യപ്പെട്ടുകൊള്ളുന്നു.

ശ്രീ. കെ. സി. ജാർജ്ജ്: തമിഴ്നാട് പ്രക്ഷോഭണത്തിൽപ്പെട്ട നേതാക്കന്മാരുടെ കേസ്സുകൾ പിൻവലിക്കേണ്ടെന്നും മററുള്ളവരുടെ കേസ്സുകൾ പിൻവലിക്കണമെന്നും പറഞ്ഞതെന്തുകൊണ്ടാണ്?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഒരുദിവസം ഈ നിയമസഭയിൽ വച്ചുതന്നെ ശ്രീ. കുഞ്ഞൻനാടാർ പറയുകയുണ്ടായി അദ്ദേഹത്തിന്റെ പേരിലുള്ള കേസുകൾ പിൻവലിക്കുന്നതിന് സ്വന്തനിലയിൽ അദ്ദേഹത്തിന് അഭിപ്രായമില്ലെന്ന്. അതുകൊണ്ടു് അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിപരീതമായിട്ടു് അദ്ദേഹത്തിന്റെ കേസ്സുകൾ പിൻവലിക്കാനാവശ്യപ്പെടുന്നതു് ശരിയല്ലല്ലോ എന്നു വിചാരിച്ചാണ് അപ്രകാരം പറഞ്ഞിട്ടുള്ളതു്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ മുമ്പൊരസ്സംബ്ലിയിൽ അദ്ദേഹം ഒരു സഹമന്ത്രി മാത്രമായിരുന്ന കാലത്തു് ഇവിടെ നടക്കുന്നതു് മഹാകാവ്യമാണെന്നും, ഒരുകൂട്ടർ ഗവണ്മെന്റിനെ അനുകൂലിച്ചും മറെറാരു കൂട്ടർ പ്രതികൂലിച്ചും സംസാരിക്കുകയെന്നതു് കാവ്യത്തിലെ ഓരോ ഘട്ടങ്ങളാണെന്നും പറയുകയുണ്ടായിട്ടുണ്ടു്. അന്നദ്ദേഹം അങ്ങനെ പ്രസംഗിച്ചതു് ഫലിതരൂപേണ മാത്രമായിരുന്നു എന്നാണ് ഞങ്ങളിൽ പലരും വിശ്വസിച്ചിരുന്നതു്. പക്ഷേ ഇപ്പോൾ അതും വെറും ഫലിതമല്ലായിരുന്നു എന്ന് ഞങ്ങൾക്കു മനസ്സിലാകുന്നുണ്ടു്. ഈ സഭയിൽ നടത്തുന്ന വിമർശനങ്ങളെ ഗവണ്മെന്റു വകവയ്ക്കുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. അതു് ഞങ്ങളുടെ പാർട്ടിയിലെ ആളുകളുടെ കാര്യത്തിൽ മാത്രമല്ല, മുഖ്യമന്ത്രിയുടെ ഭാഗത്തിരിക്കുന്നവരിൽ നിന്നുമുള്ള വിമർശനങ്ങൾക്കും അതുതന്നെയാണ് ഗതി. ബഹുമാനപ്പെട്ട വിജയപുരം മെമ്പർ ശ്രീ മാക്കോസ് കഴിഞ്ഞ ദിവസം വേദനയോടുകൂടി ഈ സഭയിൽ പ്രസ്താവിച്ച സംഗതികൾ എനിക്കോർമ്മവരുന്നു. മന്ത്രിത്തമ്പുരാക്കന്മാരുടെ പടി തുറപ്പിക്കാൻ അദ്ദേഹം കുറെനാളായിട്ടു കരയുകയാണെന്നു്. എന്നിട്ടും പടിതുറക്കാത്തതിനാൽ കര മാററി കടിയിലേക്കു മാറിയാലെ

ന്തെന്നുകൂടി അദ്ദേഹം ആലോചിച്ചുവരികയാണ്. കാൺഗ്രസ്സു പാർട്ടിയിൽ നിന്നുതന്നെയുള്ള ചെറിയവിമർശനങ്ങളെ ചെവിക്കൊള്ളുന്നതിനു പോലും ഇവർ തയ്യാറല്ലെന്നുള്ളതിനു് ദൃഷ്ടാന്തമാണിതു്. സർ, മറെറാരുകാര്യംകൂടി. ശ്രീ. കുഞ്ഞൻനാടാർ ഒരു പോലീസു് ഉദ്യോഗസ്ഥന്റെ പേരിൽ ഉത്തരവാദിത്വത്തോടുകൂടി വ്യക്തമായ ഒരാരോപണം ഉന്നയിക്കുകയുണ്ടായി. ഒരു സർക്കിൾ ഇൻസ്പെക്ടർ തമിഴ്നാടു് കേസ്സു് സംബന്ധിച്ചു് 300 രൂപാ കൈക്കൂലി വാങ്ങിയെന്നു തെളിവുതരാൻ തയ്യാറാണെന്നു് ഈ നിയമസഭയിൽവച്ചു് അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. വളരെ ഉത്തരവാദത്തോടുകൂടി ഭരിക്കുന്ന പാർട്ടിയിലെ ഒരംഗം ചെയ്ത ഒരു ആരോപണമാണു് ഇതു്. നേരെമറിച്ചു് ഞങ്ങളുടെ പാർട്ടിക്കാർ ആയിരുന്നു ഇത്തരം ഒരാരോപണം ഉന്നയിച്ചിരുന്നതെങ്കിൽ പ്രചരണത്തിനു വേണ്ടിയുള്ള ഒരു സ്റ്റണ്ടാണു് എന്നു പറയാമായിരുന്നു. കാൺഗ്രസ്സു് പാർട്ടിയിലെ അംഗമായ ശ്രീ. കുഞ്ഞൻനാടാർ ഈ വിധത്തിലുള്ള ഒരാരോപണം ഉന്നയിച്ചതു് ഇന്നത്തെ മന്ത്രിസഭയെ മറിച്ചിടുന്നതിനോ, അതിനെതിരായി പ്രചരണത്തിനോ ആയിരിക്കുകയില്ലല്ലോ. ഈ ഉദ്യോഗസ്ഥന്റെ മേൽ എന്തു നടപടി കൈക്കൊണ്ടിരിക്കുന്നു എന്നറിയുന്നതിനു് ഞങ്ങൾക്കാഗ്രഹമുണ്ടു്. മറെറാരു കാര്യംകൂടി. പബ്ലിക്കു് സർവീസിലേക്കുള്ള നിയമനത്തിൽ ഗവണ്മെൻറിടപെട്ടു് ചില ഡിസ്ക്രിമിനേഷൻസ് നടത്തുന്നുണ്ടു്. കഴിഞ്ഞദിവസം ഇങ്ങനെയുള്ള നിയമനങ്ങളുടെ കാര്യത്തിൽ ഗവണ്മെൻറു് ചെയ്തുകൊണ്ടിരിക്കുന്ന അനീതി എന്റെ ചില സ്നേഹിതന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി.

ചീഫ്മിനിസ്റ്റർ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഈ പ്രശ്നംവളരെസൗകര്യമായി വിസ്മരിക്കുകയാണുണ്ടായതു്. പബ്ലിക്ക് സർവീസ് കമ്മിഷൻ ആളുകളെ ഇൻറർവ്യൂ ചെയ്തു പരിശോധിച്ചു സെലക്ററു ചെയ്തതിൽ പിന്നീടു് രാഷ്ട്രീയ കാരണങ്ങൾ കൊണ്ടു് അവരെ നിയമിക്കാതിരിക്കുന്നതു് വലിയ തെററാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. വലിയ കുഴപ്പം ഒന്നും കാണിച്ചില്ലെങ്കിൽതന്നെയും കാൺഗ്രസ്സു് പാർട്ടിക്കു് അനുകൂലമായി പ്രവർത്തിച്ചില്ലെങ്കിൽ കമ്മ്യൂണിസ്റ്റു് മുദ്രകുത്തി പോലീസ്സുകാർ റിപ്പോർട്ടുചെയ്യുകയാണു് ചെയ്യുന്നതു്. ഈ അസംബ്ലിയിലെ മെംബറന്മാരായി തെരഞ്ഞെടുക്കപ്പെടുന്നതിനും അങ്ങനെ അധികാരത്തിൽ വരുന്നതിനും മററു മററ മെംബറന്മാരെപ്പോലെതന്നെ അവകാശമുള്ള—ഭരണഘടനപ്രകാരംതന്നെ അധികാരവും അവകാശവും സ്വാതന്ത്ര്യവുമുള്ള—ഒരു പാർട്ടിയിലെ മെംബറെന്നോ ആ പാർട്ടിക്കനുകൂലമായി വല്ലതും പ്രവർത്തിച്ചെന്നോ ഉള്ള കാരണംകൊണ്ടു് ആർക്കെങ്കിലും ഉദ്യോഗം നിഷേധിക്കുന്നതു് അങ്ങേയററം അപലപിക്കേണ്ട ഒരു നടപടിയാണു്. സർ, ഇങ്ങനെയുള്ള യുവാക്കന്മാരെ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതുകൊണ്ടു് ബുദ്ധിമാന്മാരായ വളരെ ആളുകളുടെ സേവനം ഗവണ്മെൻറിനു നഷ്ടപ്പെടുന്നുണ്ടു്. അതൊരു നാഷനൽ ലാസ്സുകൂടിയാണു്. സമർത്ഥനായ ഒരാളെ രാഷ്ട്രീയാടിസ്ഥാനത്തിന്റെ പേരിൽ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതു വളരെ ആലോചിച്ചു വേണമെന്നു പറയേണ്ടിയിരിക്കുന്നു. ഇൻഡ്യൻ ഭരണഘടനയിൽ ഒരു സംഗതി പറയുന്നുണ്ടു്. ഏററവും പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിലെ അംഗങ്ങൾക്ക വികസനത്തിനും വളർച്ചയ്ക്കും ഗവണ്മെൻറിൽ നിന്നും പ്രത്യേകം സൗകര്യങ്ങളും ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നു് ഭരണഘടന അനുശാസിക്കുന്നുണ്ടു്. എന്റെ ഐ. എൻ. ററി. യു. സി. സ്നേഹിതന്മാർ

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

എന്തുതന്നെ പറഞ്ഞിരുന്നാലും പട്ടികജാതിയിലും മററവശസമുദായത്തിലും പെട്ട ആളുകൾ ഒന്നടങ്കംതന്നെ, കർഷകത്തൊഴിലാളിവിഭാഗത്തിലും മററു തൊഴിലാളി വിഭാഗത്തിലും പെട്ടവരെല്ലാം തന്നെ, ഇന്ന് ഒന്നടങ്കം കമ്മ്യൂണിസ്ററപാർട്ടിയോടു കൂറുള്ളവരാണ്. അക്കാരണത്താൽ അവർക്കിന്നു പബ്ലിക്ക്സർവ്വീസ്സുകളിൽ പ്രവേശനം നിഷേധിക്കുന്നുണ്ട്. അതു് ഭരണഘടനയുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണ്. ഇങ്ങനെയുള്ള പാവപ്പെട്ട ആളുകൾക്ക് ഉദ്യോഗം നിഷേധിക്കുന്നതിനെപ്പററി പറയുവാൻ അധികമൊന്നുമില്ല. ബഹുമാനപ്പെട്ട മെംബർ മി. മാർക്കോസ് അവർകളുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഈ മന്ത്രി തമ്പുരാക്കന്മാരുടെ പടി തുറക്കുവാൻ വേണ്ടി കര നിരത്തി കടി തുടങ്ങേണ്ട ആവശ്യം വന്നിട്ടുള്ളതായിട്ടാണ് തോന്നുന്നതു്.

<u>ശ്രീ. പി. എം. മാർക്കോസ്</u>: അധഃകൃതർ മന്ത്രിമാരെ തമ്പുരാക്കന്മാരെന്നാണോ വിളിക്കേണ്ടതു്?

<u>ശ്രീ. എൻ. രാഘവക്കുറുപ്പ്</u>: "പടി തുറക്കണമെന്നു" പറഞ്ഞപ്പോൾ "തമ്പുരാക്കന്മാരുടെ" എന്നാണ് ധരിച്ചതു്.

<u>ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി</u>: ബഹുമാനപ്പെട്ട മെംബർ മി. മാർക്കോസ് 'മന്ത്രിത്തമ്പുരാൻ' എന്ന വാക്കു ഉപയോഗിച്ചോ?

<u>ശ്രീ. എൻ. രാഘവക്കുറുപ്പ്</u>: പടി തുറക്കണമെന്നു പറഞ്ഞു. സാധാരണയായി 'പടി' എന്നു പറയുന്നതു് തമ്പുരാക്കന്മാരുടെ വീടിനാണ്.

<u>ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി</u>: സർ, അസംഗതമായ ഈ മാതിരി പ്രസ്താവനകൾ നടത്തുവാൻ അനുവദിക്കരുതു്.

<u>ശ്രീ. എൻ. രാഘവക്കുറുപ്പ്</u>: സർ, ഇന്ന് തൊഴിലില്ലായ്മ വളരെ വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം വർദ്ധിച്ചുവരുന്നതോടുകൂടി തൊഴില്ല കിട്ടാത്ത വളരെയാളുകൾ നാട്ടിലുണ്ട്. വിദ്യാഭ്യാസകാലം കഴിഞ്ഞു് കലാശാലകളിൽ നിന്നും വെളിയിൽ വരുമ്പോൾ ഉപജീവനത്തിന് എന്തെങ്കിലും ജോലി കിട്ടണമെന്ന് എല്ലാവരും ആഗ്രഹിക്കും. എന്നാൽ ചില രാഷ്ട്രീയാഭിപ്രായങ്ങൾ ഉദ്യോഗലബ്ധിക്കു തടസ്സമെന്നു കണ്ടാൽ യുവാക്കന്മാരതിൽ നിന്നും ഒഴിഞ്ഞുനിൽക്കുമായിരിക്കും എന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം. സർ, ഇതു വളർന്നുവരുന്ന തലമുറയുടെ ബുദ്ധിവികാസത്തിനെ തടസ്സപ്പെടുത്തുന്ന ഒരു നടപടിയല്ലേ? യുവാക്കന്മാരുടെ ബുദ്ധിവികാസത്തിനു വേലികെട്ടുകയല്ലേ ഇവർ ചെയ്യുന്നതെന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്.

സർ, ഒരു കാര്യംകൂടി പറഞ്ഞു് ഞാനെൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ചില മന്ത്രിമാർ ഈ നിയമസഭയിൽ നൽകുന്ന മറുപടികളെ സംബന്ധിച്ചിടത്തോളം പല പരാതികളും ഉണ്ടായിട്ടുണ്ട്. ഇതു് പറയുമ്പോൾ എനിക്ക് ഒരു സംഭവം ഓർമ്മവരുന്നു. കുറച്ചുകാലം മുമ്പ് കോട്ടയത്തുള്ള സെഷ്യൻസുകോടതിയിൽ ഒരു കേസ്സ് നടക്കുകയായിരുന്നു. പ്രതിഭാഗം കേസ്സു നടത്തുന്നതിന് എറണാകുളത്തുനിന്നും സമർത്ഥനായ ഒരഭിഭാഷകനെയാണ് ഏർപ്പെടുത്തിയിരുന്നതു്. സർക്കാർ

ഭാഗത്തുനിന്നും വേറൊരു അധിക്ഷേപമുണ്ടായിരുന്നു. ഈ അഭിഭാഷകർ രണ്ടുപേരും ഈ സഭയിലെ മിക്ക അംഗങ്ങൾക്കും സുപരിചിതരായതുകൊണ്ടു് അവരുടെ പേരു് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ കേസ് നടത്തിവരവെ സർക്കാർഭാഗം വക്കീൽ എന്തോ ചിലതു പറഞ്ഞതിനെത്തുടർന്നു പ്രതിഭാഗം അധിക്ഷേപം പറഞ്ഞതു് ഇതൊരു കോടതിയായതുകൊണ്ടു തൽക്കാലം ഇതിനു മറുപടി പറയുന്നില്ലെന്നാണു്. സരസനായ ഒരു ജഡ്ജിയായിരുന്നു അന്നവിടെയുണ്ടായിരുന്നതു്. ഇഷ്ടംപോലുള്ള മറുപടി പറഞ്ഞുകൊള്ളാമെന്നു കോടതി അനുമതി നൽകി. അതേത്തുടർന്നു് അദ്ദേഹം പറഞ്ഞ സംഗതിയാണു് ചില മന്ത്രിമാർ മറുപടി പറയുന്ന രീതി കാണുമ്പോൾ ഓർമ്മ വരുന്നതു്. സർ, ആ അഭിഭാഷകൻ പറഞ്ഞു 'ഇതിനുള്ള മറുപടി' ഇവന്റെ ചെള്ളക്കൊററ അടിയാണെന്നു്. സർ, ഞാൻ നിറുത്തുകയാണു്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: സർ, ചുരുങ്ങിയ സമയംകൊണ്ടു ചില സംഗതികൾ വ്യക്തമാക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്. നമ്മുടെ നാട്ടിനെ ഇന്നു അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പ്രധാനമായി രണ്ടാണു്. ഒന്നു് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം നാട്ടുകാരുടെയിടയിൽ ക്രയശക്തി ക്ഷയിച്ചിരിക്കുന്നു. രണ്ടാമത്തു് തൊഴിലില്ലായ്മയാണു്. ഈ രണ്ടു പ്രശ്നങ്ങളേയും അഭിമുഖീകരിക്കുന്നതിനു് ഇന്നത്തെ ഗവണ്മെന്റിനു വ്യക്തമായ, തൃപ്തികരമായ ഒരു നയം ഇല്ലെന്നാണു് എന്റെ അഭിപ്രായം. ഈ രാജ്യത്തു കഴിഞ്ഞ 11 മാസങ്ങളായി പ്രജാസോഷ്യലിസ്ററു പാർട്ടി ഭരിക്കുകയുണ്ടായി. മൗലികമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി സമൂലമായ ഒരു നയം പി. എസ്. പി. ഗവണ്മെന്റിനു് ഉണ്ടായിരുന്നു എന്നു ഞാൻ പറയുന്നില്ല. എങ്കിലും പരിമിതമായ സമയം വച്ചുകൊണ്ടു ചിലതെല്ലാം ആ ഗവണ്മെൻറു ചെയ്തിട്ടുണ്ടു്. അതിൽ ഏററവും പ്രധാനമായിട്ടുള്ളതു് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി സോയിൽ കൺസർവേഷനും, ലാൻഡ് കോളനൈസേഷൻ സ്കീമും നടപ്പാക്കുകയാണു്. അതാണു് പി. എസ്. പി. ഗവണ്മെൻറു ചെയ്തതു്.

ശ്രീ. ടി. പി. സീതാരാമൻ: ഇതു രണ്ടും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വസ്തുത അറിയാമോ?

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: പക്ഷെ തിരുവിതാംകൂറിൽ പ്രജാസോഷ്യലിസ്ററു പാർട്ടിയാണു നടപ്പാക്കിയതു്. നാട്ടുകാരുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണു് ലാൻഡു ബില്ലുകൾ. സ്പെഷ്യൽ റൈററ്സ് അബാളിഷൻ ബില്ല്, ഫെയർറെൻറ് ഫിക്സ് ചെയ്യൽ മുതലായവകൊണ്ടു് ക്രയശക്തി വർദ്ധിപ്പിക്കുവാൻ സാധിക്കും. സ്കൂളുകളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾക്കു ഒന്നും രണ്ടും ഫാറങ്ങളിൽ ഫീസ് ഇളവു ചെയ്തതും പ്രധാനപ്പെട്ട ഒരു കാര്യമാണു്. മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്ന അവസരത്തിൽ ഇവിടെ വച്ചുപറഞ്ഞു, തൊഴിലില്ലായ്മക്കു പരിഹാരമുണ്ടാകണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ കൂടുതൽ കൂടുതൽ സ്ഥാപിച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്നു്. അതിനു ഒരു കോടി രൂപയെങ്കിലും മാററിവക്കണമെന്നു് പറയുകയും ചെയ്തു. ആ കാരണങ്ങളുടെ പേരിൽ ആണു് പ്രജാസോഷ്യലിസ്ററു പാർട്ടിക്കു നൽകിയിരുന്ന പിൻതുണ കാൺഗ്രസ്സ് പിൻവലിച്ചതെന്നും

[ശ്രീ. എൻ. ചന്ദ്രശേഖരൻനായർ]

കാൺഗ്രസ്സിലെ ഉത്തരവാദിത്വമുള്ള നേതാക്കന്മാർ പറഞ്ഞിട്ടുണ്ട്. ഇതു പരമാർത്ഥമാണെങ്കിൽ അവർ അധികാരത്തിൽ വന്നതിൽ പിന്നീട് അവർക്ക് വേണ്ട അവസരം ലഭിച്ചിരിക്കുകയാണ്. വ്യവസായീകരണത്തിനുവേണ്ട പദ്ധതി ആസൂത്രണം ചെയ്യുവാൻ തക്ക അവസരം അവർക്ക് ലഭ്യമായിട്ടുണ്ട്. പക്ഷെ അതു അവർ ചെയ്യുവാൻ കൂട്ടാക്കിയിട്ടില്ലെന്നുള്ള പരമാർത്ഥം ബഹുമാനപ്പെട്ട മെംബറന്മാർക്കെല്ലാവർക്കും മനസ്സിലാകുവാൻ സാധിക്കും. ചെറുകിട വ്യവസായങ്ങൾകൊണ്ടുമാത്രമേ സ്ഥിരമായി തൊഴിലില്ലായ്മ ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളുവെന്നു മുഖ്യമന്ത്രി പറഞ്ഞു. പക്ഷെ അതിനുവേണ്ടി എന്തു നടപടിയാണ് എടുക്കുവാൻ പോകുന്നതെന്നു അറിയുന്നില്ല. പ്ലാനിംഗ് കമ്മീഷനുമായി സഹകരിച്ച് എന്തെങ്കിലും വ്യക്തമായ പദ്ധതി ആസൂത്രണം ചെയ്താൽ മാത്രമേ ഇതു സാധിക്കുകയുള്ളു എന്ന് അദ്ദേഹം പറയുന്നു. ഇവിടെ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും മററുമായി ലംപ്സം അലാട്ടുമെൻറായി 75 ലക്ഷം രൂപാ വച്ചിട്ടുണ്ട്. വ്യാവസായികപുരോഗതിയുണ്ടാകണമെങ്കിൽ ചെറുകിട വ്യവസായങ്ങൾ ഒരു അടിസ്ഥാനത്തിൽ തുടർന്നുപോകണം. അതിനാവശ്യമുള്ള മെഷീനറികളും എല്ലാം വരുന്ന പന്ത്രണ്ടുമാസംകൊണ്ട് നടപ്പാകാൻ പോകുന്നില്ല. അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ഒരുഭാഗത്തു അദ്ദേഹം പറയുന്നു തൊഴിലാളികളുടെ സ്ട്രൈക്കുമൂലം വളരെ നഷ്ടം ഗവണ്മെൻറിനുണ്ടായിട്ടുണ്ട് എന്ന്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പണിമുടക്കുമൂലം ഉണ്ടായിട്ടുണ്ടെന്നല്ല പറഞ്ഞിട്ടുള്ളതു്.

ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: സ്ട്രൈക്കും ലാക്കൌട്ടും കാരണം എന്നു പറഞ്ഞിട്ടുണ്ട്. വേറൊരു സ്ഥലത്തു് "May I Sir, avail myself of this occasion to make an earnest appeal to all sections of the House and through them to the people of the State to create within the State an atmosphere of industrial peace and harmony ...." എന്നു പറഞ്ഞു് വിശദീകരണം നൽകിയിട്ടുണ്ട്. എൻെറ അനുഭവം വച്ചുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നെടുമങ്ങാട്ടു താലൂക്കിൽ പ്രസിദ്ധ മുതലാളിയായ ബർലായുടെ രണ്ട് എസ്റ്റേററുകൾ ഉണ്ട്. ബർലായുടെ ഏജൻറന്മാരാണ് അതു് മാനേജുചെയ്തുകൊണ്ടിരിക്കുന്നതു്. ആ എസ്റ്റേററിൽ രണ്ടുമാസം മുമ്പ് ജോലിചെയ്തുകൊണ്ടിരുന്ന 150 തൊഴിലാളികളെ പിരിച്ചുവിട്ടു. മാത്രമല്ല അവരുടെ സ്ഥാനത്തു വെളിയിൽനിന്നും ആളുകളെ കൊണ്ടുവന്നു സ്ഥിരമായി പ്രതിഷ്ഠിച്ചു. ഈ കാര്യങ്ങൾ വിശദമായി കാണിച്ചുകൊണ്ട് അന്നത്തെ ലേബർ ഡിപ്പാർട്ടുമെൻറിനും ഗവണ്മെൻറിനും രേഖാമൂലമായ പരാതികൾ നൽകിയിട്ടുണ്ട്. എനിക്കു അറിയാൻ കഴിഞ്ഞിടത്തോളം ഞാൻ മനസ്സിലാക്കിയിരിക്കുന്നതു് ലേബർ ഡിപ്പാർട്ടുമെൻറിനു ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പരാധീനതകൾ ഉണ്ടെന്നാണ്. ഒരു മുതലാളി ഏതെങ്കിലും ഒരു തീരുമാനം എടുക്കുകയാണെങ്കിൽ അതിൽനിന്നും ആ മുതലാളിയെ മാററുന്നതിനുള്ള ശക്തി ലേബർ ഡിപ്പാർട്ടുമെൻറിനില്ല.

അന്നത്തെ ലേബർ കമ്മീഷ്ണർ ശ്രീ. എം. കെ. ദേവസ്സി ആയിരുന്നു. അദ്ദേഹം മുതലാളിമാരോടു പറഞ്ഞു നിങ്ങൾ കാണിച്ചതു തെററാണെന്നു്. ഒരു കൺസിലിയേഷൻ കാൺഫറൻസിൽ സംബന്ധിക്കുന്നതിനു അവരോടു പറഞ്ഞു. അതുപോലും അവർ കൂട്ടാക്കിയില്ല. ഇന്നത്തെ നടപടിയനുസരിച്ചു് തൊഴിൽത്തർക്കം പരിഹരിക്കുന്നതിനു് രണ്ടു് മാർഗ്ഗങ്ങൾ ഉണ്ടു്. അതായതു് കൺസിലിയേഷൻ, അഡ്ജൂഡിക്കേഷൻ ഇവയാണു്. തൊഴിൽത്തർക്കം അഡ്ജൂഡിക്കേഷനു് വിട്ടാൽ, മുതലാളികൾക്കു് പല ആനുകൂല്യങ്ങളും ലഭിക്കും, റിക്കാർട്ടുകൾ അവരുടെ കൈവശമായിരിക്കും. അതുകൊണ്ടു് പലവിധത്തിലും മാനിപ്പുലേഷൻ നടത്താൻ അവർക്കു് സാധിക്കുന്നതാണു്. തൊഴിലാളികളെ സാമ്പത്തികമായി തകർക്കുന്നതിനു് അഡ്ജൂഡിക്കേഷൻ വഴി തെളിക്കുന്നതാണു്.

നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളവും കീഴ്‌വഴക്കങ്ങളെ സംബന്ധിച്ചിടത്തോളവുമുള്ള കാര്യങ്ങൾക്കെങ്കിലും നേരിട്ടു് പരിഹാരം നേടിക്കൊടുക്കാനുള്ള അധികാരം ലേബർ ഡിപ്പാർട്ടുമെൻറിനു് നൽകേണ്ടതാണു്. അതു് ചെയ്യാതിരിക്കുന്നിടത്തോളംകാലം പണിമുടക്കുകളും മററും വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. ഞങ്ങൾ മച്ചിസ്റ്റൻ എസ്റ്റേററിലെ തൊഴിലാളികളെ പണിമുടക്കാൻ ആഹ്വാനം ചെയ്തില്ല. ഒരു ഉണർന്ന തൊഴിലാളി നയമാണു് ഞങ്ങൾക്കുള്ളതെന്നു് പല രാഷ്ട്രീയകക്ഷികളും ഞങ്ങളെ ആക്ഷേപിക്കുന്നുണ്ടു്. നിയമത്തിനു വിധേയമായി പ്രവർത്തിക്കുന്നതിനാണു് ഞങ്ങൾ തയ്യാറായതു്. എന്നിട്ടും തീരുമാനം കിട്ടുന്നതിനു് സാധിച്ചില്ല. ഈ തൊഴിൽത്തർക്കത്തിൽ ഒന്നിലധികം തവണ പോലിസു് ഇടപെട്ടിട്ടുണ്ടു്. അതു സംബന്ധിച്ചു് ചില കേസുകൾ നിലവിലിരിക്കുന്നതുകൊണ്ടു് ഞാൻ അതിലേക്കു് കടക്കണമെന്നു് വിചാരിക്കുന്നില്ല. ഫെബ്രുവരി ഒന്നാംതീയതി മെച്ചിസ്റ്റൺ എസ്റ്റേററിൽ ഒരു സംഭവമുണ്ടായി. ഈ കേസുമായി യാതൊരു ബന്ധവുമില്ലാതെനിന്ന ഒരാളെ, പ്രസ്തുത സംഭവം നടന്ന സമയം വിതുര പോലീസ് ഇൻസ്പെക്ടരോടും, എന്നോടും സംസാരിച്ചുകൊണ്ടു പ്രസ്തുത കേസ്സിൽ പ്രതിയാക്കി ചേർത്തിട്ടുണ്ടു്. ഇൻവെസ്റ്റിഗേഷൻ ആഫീസർക്കറിയാം അയാൾ സംഭവസ്ഥലത്തു ഇല്ലായിരുന്നുവെന്നു്. ഇതിനെപ്പററി ഡി. എസ്. പി. യോടും ഏ. എസ്. പി. യോടുമെല്ലാം ഞാൻ നേരിട്ടു സംസാരിച്ചിട്ടുണ്ടു്. നേരിട്ടു ബോദ്ധ്യമുള്ള സംഗതികളിൽപോലും മുതലാളികളുടെ പ്രേരണകൾക്കു് വശംവദരായി പോലീസ് അവരുടെ കർത്തവ്യം പാലിക്കുന്നില്ലെന്നുള്ളതു് ഏററവും ദയനീയമായ ഒരവസ്ഥയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അങ്ങിനെയുള്ള പോലീസ് വകുപ്പിൽ ഒരു ബററാലിയൻ ഉണ്ടാക്കുന്നതിനുവേണ്ടി നാലു ലക്ഷത്തിൽപരം രൂപാ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതായി കാണുന്നു. കഴിഞ്ഞ തവണ ഫസ്ററുഫാറത്തിലും സെക്കൻറുഫാറത്തിലും പി. എസ്. പി. ഗവൺമെൻറു് ഫീസ് ഇളവുചെയ്തപ്പോൾ ആ പണം കുഞ്ഞുങ്ങൾക്കു് പുസ്തകം വാങ്ങാനോ വസ്ത്രം വാങ്ങാനോ ഉപയോഗിക്കാൻ പാടില്ലായിരുന്നോ എന്നു് ഇന്നത്തെ മുഖ്യമന്ത്രി ചോദിച്ചു കേട്ടിട്ടുണ്ടു്. ഇന്നു് നാലു് ലക്ഷത്തിൽപരം രൂപാ പോലീസിനുവേണ്ടി കൊള്ളിച്ചിട്ടുള്ളതു ബററാലിയൻ രൂപീകരണത്തിനു പകരം പൊതുജനങ്ങളോടു് കുറച്ചു മര്യാദയായി പെരുമാറാൻ പോലീസിനെ പഠിപ്പിക്കുന്നതിനു് ചെലവാക്കിക്കൂടേ എന്നാണു് ഞാൻ ചോദിക്കുന്നതു്.

[ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ]

സർ, പഞ്ചായത്തുകളെപ്പററി രണ്ടു വാക്കു് പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. പഞ്ചായത്തു് ആക്ററ് സെക്ഷൻ 69 അനുസരിച്ചു് ഒരു പഞ്ചായത്തതിർത്തിയ്ക്കകത്തുള്ള ചന്തകൾ പഞ്ചായത്തിന്റെ അധികാരപരിധിയിൽ ഉൾക്കൊള്ളിച്ചിരിക്കയാണു്. അതു് നിർബന്ധമായ ഒരു വ്യവസ്ഥയാണു്. എന്നാൽ മാർക്കററ് റൂൾസ് ഗവൺമെൻറ് ഉണ്ടാക്കിയ സമയം ഈ ചന്തകൾ നടത്തുന്നതിനു് പഞ്ചായത്തിനുള്ള അധികാരങ്ങൾ വീണ്ടെടുത്തു് ചന്ത ലേലം ചെയ്യണമെന്നു് പറഞ്ഞിരിക്കുന്നു. മാർക്കററ് റൂൾസിൽ അങ്ങിനെ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ആക്ററിനു വിപരീതമായി റൂൾ ഉണ്ടാക്കുന്നതു നിയമവിരുദ്ധമാണെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് നിയമവിരുദ്ധമായ ആ വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിനു് സത്വരനടപടികൾ സ്വീകരിക്കണമെന്നു് ഞാൻ ഗവൺമെൻറിനോടു് അപേക്ഷിക്കുന്നു. നെടുമങ്ങാടു താലൂക്കിലുള്ള ചന്തകൾ ലേലം ചെയ്യണമെന്നു് പഞ്ചായത്തു ഡയറക്ടർ നിർബന്ധിക്കുകയുണ്ടായി. ഈ വിഷയത്തിൽ പഞ്ചായത്തുകൾ പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ടെന്നാണു് ഞാൻ അറിയുന്നതു്. സത്വരനടപടികൾ റൂൾ ഭേദഗതി ചെയ്യുന്നതിൽ എടുക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ബി. ബി. പണ്ടാരത്തിൽ: സർ, ഡാക്ടർ എ. ആർ. മേനോൻ ഇവിടെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. അതിനെ അനുകൂലിക്കുന്നതിനോടൊപ്പം തന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ കാപ്പികൾ സെൻട്രൽ ഗവൺമെൻറിനും ഇൻഡ്യൻ പ്രധാന മന്ത്രിക്കും നമ്മുടെ മുഖ്യമന്ത്രി അയച്ചുകൊടുക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ഈ രാജ്യത്തെ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സാർവത്രികമായി കാണുന്ന അഴിമതികളെപ്പററിയും അവരുടെ കൃത്യനിർവഹണത്തിൽ അവർ അനുഷ്ഠിക്കുന്ന ക്രമക്കേടുകളെപ്പററിയുമാണു് എനിക്കു് മുഖ്യമായി സംസാരിക്കാനുള്ളതു്. എന്റെ അറിവു് ശരിയാണെങ്കിൽ ഇൻഡ്യയിലുള്ള പല സംസ്ഥാനങ്ങളേയും അപേക്ഷിച്ചു് കൂടുതൽ തുക അഡ്മിനിസ്ട്രേഷനു് ഇവിടെ ചെലവാക്കുന്നുണ്ടു്. എന്നാൽ അതിനുതക്ക പ്രയോജനമൊന്നും നാട്ടുകാർക്കു് ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിക്കുന്നില്ലെന്നു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പ്രാദേശികമായ ആവശ്യങ്ങൾ ഉന്നയിച്ചും അല്ലാതെയും അനവധി അപേക്ഷകളും പരാതികളും ഗവൺമെൻറിലേക്കും ഡിപ്പാർട്ടുമെൻറുകളിലേക്കും ജനങ്ങൾ അയക്കാറുണ്ടു്. ഒരു വിനോദത്തിനുവേണ്ടി അവർ പരാതികൾ എഴുതി അയക്കുകയല്ല ചെയ്യുന്നതു്. പല ആവശ്യങ്ങളും യഥാസമയം സാധിച്ചുകിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി അയയ്ക്കുന്നവയായിരിക്കും അവയെല്ലാം. അവയ്ക്കു ശരിയായ സമയത്തു് മറുപടി കിട്ടുകയും വേണ്ടതരത്തിൽ പരിഹാരം കാണുകയും ചെയ്യുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. ഏതെങ്കിലും ഒരു അപേക്ഷയോ പരാതിയോ സമർപ്പിച്ചാൽ "The matter is engaging the attention of the Government" എന്നെഴുതി ഒരു മറുപടി കൊടുക്കും. ആ കാര്യത്തിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു് അറിയത്തക്ക മറെറാന്നുംതന്നെ പിന്നെ ഉണ്ടാകുകയില്ല. ഇത്തരം ബുദ്ധി

മുട്ടുകൾ ജനങ്ങൾ ധാരാളമായി അനുഭവിച്ചുവരുന്നുണ്ട്. പ്രത്യേകിച്ചും പഞ്ചായത്തുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വളരെ അധികം എഴുത്തുകുത്തുകൾ പഞ്ചായത്തും ഗവണ്മെൻറുമായി നടത്തേണ്ടതുണ്ട്. അങ്ങനെയുള്ള എഴുത്തുകുത്തുകളിൽ ഉണ്ടാകുന്ന കാലതാമസംമൂലം പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് വിഘാതം നേരിടുന്നുണ്ടെന്ന പരാതി ധാരാളമായി കേൾക്കാൻ സാധിച്ചിട്ടുണ്ട്. ഈ രീതി ആകപ്പാടെ ഒന്ന് മാറേണ്ടത് വളരെ അത്യാവശ്യമാണ്. ഇത് ഒരു ദിവസം കൊണ്ടോ രണ്ടു ദിവസം കൊണ്ടോ മാററാമെന്ന് ഞങ്ങൾക്ക് വിശ്വാസമില്ല. കാൺഗ്രസ്സ് ഗവണ്മെൻറിൻെറ കാലത്തോ, പി. എസ്. പി. ഗവണ്മെൻറിൻെറ കാലത്തോ ഉണ്ടായിട്ടുള്ള ഒരു തകരാറല്ല ഇത്. ഇവിടെ ഗവണ്മെൻറും ഉദ്യോഗസ്ഥന്മാരും ഉണ്ടായകാലം മുതൽ ഇങ്ങനെയുള്ള ക്രമക്കേടുകളും അനീതികളും നടമാടുന്നുണ്ട്. ഈ രീതി ഒന്നു മാററി ഇവിടത്തെ അഡ്മിനിസ്ട്രേഷൻെറ സിസ്റ്റംതന്നെ ഒന്നു അഴിച്ചു വാർക്കണമെന്ന് ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുന്നു.

ഇവിടെ ആൻറി കറപ്പ്ഷൻ ഡിപ്പാർട്ടുമെൻറ് എന്ന പേരിൽ ഒരു ഡിപ്പാർട്ടുമെൻറുണ്ട്. ഇങ്ങനെ ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടെന്നുള്ളതുതന്നെ വളരെ കുറച്ചുപേർക്ക് മാത്രമേ അറിയാൻ കഴിയൂ. ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെപ്പററിയുള്ള അഴിമതികളെപ്പററി അന്വേഷണം നടത്താൻ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്ന പതിവു മാററി നിഷ്പക്ഷമായ ഒരു അനുദ്യോഗസ്ഥകമ്മററിയെ നിയോഗിച്ച് ഉദ്യോഗസ്ഥന്മാരുടെ ഇടയിലുള്ള അഴിമതികൾ അവസാനിപ്പിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

അടുത്തതായി എനിക്ക് പ്രാദേശികമായ ഒരു കാര്യമാണ് പറയാനുള്ളത്. കൊട്ടാരക്കര താലൂക്കിൽ ഇക്കൊല്ലം മുതൽ മദ്യനിരോധനം ഏർപ്പെടുത്തുകയാണ്. മദ്യനിരോധനത്തിൻെറ തത്വത്തോട് ഞങ്ങൾക്ക് എതിർപ്പില്ല. അതേയവസരത്തിൽ ഈ മദ്യനിരോധനം വിജയകരമായി നടത്തുന്നില്ല എന്നുള്ളതിലാണ് ഞങ്ങൾക്ക് എതിർപ്പുള്ളത്. അതുപോലെതന്നെ മദ്യനിരോധനം കൊണ്ടുണ്ടാകുന്ന തൊഴിലില്ലായ്മയ്ക്ക് വേണ്ട വിധത്തിൽ പരിഹാരം കാണുന്നതിലും ഗവണ്മെൻറ് ശ്രദ്ധിക്കുന്നില്ല. കൊട്ടാരക്കര താലൂക്കിൽ മദ്യനിരോധനം നടപ്പിൽ വരുന്നതുമൂലം 700-ൽ ചില്വാനം ചെത്തുതൊഴിലാളികൾ പണിയില്ലാതെ കഷ്ടപ്പെടാൻ പോകുകയാണ്. അതിനു് ഒരു പരിഹാരമായി ഒരു കാര്യം ഗവണ്മെൻറിനെ അറിയിക്കാനുണ്ട്. ആ താലൂക്കിൽ ഒരു നാഷണൽ എക്സ്റ്റൻഷൻ സെൻറർ അനുവദിച്ചിട്ടുണ്ട്. അതിൻെറ പ്രവർത്തനം എത്രയുംവേഗം ആരംഭിച്ച് കാര്യക്ഷമമായി നടത്തുകയാണെങ്കിൽ തൊഴിലില്ലാതാകുന്ന ഈ ചെത്തുകാർക്ക് തൊഴിൽ കൊടുക്കുവാൻ സാധിക്കും. മദ്യനിരോധനത്തെപ്പററി പറയുമ്പോൾ മറെറാരു കാര്യംകൂടി എനിക്ക് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. കൊല്ലം താലൂക്കിലെ അബ്കാരിലേലം കഴിഞ്ഞശേഷമാണ് കൊട്ടാരക്കര താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. കഴിഞ്ഞ പി. എസ്. പി. ഗവണ്മെൻറ് മദ്യനിരോധനംമൂലമുണ്ടാകുന്ന റവന്യൂവിൻെറ കുറവ് പരിഹരിക്കുന്നതിന് കൊല്ലം താലൂക്കിൽ പിന്നെയും ലേലം നടത്തണമെന്ന് വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ആ ഗവണ്മെൻറ് രാജിവച്ച് കാൺഗ്രസ്സ് ഗവണ്മെൻറ് അധികാര

[ശ്രീ. ബി. ബി. നമ്പൂതിരി]

ത്തി വന്നതു്. ഇപ്പോഴും ആ ആലോചന നിവർത്തിവയ്ക്കാനുണ്ടായ കാരണം സംശയാസ്പദമാണെന്നു് പറയേണ്ടിയിരിക്കുന്നു.

അവസാനമായി ഇവിടത്തെ പബ്ലിക്ക് സർവീസ് കമ്മീഷൻ നടത്തുന്ന നിയമനത്തെക്കുറിച്ചു് രണ്ടുവാക്കു് പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ദിവസം എന്റെ സ്നേഹിതൻ ശ്രീ. യശോധരൻ വളരെ ശക്തിയായി ചൂണ്ടിക്കാണിച്ചിട്ടും മുഖ്യമന്ത്രിയുടെ മറുപടിയിൽ അതിനെപ്പററി ശരിയായി ഒന്നും പറയാത്തതുകൊണ്ടു് ഞാൻ ഒന്നുകൂടി ആ കാര്യം ആവർത്തിക്കുകയാണു്. പബ്ലിക്കു് സർവീസ് കമ്മിഷനിൽ നിന്നും നിയമന ഉത്തരവ് കിട്ടിയ അനവധിയാളുകൾ രാഷ്ട്രീയപരിഗണനകൾമൂലം ഉദ്യോഗത്തിൽ പ്രവേശിക്കാൻ നിവർത്തിയില്ലാതെ അലഞ്ഞുതിരിയുന്നതായി കാണുന്നുണ്ടു്. തൊഴിലില്ലായ്മ ഏററവും രൂക്ഷമായി നാടിനെ ബാധിച്ചിരിക്കുന്ന ഇക്കാലത്തു് വെറും ഒരു സി. ഐ. ഡി. പോലീസുകാരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗത്തിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുന്നതു് വളരെ കഷ്ടമാണു്. ഇതിനു വ്യക്തമായ ഒരു മറുപടി മുഖ്യമന്ത്രിയിൽനിന്നും ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഡിമാൻറിനെപ്പററിയുള്ള വാദപ്രതിവാദവും ബഡ്ജററിനെപ്പററിയുള്ള പൊതുവിമർശനാവസരത്തിൽ നടന്ന വാദപ്രതിവാദംപോലെ പല വിഷയങ്ങളേയും ഉൾക്കൊള്ളിക്കുന്ന ഒന്നായിരുന്നു. ഇപ്രകാരം പല പ്രധാനപ്പെട്ട കാര്യങ്ങളും ഉന്നയിച്ചു് ഇവിടെ വാദപ്രതിവാദം ചെയ്ത ബഹുമാനപ്പെട്ട മെംബറന്മാരോടു് ഞാൻ വളരെ വളരെ കടപ്പാടു് ഉള്ളവനാണു്.

സർ, എല്ലാ വിമർശനങ്ങൾക്കുംകൂടി സാമാന്യമായി ഒരു മറുപടി പറയുവാൻ ശ്രമിക്കാതെ ഓരോ മെമ്പറന്മാരും ചെയ്ത പ്രസംഗങ്ങളെപ്പററിയും ഞാൻ എഴുതിവച്ചിട്ടുള്ള കുറിപ്പുനോക്കി മറുപടി പറയുവാൻ ശ്രമിക്കുകയാണെങ്കിൽ ഒന്നും വിട്ടുപോകാനിടയില്ല എന്നു വിചാരിക്കുന്നു. ആദ്യമായി ഇവിടെ പ്രസംഗിച്ചതു് ചിററൂർ മെംബർ ഡാക്ടർ എ. ആർ. മേനോൻ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രാഷ്ട്രീയങ്ങളായി അതിപുരാതനമായ പല പ്രധാന പ്രശ്നങ്ങളും ഉന്നയിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അടങ്ങിയ കാര്യങ്ങൾ, ഇതിനു വളരെ മുൻപുതന്നെ അനേകം ചിന്തകന്മാർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളാണു്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ പ്രസിദ്ധ ചരിത്രകാരനായ ലാർഡ് ആക്ടന്റെ ഒരു പാസേജ് ഓർമ്മയിൽ വന്നു. "All power corrupts, absolute power corrupts absolutely" അതായതു്. അധികാരം ദുഷിപ്പിക്കുന്നു, അതിരില്ലാത്ത അധികാരം അതിരില്ലാതെ ദുഷിപ്പിക്കുന്നു. History of political thoughts മുതലായ ഗ്രന്ഥങ്ങൾ പരിശോധിച്ചുനോക്കിയാൽ കാണാം ലോകത്തിൽ പലവിധത്തിലുള്ള ഭരണസമ്പ്രദായങ്ങളും ആവിഷ്ക്കരിച്ചിട്ടുള്ളതു് ഈ വിഷമം തീർക്കാനാണു് എന്നു്. ഭരണം നടത്തുന്നവരുടെ അധികാരം നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു്, ആ അധികാരം ദുഷിച്ചുപോകാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണു്, ആ അധികാരം ഭരണീയരുടെ ആവശ്യം നിർവഹിക്കാൻ വേണ്ടിയാണോ ഉപയോഗിക്കപ്പെടുന്നതു്, എന്നിങ്ങനെ പലവിധത്തിലുള്ള

കാര്യങ്ങളേയും ചർച്ച ചെയ്തതിന്റെ ഫലമായിട്ടാണ് റോം, ഗ്രീസ് മുതലായ രാജ്യങ്ങളിലുണ്ടായിരുന്ന ഡമോക്രസി തൊട്ട് ഇന്നത്തെ പീപ്പിൾസ് ഡമോക്രസിവരെ ഉണ്ടായിട്ടുള്ളത്. അധികാരം അനിയന്ത്രിതമായി പ്രയോഗിക്കാതിരിക്കാൻവേണ്ടിയാണ് അമേരിക്കയിൽ എക്സിക്യൂട്ടീവും ജുഡിഷ്യറിയും ലജിസ്ലേച്ചറും തമ്മിൽ വിഭജനം വേണമെന്ന് തീരുമാനിച്ചത്. പക്ഷെ, അതുകൊണ്ട് യാതൊരു ഫലവുമുണ്ടായില്ല. അമേരിക്കൻ പ്രസിഡണ്ട് ഇന്ന് ലോകത്തിൽ കൂടുതൽ അധികാരം കൈയടക്കിവച്ചിരിക്കുന്ന ഒരാളാണെന്നാണ് പറയപ്പെടുന്നത്. അധികാരം ദുഷിക്കാതിരിക്കുന്നതിനും, ഭരണീയർക്കുകൂടി ആ അധികാരത്തിൽ അവകാശം ലഭിക്കുന്നതിനുമാണ് ഇന്നുവരെയുള്ള എല്ലാ ഭരണസമ്പ്രദായങ്ങളും ഉണ്ടായിട്ടുള്ളത്. ഇംഗ്ലണ്ടിലും മററും അധികാരമത്സരങ്ങൾ നടന്നിട്ടുള്ളത് ഇതിനുവേണ്ടിയാണ്. ഇംഗ്ലണ്ടിൽ ഇതിനുവേണ്ടി ഒരു രാജാവിന്റെ തല എടുക്കുക ഉണ്ടായിട്ടുണ്ട്. ഏതായാലും ഇന്നുവരെ ഈ ശ്രമങ്ങളൊന്നുംതന്നെ പരിപൂർണ്ണമായി വിജയിച്ചിട്ടില്ല. ഇതിലേക്കുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് ഇനിയും തീരുമാനപ്പെട്ടിട്ടില്ല. പൊളിററിക്കൽ ആർഗനൈസേഷൻ ഏതുവിധത്തിലാണ് ഏററവും വിജയകരമായി നടത്താൻ സാധിക്കുക എന്നുള്ളതിനെപ്പററിയും ആലോചനകൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളു. നാം ഇവിടെ സ്വീകരിച്ചിട്ടുള്ളത് ഇംഗ്ലണ്ടിലെ ഭരണസമ്പ്രദായത്തിന്റെ മാതൃകയാണ്. അതിനെപ്പററിയും ആക്ഷേപമുള്ള ആളുകളുണ്ട്. ഇംഗ്ലണ്ടിൽ അതിന് എഴുനൂറുകൊല്ലത്തെ പരിചയമുണ്ട്. ഇവിടെ അത്ര പരിചയം വന്നിട്ടില്ല. ഈ പാർട്ടിസിസ്റ്റത്തിനെപ്പററിയും അതിലുള്ള പിററ്ഫാൾസിനെപ്പററിയും ഡാക്ടർ എ. ആർ. മേനോൻ ഇവിടെ ചൂണ്ടിക്കാണിച്ചു. പാർട്ടി സിസ്റ്റം, പാർട്ടിയുടെ തിരഞ്ഞെടുപ്പ്, തിരഞ്ഞെടുത്ത നേതാവ് ഭരണം നടത്തുക, ഭരണത്തെ നിയന്ത്രിക്കുന്നതിന് നിയമസഭയ്ക്കുള്ള സ്ഥാനം, പാർലമെൻററി ഡമോക്രസി ഇവയെല്ലാം ഇന്നും രാജ്യമീമാംസകരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. ഈ സിസ്റ്റത്തിലുള്ള പിററ്ഫാൾസിനെക്കുറിച്ച് ഡാക്ടർ മേനോൻ ഒരു താക്കീതു നല്കുകയാണ് ചെയ്തത്. നമ്മുടെ രാജ്യത്തെ ഡമോക്രസിയേയും, പാർട്ടി സിസ്റ്റത്തെയും പററി വളരെ ജാഗരൂകമായിരിക്കണം, കണ്ണിൽ എണ്ണയൊഴിച്ചുകൊണ്ടിരിക്കണം എന്നെല്ലാം അദ്ദേഹം പ്രസ്താവിച്ചു. ചീഫ് മിനിസ്റ്റർക്ക് ചില വേഗറീസുണ്ടാകാം, അതിനെ നിയന്ത്രിക്കുന്നതിന് ജനാഭിപ്രായവും, നിയമസഭയുടെ അഭിപ്രായവും ആവശ്യമാണെന്നുള്ള ഉഗ്രമായ ഒരു താക്കീതാണ്, ഒരു കാവൽഭടൻ ചെയ്യുന്നമാതിരിയുള്ള ഒരു സ്വരമാണ് എനിക്കു കേൾക്കാൻ സാധിച്ചത്. ശ്രീ. രവീന്ദ്രനാഥ ടാഗോർ, ഇൻഡ്യയിൽ ദേശീയതയിൽ വന്നുകൊണ്ടിരിക്കുന്ന അപാകതയെപ്പററി ശക്തിയായി എഴുതിയ സന്ദർഭത്തിൽ, അദ്ദേഹത്തിന്റെ ആ താക്കീതിനെ സ്വാഗതം ചെയ്തുകൊണ്ട് അദ്ദേഹത്തോടൊപ്പമോ, അതിൽ കൂടുതലോ യോഗ്യനായ മഹാത്മാഗാന്ധി "യംഗ് ഇൻഡ്യയിൽ" എഴുതിയത്, ഇൻഡ്യയിലെ ധർമ്മത്തിന്റെ കാവൽഭടൻ സംസാരിക്കുന്നു എന്നും അതു സ്വാഗതം ചെയ്യുന്നുവെന്നുമാണ്. ഡാക്ടർ എ. ആർ. മേനോൻ സാമാന്യമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഈ സഭയിലുള്ള എല്ലാ പാർട്ടിയിലുമുള്ള അംഗങ്ങളും, പ്രത്യേകിച്ച് ഭരണം നടത്തുന്ന കക്ഷിയും, അതിലും വിശേഷിച്ച് ഭരണം നടത്തുന്ന കക്ഷിയുടെ നേതാവും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുകയാണ്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അനന്തരം പ്രസംഗിച്ച ശ്രീ. വിവേകാനന്ദനും, ശ്രീ. ഭാസ്കരൻ നായരും ഹാൻഡ്‌ലൂം സെസ് ഫണ്ട് വിനിയോഗിക്കുന്നതിനെപ്പറ്റി പറയുകയുണ്ടായി. അത് വേണ്ടവിധത്തിൽ ചെലവുചെയ്യുന്നതിന് ഇന്ന് നിലവിലുള്ള ചില റൂളുകൾ തടസ്സമായി ഭവിക്കുന്നുണ്ടെന്നുള്ള കാര്യം നെയ്യാറ്റിൻകര മെമ്പറും, അദ്ദേഹത്തിന്റെ ചില സഹപ്രവർത്തകന്മാരും പത്തുപന്ത്രണ്ടുദിവസങ്ങൾക്കുമുമ്പ് എന്നെ കണ്ട് പറയുകയുണ്ടായി. അങ്ങനെ സംസാരിച്ചതിനെ തുടർന്ന് ഉടനെതന്നെ ആ തടസ്സങ്ങൾ മാറ്റി ആ സംഖ്യ വിതരണം ചെയ്യുന്നതിനുള്ള സത്വരനടപടികൾ എടുത്തിട്ടുണ്ട്. ഈ സമയംകൊണ്ട് ആ സംഖ്യ കിട്ടിക്കഴിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇവിടത്തെ കംപ്ട്രോളരുടെ ശല്യത്തെപ്പറ്റി ഇവിടെ പലരും സംസാരിക്കുകയുണ്ടായി. കംപ്ട്രോളരുടെ ശല്യം തിരു-കൊച്ചിയിൽ മാത്രം, (ഇതൊരു പാർട്ട് ബി. സ്റ്റേറ്റായതുകൊണ്ടുമാത്രം) ഉണ്ടാകുന്നതാണെന്നുള്ള ധാരണ ശരിയല്ല. ഭരണഘടനയിലെ 371-ാംവകുപ്പും കംപ്ട്രോളരും തമ്മിൽ യാതൊരു ബന്ധവും ഇല്ല. എല്ലാ സംസ്ഥാനങ്ങളിലും ഇൻഡ്യൻ ആഡിറ്റർജനറലിന്റെ കീഴിലുള്ള അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തനം നടത്തുന്നുണ്ട്. തൻമൂലം ചിലപ്പോഴൊക്കെ, കാര്യങ്ങൾ വേഗത്തിൽ നടക്കുന്നതിന് അല്പം തടസ്സങ്ങൾ ഉണ്ടാകാം. എങ്കിലും, ഈ വിധത്തിലുള്ള ചില ചെക്കുകളും, ബാലൻസുകളും, ബ്രേക്കുകളും, വിലങ്ങുകളും, എല്ലാം ഇന്നത്തെ, ഈ ഭരണം കാടുകയറാതെപോകണമെന്നു വിചാരിച്ച് ആഡിറ്റർജനറൽ കംപ്ട്രോളർ വഴി വച്ചിട്ടുള്ളതാണ്. ഈ ചെക്ക് ഇല്ലാതെയിരുന്നാൽ ഇവിടെ എന്തെല്ലാമാണ് സംഭവിക്കാൻപോകുന്നതു് എന്നു നാം ചിന്തിക്കണം. ചീഫ്മിനിസ്റ്റർ ഇടുന്ന ഒരു ആർഡർ അനുസരിച്ച് യാതൊരു ചെക്കുംകൂടാതെ ട്രഷറിയിൽനിന്നും പണം പുറത്തുപോകുകയാണെങ്കിൽ, അതിൽ നിന്നും ഉണ്ടാകാവുന്ന ആപത്തുകൾ എന്തെല്ലാമാണെന്നു നാം ആലോചിക്കേണ്ടതാണ്. കംപ്ട്രോളറുടെ ഒരു വിധത്തിലുള്ള നിയന്ത്രണവും പാടില്ല എന്നു പറയുന്നതു ശരിയല്ല, എന്നാൽ നിയന്ത്രണം അങ്ങേയറ്റം കർശനമായിരിക്കുന്നതു തെറ്റുമാണ്.

ഗവണ്മെന്റ് മെഷ്യനറി സമ്പ്രദായം തെറ്റാണെന്ന് ശ്രീ. കെ. സി. ജോർജ്ജ് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുകയാണ് ചെയ്യുന്നതു്. തിരുവിതാംകൂർ-കൊച്ചിയിൽ മാത്രമല്ല, ഇന്ത്യയുടെനാനാഭാഗങ്ങളിലും പത്തോ അമ്പതോ നൂറോ കൊല്ലങ്ങൾക്കു മുൻപ് നിലവിലിരുന്ന ഒരു സിസ്റ്റമാണ് ഇന്നും നിലവിലുള്ളതു്. ആ സമ്പ്രദായത്തിന് യാതൊരു വ്യത്യസ്തവും വന്നിട്ടില്ല. വെൽഫെയർ സ്റ്റേറ്റ് എന്നും, സോഷ്യലിസ്റ്റ് സ്റ്റേറ്റ് എന്നും മറ്റും പറയുന്ന പുതിയ ആശയങ്ങൾ അനുസരിച്ച് ഒരു ഗവണ്മെന്റിന് കാര്യങ്ങൾ വേഗത്തിൽ ചെയ്യുന്നതിന് തടസ്സമുണ്ടാക്കുന്ന ഒരു സമ്പ്രദായമാണ്, ഇന്നുള്ള ഗവണ്മെന്റ മെഷ്യനറി. പഴയ ചട്ടക്കൂട് ഇന്നും നിലവിലിരിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ അതിൽ കുറ്റക്കാരല്ല. ഇന്നയിന്ന റൂളുകൾ അനുസരിച്ച്, ഇന്നയിന്ന നിയമം അനുസരിച്ച് പ്രവർത്തിക്കണം എന്ന് അവർക്ക് നിർബന്ധനയുണ്ട്. അതു ലംഘിക്കാൻ അവർക്കു നിവൃത്തിയില്ല.

ആലസ്യംകൊണ്ടും, അജ്ഞതകൊണ്ടും തെററുചെയ്യുന്ന സക്കാർ ഉദ്യോഗസ്ഥന്മാർ ഇല്ലെന്നല്ല ഞാൻ പറയുന്നതു്. മന്ത്രിമാരുടെ പരിചയക്കുറവിനെപ്പററി ഇവിടെ പറയുകയുണ്ടായി. അതു് കുറെ ശരിയാണ്. മന്ത്രിമാർ പരിചയസമ്പന്നരായിരിക്കണമെന്നില്ല, അവർക്കു പരിചയസമ്പന്നതയുണ്ടായിക്കൊള്ളണമെന്നുമില്ല. പ്രധാനമായി നയസംബന്ധമായ കാര്യങ്ങളെപ്പററിയാണ് മന്ത്രിമാർ തീരുമാനമെടുക്കുന്നതു്. അതു് നടപ്പിലാക്കുന്ന ജോലിയാണ് ഉദ്യോഗസ്ഥന്മാരുടേതു്. മന്ത്രിമാർ ഭരണപരമായി പല കാര്യങ്ങളിലും പരിചയക്കുറവുള്ളവരായിരിക്കുമെന്നുള്ളതു അക്ഷരാർത്ഥത്തിൽ ശരിയാണ്. ഉദാഹരണമായി ഞാൻതന്നെ ധനകാര്യമന്ത്രിയായിരിക്കുന്നു. അക്കൗണ്ടുകോഡു സംബന്ധമായ നിയമങ്ങളും മററും എന്നെക്കാൾ അറിയുക ഒരു ക്ലാക്കിനായിരിക്കും. ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ഒരു ക്ലാക്കിന്റെ പരിചയം അതിനു എനിക്കുണ്ടാകുക സാദ്ധ്യമല്ലല്ലോ.

ശ്രീ. പി. ആർ. മാധവൻപിള്ള: പഴയ ചട്ടക്കൂടിനെ ശക്തിപ്പെടുത്തുകയാണോ, മാററുകയാണോ ഗവണ്മെന്റിന്റെ നയം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാററുകയാണ് ഗവണ്മെന്റിന്റെ നയം. എന്നാൽ നിലവിലുള്ളതിനെ തകർത്തു തരിപ്പണമാക്കി ഒരു ശൂന്യത സൃഷ്ടിക്കുന്ന ആദർശം ശരിയല്ല. അങ്ങനെ ഗവണ്മെന്റ് ആഗ്രഹിക്കുന്നുമില്ല. കാര്യങ്ങൾ വേഗം നടക്കുന്നില്ല എന്നു ബഹുമാനപ്പെട്ട അംഗങ്ങൾ പരാതിപ്പെടുന്നതു് അതുകൊണ്ടാണ്.

ബഹുമാനപ്പെട്ട നേമം മെംബർ, കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനെ സംബന്ധിച്ചു ചിലതെല്ലാം ഇവിടെ പ്രസ്താവിച്ചുകേട്ടു. ആ മാർഗ്ഗത്തിൽക്കൂടി അധികം സഞ്ചരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനെപ്പററി ഇവിടെത്തന്നെ പലരും ധാരാളം പറഞ്ഞുകഴിഞ്ഞതാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ: ഈ പഴയ ചട്ടക്കൂടു മാററുന്നതിനു് ഗവണ്മെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ഞാൻ ഉദാഹരണമായി ചില കാര്യങ്ങൾ പറയുകയുണ്ടായി. അധികാരവികേന്ദ്രീകരണമാണ് പ്രാരംഭമായി അതിനു സ്വീകരിക്കേണ്ടതു്. ഇന്നു്, ആസ്ഥാനങ്ങളിൽ പോയിവന്നതിനുശേഷം ഉത്തരവുണ്ടായിട്ടു് കാര്യം നടത്തുന്ന ഒരു രീതിയാണുള്ളതു്.

ഡവലപ്പ്മെന്റ് പദ്ധതികൾക്കായി പത്തരക്കോടി രൂപ അടുത്ത കൊല്ലം ചെലവാക്കണമെന്നു ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതിനെപ്പററി ശ്രീ. നടരാജപിള്ളയ്ക്കു് ആ തുക മുഴുവൻ ചെലവാക്കാൻ സാധിക്കുമോ എന്നു സംശയമുണ്ടായി. അദ്ദേഹത്തിന്റെ സംശയം അടിസ്ഥാനമുള്ളതാണ്. ഗവണ്മെന്റ് അധികാരവികേന്ദ്രീകരണം നടത്താൻ തീർച്ചപ്പെടുത്തിയിട്ടുണ്ടു്. ഇലക്ട്രിസിററി ഡിപ്പാർട്ടുമെന്റിൽ അങ്ങനെ ചില ആർഡർ അയച്ചുകഴിഞ്ഞിട്ടുണ്ടു്.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ ശ്രീ. കെ. സി. ജോർജ്ജ് ഇതൊരു പോലീസ് സ്റ്റേററാണെന്നു പറഞ്ഞതു് എനിക്കു് ഇഷ്ടപ്പെട്ടില്ല. മിത

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഭാഷിയായ അദ്ദേഹം ആ വാക്കിന്റെ മുഴുവൻ അർത്ഥവും ഉദ്ദേശിച്ചാണ് അങ്ങനെ പറഞ്ഞതെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. കെ. സി. ജോർജ്ജ്: മുഴുവൻ അർത്ഥവും ഉദ്ദേശിച്ചുതന്നെയാണ് പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നാൽ, പോലീസ് സ്റ്റേററ് എന്നതിന്റെ അർത്ഥം അദ്ദേഹം ശരിക്കു മനസ്സിലാക്കിയിട്ടില്ല

21 കോടി രൂപാ ഒരു വർഷം ചെലവുചെയ്യാൻ ഉദ്ദേശിക്കുകയും അതിൽ സിംഹഭാഗവും ഡവലപ്മെന്റ പദ്ധതികൾക്കായി നീക്കിവയ്ക്കുകയും ചെയ്തിട്ടുള്ള ഒരു സ്റ്റേററിനെപ്പററി ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറഞ്ഞതുകൊണ്ടാണ്, പോലീസ് സ്റ്റേററ് എന്ന വാക്കിനു ശരിയായ അർത്ഥം ധരിച്ചുട്ടില്ല അങ്ങനെ പറഞ്ഞതെന്നു ഞാൻ പ്രസ്താവിച്ചതു്. പോലീസ് സ്റ്റേററ് എന്നു പറഞ്ഞാൽ വെൽഫെയർ സ്റ്റേററ് എന്നതിനു നേരെ വിപരീതമാണ്. ആ നിലയ്ക്കു മി. ജോർജ്ജ് ഇതൊരു പോലീസ് സ്റ്റേററ് എന്നു പറഞ്ഞതു് എങ്ങിനെയെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ നിയമസഭാമന്ദിരത്തിനു ചുററം പോലീസിനെ കാവൽ നിറുത്തിയിരിക്കുന്നതു് വെൽഫെയർ സ്റ്റേററിന്റെ പ്രത്യേക ലക്ഷണമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വെൽഫെയർ സ്റ്റേററിനും ചിലപ്പോൾ അതാവശ്യമായിവരും. തല്ലുകൊള്ളാൻ ഭയമുള്ളവരെ തല്ലു കൊള്ളാതെ രക്ഷിക്കേണ്ടതും, മെക്കിട്ടു കയറാൻ വരുന്നവരെ, അതിൽ നിന്നും തടയേണ്ടതും ഒരു വെൽഫെയർ സ്റ്റേററിന്റെ കടമയാണ്.

ശ്രീ. കെ. സി. ജോർജ്ജ്: പഞ്ചായത്തുകളിലും, പബ്ലിക്ക് സർവീസ് നിയമനകാര്യങ്ങളിലും മററും പോലീസ് ഇടപെടണമെന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു സ്റ്റേററ് വെൽഫെയർ സ്റ്റേററ് ആകണമെങ്കിൽ പോലീസും ആവശ്യമാണ്. പോലീസുകാരിൽ കുറേപ്പേർ അഴിമതി കാണിക്കുന്നുണ്ട്, തെററ ചെയ്യുന്നുണ്ട്, അക്രമങ്ങൾ നടത്തുന്നുണ്ട്. അതുകൊണ്ട് ആ അർത്ഥത്തിൽ അദ്ദേഹം പറഞ്ഞതു ശരിയായിരിക്കാം. പക്ഷെ, അതുകൊണ്ടു മാത്രം ഇതൊരു പോലീസ് സ്റ്റേററ് ആകുന്നതുമെന്നില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: ലോകത്ത് എവിടെയെങ്കിലും ഇന്നു് പോലീസ് സ്റ്റേററ് നിലവിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. കെ. ബാലകൃഷ്ണൻ: എവിടെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഞാൻ ഇവിടെ എന്തിനു പറയണം?

സർ, ഇവിടെ ചില സ്ഥാനങ്ങളിൽ പോലീസാണ് സുപ്രീം അതാറിട്ടി എന്നു പറയുന്നതു ശരിയല്ല; അതു് അതിശയോക്തിയാണെന്നു പറഞ്ഞാൽ ശരിയായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഉദ്യോഗനിയമനകാര്യങ്ങളിലും കലാപരമായിട്ടുള്ള സംഗതികളിലും അവസാനവിധി കല്പിക്കുന്നതു് പോലീസുകാരല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി പറയാം.

ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻവേണ്ടി പോലീസ്സ്റ്റേററ് എന്ന വാക്കു് ഉപയോഗിച്ചു എന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഞാൻ ഇങ്ങനെ പറയുമ്പോൾ, പോലീസുകാർ തെററചെയ്യുകയില്ല എന്നു് അർത്ഥമില്ല.

ശ്രീ. കെ. ബാലകൃഷ്ണൻ: പോലീസുസ്റ്റേററ എന്നു പറഞ്ഞാൽ ബഡ്ജററിൽ കൂടുതൽ തുക പോലീസിനുവേണ്ടി കൊടുത്തിരിക്കണമെന്നാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : മനസ്സിലാക്കാൻവേണ്ടി ചോദിക്കുകയാണ്, സർ. രാഷ്ട്രമീമാംസയിൽ ഒരു സങ്കല്പവിദഗ്ദ്ധനായ അങ്ങയുടെ അഭിപ്രായത്തിൽ ഒരു പോലീസുസ്റ്റേററ എന്നുവച്ചാൽ എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ വിഷയത്തിൽ ഒരു പരീക്ഷ്യയാകണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ ബാലകൃഷ്ണൻ : ഇവിടെ സ്റ്റഡിക്ലാസ്സു് നടത്താൻ ശ്രമിക്കുന്നതുകൊണ്ടു ചോദിക്കുകയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഞാൻ ഒരു സ്റ്റഡിക്ലാസ്സു് നടത്താൻ വിചാരിക്കുന്നില്ല. വിശേഷിച്ചും എന്നെക്കാൾ കൂടുതൽ അറിവുണ്ടെന്നു പറയുന്നവർക്കുവേണ്ടി.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : വെൽഫെയർ സ്റ്റേററിലെ പോലീസിൻെറ കൃത്യം, ഇവിടെയുള്ള പോലീസിൻെറ കൃത്യംതന്നെയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

പോലീസിലെ ചില ഉദ്യോഗസ്ഥന്മാർ തെററചെയ്യുന്നുണ്ടു്. വഴിപിഴച്ച പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടു്. അങ്ങനെ ചെയ്യുന്നില്ലെന്നു ആരും പറഞ്ഞില്ല. അപ്രകാരം കുററംചെയ്യുന്നവരുടെ പേരിൽ കർശനമായ നടപടികൾ എടുക്കുന്നതാണു്. ഇന്നു രാവിലെ ഈ സംഗതിയെപ്പററി ഉൽപ്പിച്ചു ഹോംമിനിസ്റ്റർ പ്രസ്താവിക്കുകയുണ്ടായി. പക്ഷെ, അങ്ങനെ കേസെടുക്കുന്നതിൽ പല വിഷമങ്ങളും വരാനിടയുണ്ടു്. പോലീസിനെപ്പററി സ്ഥാനത്തും അസ്ഥാനത്തും ധാരാളം പരാതികൾ വരാറുണ്ടു്. അങ്ങനെ വരുമ്പോൾ അവയിൽ യഥാർത്ഥത്തിലുള്ള പരാതി എതാണെന്നു മനസ്സിലാക്കി അവരുടെ പേരിൽ നടപടി നടത്താൻ വിഷമം നേരിടും. ഉദാഹരണമായി, ഇന്നലെ ചോദ്യോത്തരവേളയിൽ, പ്രൈവററമോട്ടാർ തൊഴിലാളികളുടെ പണിമുടക്കിൽ പോലിസു ഇടപെട്ടതായി ഒരാരോപണം കൊണ്ടുവരികയുണ്ടായി. ബസ്സു് ഓടിക്കുന്നതിനു തടസ്സമുണ്ടാക്കുകയും, ബസ്സിലെ ടയറും, ട്യൂബും കുത്തിപ്പൊട്ടിക്കുകയും,

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ബസ്സിനുമുൻപിൽ കിടന്നു മാർഗ്ഗതടസ്സമുണ്ടാക്കുകയും മററും ചെയ്ത് യാത്രക്കാർക്കും വഴിയാത്രികൾക്കും യാത്രയ്ക്കു വിഷമങ്ങൾ ഉണ്ടാക്കുന്നതായി അറിഞ്ഞു പോലീസു ഇടപെടേണ്ടിവന്നപ്പോൾ, അതിനെ പ്രൈവററ മോട്ടോർ തൊഴിലാളിസമരത്തിൽ പോലീസു ഇടപെട്ടു എന്നു ആരോപണം കൊണ്ടുവരുന്നതു ശരിയല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പ്രൈവററ മോട്ടോർ തൊഴിലാളികൾ പണിമുടക്കാരംഭിക്കുന്നതിനു മുൻപു നോട്ടീസു കൊടുത്തിരുന്നു. അതിനുശേഷം അവർ ന്യായമായി നടത്തിയ സത്യാഗ്രഹത്തിൽ പോലീസുകാർ ഇടപെട്ടു അറസ്ററുചെയ്തു വസ്തുത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ, അതു തൊഴിൽത്തർക്കത്തിന്മേലുള്ള പോലീസിടപെടലല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ്സ് : സർ, ഒരു പോയിൻറ ഓഫ് ആർഡർ. ഈ ഡിമാൻറിനെപ്പററി ഡിസ്കഷനു് നാലുമണിക്കൂറാണുള്ളതു്. കാൺഗ്രസ്സുപാർട്ടിയിൽനിന്നും ഇതേവരെ നാലുപേർ സംസാരിച്ചുകഴിഞ്ഞു. അതിനുംപുറമെ, ഈ മറുപടി പ്രസംഗത്തിനു് ഒരു മണിക്കൂർ അനുവദിച്ചുകൊടുക്കുന്നതു ശരിയാണോ ?

മി. സ്പീക്കർ : ഇവിടെ നടന്ന പല പ്രധാന വിമർശനങ്ങൾക്കും വിശദമായ മറുപടി നൽകാനുണ്ടെന്നു ആവശ്യപ്പെട്ടതുകൊണ്ടാണു ഇത്രയും സമയം അനുവദിച്ചുകൊടുത്തതു്.

ശ്രീ. ടി. വി. തോമസ്സ് : അങ്ങനെ സമയം അനുവദിച്ചുകൊടുത്തിട്ടും, മെമ്പറന്മാർ സംശയങ്ങൾ ചോദിക്കുന്ന അവസരത്തിൽ, അതിനെപ്പററിയല്ല, ഇതിനെപ്പററിയല്ല ഞാൻ പറഞ്ഞതു് എന്നുംമററും പറഞ്ഞു ശരിയായി മറുപടി നൽകാതെയും, സ്റ്റഡിക്ലാസ്സുകൾ നടത്തിയും സമയം കളയുന്നതു ശരിയാണോ ?

മി. സ്പീക്കർ : മെംബറന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടി പറയാൻ അദ്ദേഹം കഴിയുന്നിടത്തോളം ശ്രമിക്കുന്നുണ്ടു. മറുപടി പറയാൻ ലീഡർക്കു ആവശ്യമുള്ള സമയം കൊടുക്കുക എന്നുള്ളതാണു് ചെയറിൻെറ നയം.

ശ്രീ. ടി. വി. തോമസ്സ് : എതിർപക്ഷ നേതാവിനും അതുപോലെ സമയം അനുവദിച്ചുകൊടുക്കേണ്ടതല്ലേ ? നാലുമണിക്കൂറിൽ രണ്ടുമണിക്കൂർ വീതം പ്രതിപക്ഷത്തിനും, ഭരണകക്ഷിക്കും വീതിച്ചുകൊടുത്തതിനുശേഷം മറുപടി പറയാൻ കൂടുതൽ സമയം അനുവദിച്ചതിനെപ്പററിയാണു ഞാൻ പറഞ്ഞതു്. അങ്ങനെ സമയം അനുവദിച്ചുകൊടുക്കുന്നതിനു ഒരു ലിമിററല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, അതുകൊണ്ടു പോലീസുകാർ കുററംചെയ്തിട്ടില്ല, അഴിമതി ചെയ്തിട്ടില്ല എന്നു ഞാൻ പറയുകയല്ല. അനേകായിരം ആളുകൾ ഉൾപ്പെട്ട പോലീസു സൈന്യത്തിൽ ഏതാനുംപേർ അഴിമതിക്കാരും, കുററക്കാരുമായിരിക്കാം. അതുകൊണ്ടു

അവരെ മുന്നടങ്കം കുററപ്പെടുത്തുന്നതു ശരിയല്ല. കൂടുതൽ ആക്ഷേപം അവരെപ്പററി സ്ഥാനത്തും അസ്ഥാനത്തും പ്രതിപക്ഷമെംബറന്മാരിൽനിന്നും ഉണ്ടാകുന്നതുകൊണ്ടു അതിനു ശരിയായ നടപടികൾ സ്വീകരിക്കാൻ വിഷമം നേരിടുമെന്നു ഞാൻ പറഞ്ഞല്ലോ. യഥാർത്ഥത്തിലുള്ള ആക്ഷേപങ്ങൾമാത്രം, വാസ്തവത്തിലുണ്ടാകുന്ന പോരായ്കകൾമാത്രം ഉന്നയിക്കുകയാണെങ്കിൽ അതിനു പരിഹാരം നേടുവാനായി മുഖ്യമന്ത്രിയെന്ന നിലയിലും, പൊതുജനപ്രതിനിധിയെന്നനിലയിലും ഞാൻ തയ്യാറാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബറന്മാരെ അറിയിക്കാൻ എനിക്കു ആഗ്രഹമുണ്ടു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇവിടെ നിലവിലിരിക്കുന്ന പോലീസു കാൺഡക്ട് റൂൾസു പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ആലോചിക്കാവുന്നതാണു്.

മി. ബേബി ജാണും അതുപോലെ വേറെ ചില അംഗങ്ങളും ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരെപ്പററി പറയുകയുണ്ടായി. ഇതിനു മുൻപു ഇതിനെപ്പററി സംസാരിക്കാൻ എനിക്കു സന്ദർഭം കിട്ടിയിട്ടില്ല. ഐ. ഏ. എസ്സ്. ഉദ്യോഗസ്ഥന്മാരെപ്പററി നമുക്കു ചില പരാധീനതകളുണ്ടെന്നും, അതു 371-ാംവകുപ്പിൻപ്രകാരം ഉണ്ടായതാണെന്നും വിചാരിക്കുന്നതു ശരിയല്ല. 371-ാം വകുപ്പനുസരിച്ചു് പ്രത്യേകമായ യാതൊരു പരാധീനതയും ഈ കാര്യത്തിൽ ഉണ്ടായിട്ടില്ല.

ശ്രീ. ബേബി ജാൺ: അങ്ങനെ ഇവിടെ ആരും പറഞ്ഞില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ നടന്ന ചില പ്രസംഗങ്ങളിൽ അതിനെപ്പററി ചില സൂചനയുണ്ടായതിനെ കൂട്ടിക്കുഴച്ചു ഞാൻ അങ്ങനെ ധരിച്ചതായിരിക്കാം.

ഏതായാലും, 371-ാം വകുപ്പു നമ്മുടെ സ്റ്റേററിനു ഒരു പരാധീനതയല്ല. അതു കേവലം അക്ഷരമാത്രമായ ഒരു വകുപ്പായിത്തീർന്നിരിക്കുകയാണു്.

ശ്രീ. ആർ. പ്രകാശം: ഐ. ഏ. എസ്സ്. കാർക്കു ശമ്പളസ്കെയിൽ കൂടുതലായതുകൊണ്ടു നമ്മുടെ സ്റ്റേററിൽ ചെലവു വർദ്ധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. ഏ. എസ്സ് കാരുടെ ശമ്പളം കൂടുതലാണെന്നു ഒരാക്ഷേപമുണ്ടു്. ഇതു ഒരു അഖിലേൻഡ്യാടിസ്ഥാനത്തിലുള്ള സർവ്വീസാണു്. 800 മുതൽ 1800 വരെ ശമ്പളം കൊടുക്കുന്നതു കൂടുതലായിരിക്കാം. പാർട്ട് ഏ. സ്റ്റേററുകളിൽ മുൻപു ഐ. സി. എസ്സ്. കാരെ ധാരാളം നിയമിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അവരുടെ സ്ഥാനത്തു ഐ. ഏ. എസ്സ്. കാരെ തിരഞ്ഞെടുത്തുവെന്നേയുള്ളു. ഇവിടെ ഈ അന്തരാളഘട്ടത്തിൽ ഇവരുടെ നിയമനംസംബന്ധിച്ചു ചില വിഷമങ്ങൾ ഉണ്ടാകുന്നുണ്ടു്. ഐ. ഏ. എസ്സ്. കാരെ തിരഞ്ഞെടുത്തതു് സീനിയാറിട്ടി അനുസരിച്ചായിരുന്നില്ല. ചില പ്രത്യേക ഉദ്യോഗങ്ങളിൽ മാത്രമാണു ഐ. ഏ. എസ്സ്. കാരെ നിയമിച്ചിട്ടുള്ളതു് അങ്ങനെ ചെയ്തതുകൊണ്ടു് മേലാൽ ഐ. ഏ. എസ്സ്. കാർക്കു മാത്രമേ ഇരിക്കാവൂ എന്നും നമ്മുടെ ചില സ്ഥാനങ്ങളിലിരിക്കുന്ന പഴയ ഉദ്യോഗസ്ഥന്മാർക്കു ഇറങ്ങേണ്ടിവരും എന്നുമുള്ള ഒരു ശങ്കയുണ്ടു്. ആ ശങ്കയെപ്പററി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

യാണെങ്കിൽ അതു് സ്വാഭാവികമാണു്. അതുകൊണ്ടാണു് ഇവിടെ വാദപ്രതിവാദങ്ങൾ അതുസംബന്ധിച്ചുണ്ടായതു്. എന്നാൽ ആശങ്കക്കു യാതൊരു കാരണവുമില്ല. 1952-ലും 1953-ലും ശ്രീ. എ. ജെ. ജാൺ മുഖ്യമന്ത്രിയായി ഇവിടെ ഭരണം നടത്തിയിരുന്നകാലത്തു് അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഇതു് ബാധിക്കുവാൻ അനുവദിക്കുകയില്ലെന്നും ഈ അന്തരാളഘട്ടത്തിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ പുറംതള്ളിക്കളയുകയില്ലെന്നും ഒരു നില എടുക്കുകയുണ്ടായി.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മേലാൽ ഈ കേഡറിലേയ്ക്കു് ഇവരെ പ്രമോട്ടുചെയ്യുന്നതിനു തടസ്സമുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി പറഞ്ഞുവരുന്നുണ്ടു്. അപ്പോഴും അങ്ങനെ അതായതു് 1952--53-ൽ തന്നെ ഈ ഗവണ്മെൻറു് എടുത്തിട്ടുള്ള നില അങ്ങനെയുള്ളവരെ പുറംതള്ളാൻ പാടില്ലെന്നും അവരെ അവരുടെ സ്ഥാനത്തുനിന്നും ഇറക്കി മററുസ്ഥാനങ്ങളിലേയ്ക്കു് അയയ്ക്കുകയില്ല എന്നും...........

Dr. A. R. Menon : Were they not placed in the I. A. S. Scheme ?

Shri Panampilli Govinda Menon : No, Sir.

Dr. A. R. Menon : Is not the I. A. S selection made on a representation made by this Government ?

Shri Panampilli Govinda Menon : No.

Dr. A. R. Menon : Among the Collectors, are there non-I. A. S men?

Shri. Panampilli Govinda Menon : Yes,

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ സംസ്ഥാനത്തിനു് ഐ. എ. എസ്സിനുള്ള ക്വാട്ടാ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. എ. എസ്സിനു എത്ര സ്ഥാനങ്ങൾ നമുക്കുണ്ടു് എന്നു തീരുമാനിച്ചിട്ടില്ല. എന്നാൽ ഇന്നയിന്ന സ്ഥാനങ്ങൾ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ മാത്രം വഹിക്കണമെന്നു് ഒരു തീരുമാനം എടുത്തിട്ടുണ്ടു്. അതായതു് സെക്രട്ടറിമാർ, കളക്ടറന്മാർ റവന്യൂബോർഡു മെംബറന്മാർ ഇവരാണു്. അങ്ങനെയുള്ള സ്ഥാനങ്ങളിൽ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ മാത്രമേ നിയമിക്കാവു എന്നുള്ളതാണു് ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥ.

Dr. A. R. Menon : I want to know whether among the Collectors there are non I. A. S men?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാർ കളക്ടറന്മാരായിട്ടുണ്ടു്.

Dr. A. R. Menon : What is their scale of pay?

Shri Panampilli Govinda Menon : That will be governed by the rules. I will place all aspects of the matter before the House.

ഐ. ഏ. എസ്സ്. അല്ലാത്തവരുമുണ്ട്. അപ്പോൾ ഐ. ഏ. എസ്സ്. കാരെ മാത്രം നിയമിക്കാവുന്ന സ്ഥാനങ്ങളിൽ ഐ. ഏ. എസ്സ്. അല്ലാത്തവരെയും നിയമിച്ചിട്ടുണ്ട്. ഈ ഐ. ഏ. എസ്സ്. ഫെഡറൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവരെ വേറെ സ്റ്റേറ്റുകളിലേയ്ക്കും, സെൻട്രൽ ഗവൺമെൻറ സർവീസിലേയ്ക്കും എടുക്കാം. ഇപ്പോൾ തന്നെ ഒന്നോ രണ്ടോ പേരെ കേന്ദ്രഗവൺമെൻറിലേയ്ക്കു എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഏ. കുഞ്ഞൻനാടാർ : ഈ ഐ. ഏ. എസ്സ്. പരീക്ഷ പാസ്സാകുന്നതിന് നമ്മുടെ സ്റ്റേറ്റിലേയ്ക്കു ഇത്ര സ്ഥാനങ്ങൾ എന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എത്ര സ്ഥാനങ്ങൾ വേണമെങ്കിലും ആകാം. നമ്മുടെ നാട്ടിലേയ്ക്കു ഐ. ഏ. എസ്സ് കോട്ട നാം പിൻവലിക്കുകയാണെങ്കിൽ നമ്മുടെ ബിരുദധാരികളായ ചെറുപ്പക്കാർക്ക് ഐ. ഏ. എസ്സ്. ഓപ്പൺകോമ്പറ്റീഷനു ഇരിക്കാൻ സാദ്ധ്യമാകാതെ വരും. ഇന്നാണെങ്കിൽ നമ്മുടെ യുവാക്കന്മാരായ ബിരുദധാരികൾ ഓപ്പൺകോമ്പറ്റീഷനിൽ ഐ. ഏ. എസ്സ്. പാസ്സായി വെളിയിൽ പല സ്ഥലങ്ങളിലും ഉദ്യോഗങ്ങൾ വഹിക്കുന്നുണ്ട്. എന്നാൽ ഐ. ഏ. എസ്സിൽ തെരഞ്ഞെടുക്കപ്പെടാത്തവരും ആ കേഡറിൽ ഇരിക്കുന്നവരും അവിടെനിന്ന് ഇറങ്ങിപ്പോരേണ്ടിവരും എന്നു ശങ്കിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ളവർ ഇറങ്ങിപ്പോരേണ്ടിവരികയില്ലെന്നും അങ്ങനെയുള്ള ഒരു അന്തരാളഘട്ടത്തിൽ നമ്മുടെ സർവീസ്സിലുള്ള ഉദ്യോഗസ്ഥന്മാരെ ഇറക്കിവിടുന്നതിന് ഗവൺമെൻറ സമ്മതിക്കുകയില്ലെന്നും അവർക്കു അവിടെത്തന്നെ തുടരാനും അവരെ ഐ. ഏ. എസ്സിലേയ്ക്കു എടുക്കുന്നതുവരെ അവിടെ തുടരാൻ സൌകര്യം ചെയ്തുകൊടുക്കുമെന്നുമുള്ള നിലയാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളതു്. അതേപ്പററ ശങ്കയുള്ളതുകൊണ്ടാണ് പല ആളുകളും അതേപ്പററി പ്രസ്താവനകൾ ചെയ്യുന്നതു്. ബഹുമാനപ്പെട്ട തകഴി മെംബർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി പേറിവിഷന്റെ കാര്യത്തിൽ സെക്രട്ടറിമാരുടെ കാര്യം വന്നില്ല എന്ന്. അതു പറയാൻ നിവൃത്തിയില്ല. സെക്രട്ടറിമാരുടെ കാര്യത്തിൽ ഐ. ഏ. എസ്സുകാർ വേണമെന്നു നിശ്ചയിച്ചിട്ടുണ്ട്. അതല്ലാതെ ഉദ്യോഗസ്ഥന്മാർക്ക് എന്താണ് ശമ്പളം എന്നുള്ളതിനെപ്പററി വേറെ ആർഡർ ഇഷ്യൂ ചെയ്യുന്നുണ്ട്. അതിനു സാങ്കേതികമായ തടസ്സമുണ്ട്. അതുകൊണ്ട് ഐ. ഏ. എസ്സ്. അല്ലാത്ത ഐ. ഏ. എസ്സ്. സ്ഥാനങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് അശേഷം ശങ്കയോ ഭയത്തിനോ കാര്യമില്ല എന്നാണ് എനിക്കു പറയുവാനുള്ളതു്.

Dr. A. R. Menon : My question is, among the Collectors are there not officers who are not I. A. S people?

Shri Panampilli Govinda Menon : Yes. But the point raised here is whether such men are not being sent away from those places. I say in reply to that, no.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അതു ചെയ്യുകയില്ല, അതിനുപകരം ആ സ്ഥാനങ്ങളിൽ ഇരിക്കുന്നവരെ ഈ അന്താരാള ഘട്ടത്തിൽ അവിടെ തുടരാൻ അനുവദിക്കും എന്നുള്ള വളരെ സുനിശ്ചിതമായ ഒരു നയമാണ് ഗവണ്മെന്റ സ്വീകരിച്ചിരിക്കുന്നതു്. അതുകൊണ്ടു് കേന്ദ്ര ഗവണ്മെന്റുമായി ഫൈററ ചെയ്യുകയൊന്നും ആവശ്യമില്ല.

പിന്നെ പോലീസിന്റെ പരമാധികാരത്തെപ്പററി പറഞ്ഞകൂട്ടത്തിൽ പബ്ലിക്ക് സർവീസ് കമ്മിഷൻ തിരഞ്ഞെടുത്തിട്ടുള്ള ആളുകളെ എല്ലാപേരെയും ഗവണ്മെന്റ് എടുക്കാതെ പറഞ്ഞയക്കുന്നു എന്നാണ്, അതു് അവർ കമ്മ്യൂണിസ്ററ പാർട്ടിയിൽപ്പെട്ടവരായതുകൊണ്ടാണ്, എന്നു പറയുകയുണ്ടായി. ഈ വിഷയത്തെപ്പററി അതിൽ താരതമ്യേന വന്നിട്ടുള്ള ഒരു പ്രചാരണം ഈ രാജ്യത്തു ഉണ്ടായിട്ടുണ്ടു് എന്നറിയുന്നതിൽ ഞാൻ ഖേദിക്കുന്നു. 1954–ഏപ്രി ഒന്നാം തീയതിമുതൽ ഈ മന്ത്രിസഭ അധികാരത്തിൽവന്ന കാലംവരെയുള്ള സമയത്തു് 19 പേരെയാണ് പബ്ലിക്ക് സർവീസ് കമ്മിഷൻ റിക്രൂട്ടുചെയ്തിട്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിക്കാതെ ഇരുന്നതു്. ആ 19 ആളുകളെ പബ്ലിക്ക് സർവീസ് കമ്മിഷൻ റിക്രൂട്ടു ചെയ്തിട്ടു് ജോലിയിൽ പ്രവേശിപ്പിക്കാതിരുന്നതിനു് കാരണം ഞാൻ പറയാം. അതു് ബഹുഃസഭസ്സിന്റെയും നാട്ടിന്റെയും ശ്രദ്ധ ആകർഷിക്കേണ്ടവയായുള്ളതാണ്. പബ്ലിക്ക് സർവീസ് കമ്മിഷൻ റിക്രൂട്ടു ചെയ്തവർ അധികമുണ്ടു് എന്നൊരു പ്രതീതിയുണ്ടു്. എന്നാൽ അങ്ങനെ പ്രവേശിപ്പിക്കാതിരുന്നതു് വെറും 19 പേരെയാണ്. ആ 19 ആളുകളെ പബ്ലിക്ക് സർവീസ് കമ്മിഷൻ സെലക്ട് ചെയ്തതിനു ശേഷം പ്രവേശിപ്പിക്കാതിരുന്നതിന്റെ കാരണം ഇന്നുള്ളതായ റൂളിലെ ഒരു വ്യവസ്ഥയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: 1954–നു ശേഷമുള്ള കണക്കു പറയുന്നതു് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഒരു കാലാവധി പറഞ്ഞു എന്നേയുള്ളു. 1954 ഏപ്രിൽ മുതലുള്ള കാലാവധിയിൽ ....

ശ്രീ. പി. കെ. യശോധരൻ: ഈ ഇന്റർവ്യൂ നടത്തിയതിനു ശേഷം എന്തൊക്കെ പ്രേരണയുടെ ഫലമായിട്ടാണ് ആ പരിഗണനകൾ വച്ചു് നിയമിക്കാതിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രേരണ ഒന്നുമില്ല. ഞാൻ പറയാം.

ശ്രീ. പി. കെ. യശോധരൻ: ഇന്റർവ്യൂ നടത്തിയതിനുശേഷം ജോലി കിട്ടാതിരിക്കുന്നവരുടെ കാര്യമാണ് പറഞ്ഞതു്.

ശ്രീ. കെ. സി. ജാർജ്ജ്: ഈ പ്രത്യേക ഡേററ് നിശ്ചയിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുള്ള കാരണം പറഞ്ഞുതരാം. ഇന്നലെ ഇതു സംബന്ധിച്ചു് ഒരു ചോദ്യമുണ്ടായിരുന്നു. അതു് ശ്രീ. യു. നീലകണ്ഠൻ ചോദിച്ചിട്ടുള്ളതാണ്. 1954–55-ൽ

സി. ഐ. ഡി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗത്തിന യോഗ്യത കൽപ്പിക്കപ്പെട്ടവരെത്ര എന്നാണ ചോദ്യം. അതുത്തരം പറയേണ്ടിവന്നില്ല. എന്നാൽ അതിനുള്ള ഉത്തരം തയാറാക്കിയതു് എന്റെ കൈവശം ഉണ്ടായിരുന്നു. അല്ലാതെ മനഃപൂർവമെന്നുമല്ല.

ശ്രീ. പി. വിശ്വംഭരൻ: ഈ മന്ത്രിസഭ അധികാരത്തിലില്ലാതിരുന്നപ്പോഴുള്ള സംഗതിയെ സംബന്ധിച്ചുള്ള ഒരു കാര്യമല്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എടുത്തിട്ടുള്ള നടപടികളെപ്പററി ഞാൻ പറയാൻ പോകുകയാണു്. അതിനു മുമ്പുള്ള കാര്യങ്ങളെപ്പററിയാണു് ആക്ഷേപം. എല്ലാ കാര്യങ്ങളും സഭയുടെ മുമ്പിൽ വയ്ക്കാം. ഇപ്പോൾ വളരെ അധികം ആക്ഷേപങ്ങൾ ഉണ്ടു്. ഈ 19 ആളുകളും ഈഴവരാണെന്നുള്ള ഒരു വാർത്ത പരന്നിരിക്കുന്നു. എന്നാൽ ഈ 19 ആളുകളിൽ കുറെ ഈഴവർ കാണും, കുറെ ക്രിസ്ത്യാനികൾ കാണും, കുറെ നായന്മാരും കാണും. ജാതി തിരിച്ചു് ഒരു പട്ടിക പറയാൻ ഇപ്പോൾ നിവൃത്തിയില്ല. ഈഴവരുമുണ്ടു്. ഞാൻ ഇതു പറയുന്നതു് ഇതൊക്കെ ഈ 19 പേരെ എടുക്കാതിരിക്കുന്നതിനു ഒരു സാധൂകരണമായി പറയുന്നതല്ല. ഉള്ള സ്ഥിതിഗതികൾ പറയുകയാണു്. ഇവരെ എടുക്കാതിരുന്നതു് കമ്മ്യൂണിസ്ററുകാരായിരുന്നതുകൊണ്ടോ മറേറതെങ്കിലും രാഷ്ട്രീയപരിഗണനകൾകൊണ്ടോ അല്ല. പബ്ലിക്സർവ്വീസ് കമ്മീഷൻ ലിററററി ക്വാളിഫിക്കേഷനും പേഴ്സണൽ ക്വാളിഫിക്കേഷനും ഒക്കെയാണു് നോക്കുന്നതു്. അതു കഴിഞ്ഞിട്ടു് തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ ആൻറിസിഡൻറ്സ്, അയാളുടെ പ്രവർത്തനം, അയാളുടെ വാസനകൾ ഇതെല്ലാം സ്റ്റേററ് ഒരു എംപ്ലായർ എന്ന നിലയിൽ പരിശോധിക്കുകയാണു്. അതിൽ തെറെറാന്നുമില്ല. അതു് ഏതു എംപ്ലായർക്കും ഉള്ള ഒരു അവകാശമാണു് ആ ആളുടെ ആൻറിസിഡൻറ്സും പ്രവർത്തനവും വാസനയും നോക്കുന്നതു് അയാൾ പ്രാപ്തനാണോ എന്നു് അറിയുന്നതിനാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അപ്പോൾ ഗവണ്മെൻറ് എംപ്ലായറും, ഉദ്യോഗാർത്ഥി എംപ്ലോയിയുമാണെന്നുള്ള ബന്ധമാണോ ഉള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഉണ്ടു്. മററ കാര്യങ്ങളും ഉണ്ടു്. അങ്ങനെ വരുമ്പോൾ ആക്ഷേപങ്ങൾ ഉണ്ടാകും, ഇതു് തീരുമാനിക്കുന്നതു് പോലീസുകാരനാണോ എന്നു്. ആരും ഫണ്ടമെൻറൽസിനെ അന്വേഷിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: യോഗ്യതകൾ എന്തൊക്കെയാണെന്നു വല്ല മാനദണ്ഡവും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരാൾ ഒരു ക്ലിപ്തജോലിക്കു് യോഗ്യൻ ആണോ എന്നു ചോദിക്കുന്നതിൽ തെററില്ല.

ശ്രീ. കെ. എ. ബാലൻ: അതിനു് അവർ കാണ്ടക്റ്റു് സർട്ടിഫിക്കററു് ഹാജരാക്കുന്നില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അപ്പോൾ അങ്ങിനെ ഒരു നില ഈ ഗവണ്മെന്റ് എടുക്കുകയാണ്. അതു ഈ ഗവണ്മെന്റ് മാത്രമല്ല എന്റെ അറിവിൽ ഒരു നല്ല സിവിൾ സർവീസുള്ള എല്ലാ സ്റ്റേറ്റുകളിലും അങ്ങനെയാണ് ചെയ്യുന്നതു്.

ശ്രീ. മഞ്ജുനാഥ പ്രഭു: ആൻറിസീഡൻറിന്റെ കാര്യത്തിൽ രാഷ്ട്രീയപരിഗണന കൂടി നോക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഞാൻ പറയുന്നില്ല. എന്നാൽ ഇതെല്ലാം തീരുമാനിക്കാനുള്ള അവകാശം പോലീസുകാർക്കു കൊടുക്കുന്നതു് ശരിയാണോ എന്നു ചോദിച്ചാൽ അതു് തെററാണ്. ഇപ്പോഴത്തെ രീതിപ്രകാരം അങ്ങനെയല്ല. പോലീസ് അല്ല സി. ഐ. ഡി. ആണ് ആ അന്വേഷണം നടത്തുന്നതു്, ആ സന്ദർഭത്തിൽ വല്ല പിശകുകളും വന്നിട്ടുണ്ടാകാം. അങ്ങനെ പിശകു വരാൻ ഇടയുള്ളതുകൊണ്ടു് ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടതു് എന്നു ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അനേകം ആളുകൾ ഉണ്ടെന്നുള്ള ധാരണ തെററാണ്. ഈ കഴിഞ്ഞ ഒരു വർഷത്തിൽ 19 ആളുകളെ ഉണ്ടായിട്ടുള്ളു. ഈ 19 ആളുകളുടെ കൂട്ടത്തിൽ ചില സമുദായത്തിൽ കിട്ടേണ്ട ക്വോട്ടാ കിട്ടുന്നില്ലെന്നുള്ളതുകൊണ്ടാണ് ഇവിടെ ചിലർ ആക്ഷേപിച്ചതു്. ഈ ആളുകൾക്കു ജോലി കിട്ടുന്നില്ല എന്നേയുള്ളു. വേറെ ആളുകൾക്കു ജോലി കിട്ടും.

ശ്രീ. ടി. കെ. ദിവാകരൻ: റിസർവേഷൻ കമ്മ്യൂണിററി, ബാക്കുവേഡ് കമ്മ്യൂണിററി എന്നിങ്ങനെയുള്ള സമുദായങ്ങളിൽനിന്ന് ആരെങ്കിലും നിയമിക്കപ്പെട്ടാൽ, അയാൾ അയോഗ്യനാണെന്നു കാണുന്നപക്ഷം, വീണ്ടും അതേ സമുദായത്തിലുള്ള ആളെയാണോ നിയമിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിക്കവാറും അതേ സമുദായത്തിലെ അംഗങ്ങൾക്കുതന്നെ കിട്ടും. ഒരു സമുദായത്തിനും അവർക്കുള്ള ക്വോട്ടാ കുറയാതിരിക്കത്തക്കവിധത്തിലും ഒരു സമുദായത്തിനും ദോഷം വരാത്തവിധത്തിലും ആൻറീസീഡൻറ്സിന്റെ പരിശുദ്ധിയെ മാനിക്കത്തക്കവിധത്തിലും ഇക്കാര്യം പുനഃപരിശോധന ചെയ്യണമെന്നു വിചാരിക്കുന്നുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ പുനഃപരിശോധന ചെയ്യുമ്പോൾ ഇതിനുമുമ്പു ഉദ്യോഗം നഷ്ടപ്പെട്ടവരുടെ കാര്യം കൂടി പരിഗണിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു വിഷമമില്ല. പത്തോൻപതു പേരല്ലേ ഉള്ളു.

ശ്രീ. ടി. കെ. ദിവാകരൻ: അതിനുമുമ്പ് പോലീസ് റിപ്പോർട്ടുകൊണ്ടു് ജോലി നഷ്ടപ്പെട്ട ആളുകളുടെ കാര്യത്തെക്കൂടി പരിഗണിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററിയും ആലോചിക്കാം.

ശ്രീ. തലേക്കരെ കെ. കൃഷ്ണൻ: ആൻറിസിഡൻറ്സ് കൂടി പരിഗണിച്ചു് ഉദ്യോഗം കൊടുക്കാൻ തുടങ്ങിയിട്ടു എത്രകാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെക്കാലമായി.

ശ്രീ. കെ. ബാലകൃഷ്ണൻ: ഇപ്പോഠം നോക്കുന്ന ലിസ്റ്റ് ഒന്നു വായിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വായിക്കുന്നതിനു വിഷമം ഒന്നുമില്ല. അയച്ചുതരികയും ചെയ്യാം.

ശ്രീ. ടി. വി. തോമസ്: പി. എസ്. പി അധികാരത്തിലിരുന്ന കാലത്തുമാത്രം നടത്തിയ നിയമനങ്ങളുടെ ലിസ്റ്റ് നോക്കാനുണ്ടായ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഞാൻ പറഞ്ഞുകഴിഞ്ഞു. ശ്രീ. യു. നീലകണ്ഠനാണ് ചോദ്യം അയച്ചതു്. 1954-55-ൽ സി. ഐ. ഡി. റിപ്പോർട്ടനുസരിച്ചു് പബ്ലിക് സർവീസ് കമ്മീഷൻ നിർദ്ദേശിച്ചുതന്നവരിൽ എത്രപേരെ നിയമിക്കാതെയുണ്ടു് എന്നാണ് ചോദ്യം. അതുകൊണ്ടാണ് ഈ ലിസ്റ്റ് എന്റെ കയ്യിൽ വന്നതു്.

ശ്രീ. കെ. സി. ജാർജ്ജ്: പി. എസ്. പി. യുടെ കാലത്തു് പത്തൊൻപതുപേരെയുള്ളു എന്നുള്ളതുകൊണ്ടു് അതു ചിത്രത്തിന്റെ ഒരു വശം അല്ലാതാകുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വരരുതു് എന്നു കരുതിയാണ് ഞാൻ ആ കാലാവധി കൂടി പറഞ്ഞതു്. അതിനു മുമ്പു നടന്ന നിയമനങ്ങളിലും ഈ നിലയിൽ അയോഗ്യതയുള്ളവരുടെ എണ്ണം അത്രവളരെ വരുമെന്നു എനിക്കു തോന്നുന്നില്ല. ഈ പത്തൊൻപതു പേർ തന്നെ എത്രയോ ആയിരം പേക്ക് പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് കൊടുത്തതിൽനിന്നു വന്നിട്ടുള്ളതാണ്. അതിനെപ്പററി ഈ സഭയുടെ നാനാഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളെ പുരസ്കരിച്ചും ഈ പരിതസ്ഥിതി അത്ര തൃപ്തികരമല്ലെന്നു ഗവണ്മെന്റിനു ബോദ്ധ്യമുള്ളതുകൊണ്ടും ഏതു തരത്തിലാണ് ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടതെന്നു ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

ശ്രീ. ടി. എ. മജീദ്: ഈ പത്തൊൻപതുപേക്കു് എന്തു തകരാറുകൊണ്ടാണു അയോഗ്യത വന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററിയുള്ള വിവരങ്ങഠം ഇപ്പോഠം എന്റെ കൈവശമില്ല. ഏതായാലും ഇങ്ങനെയുള്ള തെററുകഠം വരാതിരിക്കത്തക്കവിധത്തിൽ ഈ സംഗതി പുനഃപരിശോധന ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെംബറന്മാർ ധരിക്കുന്നതുപോലെ അത്ര വിപുലമായ ഒരു കാര്യമല്ല ഇതു്.

ശ്രീ. കെ. സി. ജാർജ്ജ്: പബ്ലിക് സർവീസ് കമ്മീഷൻ ചെയ്യുന്ന തീരുമാനങ്ങഠം റദ്ദുചെയ്യുന്നതിനു ഒരു സാധാരണ പോലീസുകാരനു അധികാരം കൊടുക്കുന്നതു് അപകടകരമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനോടു് ഞാൻ യോജിക്കുന്നു. അതിനെപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉദ്യോഗത്തിൽ നിയമിക്കപ്പെട്ട പ്പോൾ രാഷ്ട്രീയാഭിപ്രായങ്ങൾ ഒരു പോരായ്മയായി കരുതുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരിക്കലും ഇല്ല. ഈ നിയമസഭയിൽ രാഷ്ട്രീയാഭിപ്രായമുള്ളവക്കു വരാം. അവക്ക് മന്ത്രിമാരായി വരാം. അതുകൊണ്ട് രാഷ്ട്രീയാഭിപ്രായം ഒരു തടസ്സമല്ല. സൂട്ടബിലിററി, ക്യാരക്ടർ, ആൻറിസീഡൻറ്സ് ഇതൊക്കെ പ്രധാനമായി നോക്കേണ്ട കാര്യങ്ങളാണ്. ഇതിൽ ഈ സബ്ജക്ററം വരുന്നുണ്ട്. ഇല്ലെന്നു പറയുന്നില്ല. ബഹുമാനപ്പെട്ട ഒരാനിക്കാവ് മെമ്പർ ചോദിച്ച മാതിരി കലയെ സംബന്ധിച്ചും മററം തീരുമാനിക്കുന്നതിനുള്ള അധികാരം ഒരു പോലീസുകാരന് കൊടുക്കുന്നതു ശരിയാണോ എന്ന് ആലോചിക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഇന്നയിന്ന ആൻറിസീഡൻസ് ഉള്ളവക്ക് ഉദ്യോഗം കൊടുക്കുകയില്ല എന്ന് ഒരു പൊതുനയം ഉണ്ടോ ? അതോ, അതാതു ഡിപ്പാർട്ടുമെൻറുകാർ നിശ്ചയിക്കുന്നതാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതിനൊക്കെ ചില റൂളുകൾ ഉണ്ട്. അതുകൊണ്ട് എനിക്ക് ഈ സഭയെ ധരിപ്പിക്കുവാനുള്ളത് ഈ പ്രശ്നം വിചാരിക്കുന്നതുപോലെ അത്ര പ്രധാനപ്പെട്ട ഒന്നല്ല എന്നുള്ളതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഒരു നാടകം കളിക്കുന്നതിനു ലൈസൻസ് കൊടുക്കുന്ന കാര്യത്തിനായാലും പാസ്പോർട്ടുകൊടുക്കുന്ന കാര്യത്തിനായാലും ആൻറിസിപ്പേഷൻ കാര്യത്തിനായാലും ഒക്കെ പോലീസുകാരാണ് തീരുമാനം ചെയ്യുന്നത്. അതുകൊണ്ട് ഈ സ്റ്റേററിനെ പോലീസ്സ്റ്റേററ് എന്നു വിളിക്കുന്നതല്ലേ കൂടുതൽ ശരി ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ശരിയല്ല. അവസാനതീരുമാനം ചെയ്യുന്നതു പോലീസുകാരല്ല.

ശ്രീ. കെ. ബാലകൃഷ്ണൻ : പോലീസ് റിപ്പോർട്ട് സെക്രട്ടറിയേററിൽ വന്നതിനുശേഷമാണോ, അതായതു ഗവണ്മെൻറ ലെവലിൽവെച്ചാണോ തീരുമാനിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ക്യാബിനററ് ലെവലിൽ വച്ചാണ്.

ശ്രീ. കെ. ബാലകൃഷ്ണൻ : പോലീസ് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷന്മാർതന്നെ അപ്പോയിൻറമെൻറ് മേമ്മോ അയയ്ക്കാതിരിയ്ക്കുന്നുണ്ടെന്നുള്ള വിവരം മുഖ്യമന്ത്രിക്കറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്കറിവില്ല.

Shri P. S. Nataraja Pillai : Will the Hon. Member be good enough to enquire whether these decisions were taken by the Departmental Heads concerned after the advice of the Public Service Commission or by the Government direct.

Shri Panampilli Govinda Menon : I am sorry if I am wrong.

ശ്രീ. എ. താണുപിള്ള: ഈ പത്തൊൻപതാളുകളെ പി. എസ്. പി. ഗവണ്മെൻറ് ഉദ്യോഗത്തിൽനിന്നു മാററിനിറുത്തിയെന്നാണോ പറയുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നു പറഞ്ഞില്ല.

ശ്രീ. എ. താണുപിള്ള : ഇവരെ ഗവണ്മെൻറ ലവലിൽവച്ചാണോ അയോഗ്യർ എന്നു തീരുമാനിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നും ഞാൻ പറഞ്ഞില്ല. അക്കാലത്തു് ഇത്രയുംപേരെയാണു് അയോഗ്യതകൊണ്ടു് നിയമിക്കാതിരുന്നിട്ടുള്ളതു് എന്നേ പറഞ്ഞുള്ളു. ചിലതു് ഗവണ്മെൻറലവലിൽ വന്നിട്ടുമുണ്ടു്.

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറ ലവലിൽ വന്നിട്ടുള്ള ഏതെങ്കിലും ഒരു ഉദ്യോഗത്തിനെപ്പററി പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : കാൺഗ്രസ്സ് ഗവണ്മെൻറ് കൊടുക്കാതിരുന്ന ചിലക്കു് വീണ്ടും ഉദ്യോഗംകൊടുക്കുകയല്ലേ ചെയ്തിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തോ, ഒരു മുനിസിപ്പൽ കമ്മീഷണരുടെ കാര്യത്തെപ്പററിയോ മറേറാ ആരോ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്.

ശ്രീ. കെ. ബാലകൃഷ്ണൻ : ഇപ്പോഴത്തെ മുഖ്യമന്ത്രിയും മുൻ മുഖ്യമന്ത്രിയും തമ്മിൽ നടന്ന വാദപ്രതിവാദത്തിൽനിന്നും ഗവണ്മെൻറ ലവലിൽ വരാതെതന്നെ ആളുകളെ നിയമിക്കാതിരിക്കുന്നുണ്ടെന്നു മനസ്സിലാകുന്നു. അതിനെപ്പററി അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അന്വേഷിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ പറഞ്ഞ ഈ പത്തൊൻപതുപേർ മാത്രമല്ല ഉള്ളതെന്നും കൂടാതെ അനവധിപേരെക്കൂടി പോലീസ്റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ അയോഗ്യരായി പരിഗണിച്ചിട്ടുണ്ടെന്നും എനിക്കറിയാം. അതിനെപ്പററിയും അന്വേഷിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതായാലും എല്ലാ കാര്യങ്ങളെപ്പററിയും പുനഃപരിശോധന ചെയ്യണമെന്നാണു് ഗവണ്മെൻറിൻെറ ഉദ്ദേശം.

ശ്രീ. ബേബിജാൺ : റിട്ടയാർഡു് ഹൈക്കോടതി ജഡ്ജിമാരെ വീണ്ടും ഉദ്യോഗത്തിൽ നിയമിക്കുന്നതിനെപ്പററിയുള്ള ഗവണ്മെൻറിൻെറ അഭിപ്രായം എന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ഞാൻ പറയാൻ ഭാവിക്കുകയാണു്. റിട്ടയാർഡു് ഹൈക്കോടതി ഉദ്യോഗസ്ഥന്മാരെ നിയമിച്ചാൽ ജുഡിഷ്യറിയുടെ പാവനതയ്ക്കു് തടസ്സമായിത്തീരുമെന്നു് ശ്രീ. ബേബിജാൺ പറഞ്ഞു. ഇൻഡ്യയിലെ പലഭാഗത്തും റിട്ടയാർഡു് ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്ന സമ്പ്രദായം ഉണ്ടു്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

മുമ്പ് ഇൻഡ്യാഗവണ്മെൻറ് രൂപീകരിച്ച പേകമ്മീഷൻെറ ചെയർമാനായി നിയമിച്ചതു് ഫെഡറൽകോർട്ട് ചീഫ്ജസ്റ്റീസായി റിട്ടയർ ചെയ്ത സർ എസ്. വരദാചാര്യരെ ആയിരുന്നു. ബാങ്കിംഗ് എംപ്ലായിസ് ഡിസ്പ്യൂട്ട് ഉണ്ടായപ്പോൾ അതിനെപ്പററി തീരുമാനിക്കുവാൻ ഏർപ്പെടുത്തിയ ട്രിബ്യൂണലിൻെറ ചെയർമാനായി നിയമിക്കപ്പെട്ടതു് ജസ്റ്റീസ് രാജാദ്ധ്യക്ഷ ആണ്. ഇവിടത്തെ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസിൻെറ ചെയർമാനായിരിക്കുന്നതു് റിട്ടയാർഡു് ഹൈക്കോടതി ജഡ്ജിയോ, അല്ലെങ്കിൽ ഡിസ്ട്രിക്ട് ജഡ്ജിയോ, അല്ലെങ്കിൽ ഹൈക്കോടതിജഡ്ജിയാകാൻ യോഗ്യതയുള്ള ഒരു അഡ്വക്കേറോ ആയിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. അതിന്, അതായതു് ഒരു അഡ്വക്കേററിനെ നിയമിക്കുന്നതിന്നു് ഹൈക്കോർട്ടിൻെറ സമ്മതവും വേണം. മൂന്നുമാസംകൊണ്ടോ നാലുമാസംകൊണ്ടോ തീരുന്ന ഇത്തരം നിയമനങ്ങൾക്ക് ഹൈക്കോടതി ജഡ്ജി ആയിരിക്കുവാനുള്ള യോഗ്യതയുള്ളവർ വരാനിടയില്ല. അങ്ങനെ പരിമിതികൾ ചിലപ്പോൾ ചില കാര്യങ്ങളിൽ ഉണ്ടാകുന്നതുകൊണ്ടു് റിട്ടയർചെയ്ത ആളുകളെ വയ്ക്കേണ്ടിവരുന്നുണ്ട്.

Dr. A. R. Menon: What is it that prevents the Government from appointing retired executive men ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡസ്ട്രിയൽ ട്രിബ്യൂണൽആക്ട് എന്നൊരു നിയമമുണ്ട്. ആ ആക്ടിൽ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ചെയർമാനായി എങ്ങനെയുള്ള ആളുകളെ നിയമിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഞാൻ മുമ്പു പറഞ്ഞതരത്തിലുള്ള ആളുകളെമാത്രമേ നിയമിക്കാവൂ.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ചെയർമാനെപ്പററി മാത്രമല്ല പറഞ്ഞതു്. പേകമ്മീഷൻെറ അദ്ധ്യക്ഷൻ തുടങ്ങിയ കാര്യങ്ങളിൽ ഈ റിട്ടയാർഡ് ഉദ്യോഗസ്ഥന്മാരെ നിയമിക്കാതെ കഴിഞ്ഞുകൂടെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള കമ്മിററിയിൽ സാധാരണ സർക്കാർ ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയല്ല പതിവ്. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഏതുവിധത്തിലിരിക്കുന്നു എന്നു തീരുമാനിക്കാൻ ഇൻഡ്യാഗവണ്മെൻറ് പേകമ്മീഷനായി നിയമിച്ചിരുന്നവരൊക്കെ അനുദ്യോഗസ്ഥന്മാരാണ്. ഡീയർനസ്സ് അലവൻസ് എത്രകണ്ടു് ശമ്പളത്തിൽ അബ്സോർബ്ബ് ചെയ്യണമെന്നുള്ളതിനെപ്പററി തീരുമാനിക്കുവാൻ നിയമിച്ച കമ്മിററിയുടെ ചെയർമാൻ മിസ്റ്റർ ഗാഡ്ഗിൽ ആയിരുന്നു. അദ്ദേഹം ഒരു അനുദ്യോഗസ്ഥനാണ്. ആ കമ്മിററിക്കുവേണ്ട വിവരങ്ങൾ ശേഖരിക്കുവാനും മററുമായി സെക്രട്ടറിമാരേയും മററും ഉദ്യോഗസ്ഥന്മാരിൽനിന്നു നിയമിച്ചേക്കും.

ബഹുമാനപ്പെട്ട ചവറമെമ്പർ മണൽകമ്പനിയെപ്പററിയും ബഹുമാനപ്പെട്ട തിരുവാർപ്പു മെമ്പർ കേസ്സുകൾ പിൻവലിക്കാത്തതിനെപ്പററിയും പറഞ്ഞു. ചവറ മെമ്പർക്കും എനിക്കും ഒരേ അഭിപ്രായംതന്നെയാണുള്ളതു്. അഭിപ്രായവ്യത്യാസമൊന്നുമില്ല. മണൽകമ്പനികളുടെ പ്രവർത്തനത്തിനു ഒരു കാപ്പ്റേഷൻ ഉണ്ടാകണം. നമ്മുടെ ഗവണ്മെ

ൻറിന് ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആദായങ്ങൾക്കോ മററ് അവകാശങ്ങൾക്കോ ദോഷമൊന്നും വരരുത്. ഇടപ്പള്ളി, ശൂരനാട്ട് മുതലായ കേസ്സുകളെപ്പററിയാണ് ബഹുമാനപ്പെട്ട തിരുവാർപ്പ് മെംബർ പറഞ്ഞത്. ഇടപ്പള്ളി, ശൂരനാട്ട് എന്നീ കേസ്സുകൾ രാഷ്ട്രീയ കേസ്സുകളായി കണക്കാക്കുന്നില്ല. അതുകൊണ്ട് ആ കേസ്സുകൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ശൂരനാട്ടുകേസ്സിൻെറ അടിസ്ഥാനത്തിലല്ലയോ കമ്മ്യൂണിസ്ററുപാർട്ടിയെ നിരോധിച്ചത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആ കേസിൻെറ കാരണം തന്നെ രാജാവിന് എതിരായി പോർചെയ്തു എന്നുള്ളതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി എനിക്കറിഞ്ഞുകൂടാ. ഒരു പോലീസ് ഇൻസ്പെക്ടറേയും രണ്ട് കാൺസ്റ്റബിൾമാരേയും വധിച്ചു എന്നുള്ളതാണ് കേസ്സ്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: പുന്നപ്രകേസ്സിൻെറ കാരണം ഒരു ഇൻസ്പെക്ടറേയും ആറു കാൺസ്റ്റബിൾമാരേയും കൊന്നു എന്നുള്ളതല്ലേ?

Shri Panampilli Govinda Menon: The more the merrier. അതുകൊണ്ട് ഈ കേസ്സുകൾ പിൻവലിക്കാത്തക്കതാണെന്നു ഗവണ്മെൻറിന് ബോദ്ധ്യമല്ല.

Mr. Speaker: Order, order. Time for the Demand is over. Do you press your motion, Dr. Menon?

Dr. A. R. Menon: No, Sir.

The cut motion was, by leave, withdrawn.

Mr. Speaker: Do you press your motion, Mr. Vivekanandan?

Shri D. Vivekanandan: Yes, Sir.

The cut motion was put and lost.

Shri T. V. Thomas: Sir, I demand a poll.

A poll was taken when the House divided as follows:—

AYES—54.

1.	Shri A. Achuthan	12.	Shri K. Chandrasekhara Sastri
2.	,, P. V. Avira Tharakan	13.	,, P. K. Chathan
3.	,, Baby John	14.	,, D. Damodaran Potti
4.	,, K. A. Balan	15.	,, T. K. Divakaran
5.	,, K. Balakrishnan	16.	,, K. C. George
6.	,, R. Balakrishna Pillai	17.	,, P. Gopalan
7.	,, B. B. Pandarathil	18.	Sry. K. R. Gouri
8.	,, Prakkulam Bhasi	19.	Shri Joseph Chazhikattu
9.	,, P. Bhaskaran Nair	20.	,, Joseph Mundassery
10.	,, Thoppil Bhaskaran Pillai	21.	,, C. Kochukunju
11.	,, N. Chandrasekharan Nair	22.	,, Thalekkare K. Krishnan

AYES—(*Contd.*)

23. Shri K. Krishna Pillai
24. „ K. S. Krishnan Sastry
25. „ P. K. Kunjachan
26. „ P. Kunjan
27. „ P. K. Kunju
28. „ Kuttappan Koickal
29. „ P. R. Madhavan Pillai
30. „ T. A. Majeed
31. „ Manjunatha Prabhu
32. „ K. Narayana Kurup
33. „ P. Narayanan Potti
34. „ P. S. Nataraja Pillai
35. „ U. Neelakantan
36. „ N. Neelakantaru Pandarathil
37. „ M. P. Menon
38. „ V. P. Parameswaran Nambudiri
39. Shri R. Prakasam
40. „ N. Raghava Kurup
41. „ P. Ravindran
42. „ C. G. Sadasivan
43. „ R. Sankaranarayanan Tampi
44. „ K. Sattanatha Karayalar
45. „ K. A. Sivarama Bharathy
46. „ V. Sridharan
47. „ R. Sugathan
48. Dr. P. K. Sukumaran
49. Shri A. Thanu Pillai
50. „ T. V. Thomas
51. „ P. Viswambaran
52. „ C. K. Viswanathan
53. „ Vivekanandan
54. „ P. K. Yasodharan

NOES—59.

1. Shri P. K. Abdul Khadir
2. „ K. C. Abraham
3. „ V. K. Achutha Menon
4. „ J. Alexander Parambithara
5. „ J. A. Bhatt
6. „ D. Anantharaman
7. „ M. A. Antony
8. „ K. K. Balakrishnan
9. „ T. O. Bava
10. „ M. Bhaskaran Nair
11. „ N. G. Chacko
12. „ A. C. Chacko
13. „ K. M. Chacko
14. „ M. P. Chandra-sekhara Pillai
15. „ K. M. Chandy
16. „ M. V. Cheriyan
17. „ A. Chidambaranatha Nadar
18. „ O. R. Chummar
19. „ T. T. Daniel
20. „ K. M. George
21. „ K. P. Gopala Menon
22. „ Panampilli Govinda Menon
23. „ K. P. Hormis
24. Shri Idiculla Idiculla
25. „ A. J. John
26. „ V. J. Joseph
27. „ K. Karunakaran
28. „ P. Kesava Menon
29. „ T. T. Kesavan Sastry
30. „ K. Kochukuttan
31. „ K. M. Korah
32. „ P. R. Krishnan
33. Dr. N. K. Kumaran
34. Shri A. Kunjan Nadar
35. „ P. M. Markose
36. „ M. M. Mathai
37. „ C. A. Mathew
38. „ N. Narayana Kurup
39. „ N. A. Noor Mohammed
40. „ N. Parameswaran Pillai
41. „ R. Ponnappa Nadar
42. „ A. A. Rahim
43. Dr. A. R. Menon
44. Shri P. Ramaswami Pillai
45. „ T. S. Ramaswami
46. „ P. J. Sebastian
47. „ V. V. Sebastian
48. „ S. Seshadrinatha Sarma

NOES— (*Contd.*)

49. Shri A. M. Simon
50. " T. P. Sitaraman
51. " P. Thanulingam Nadar
52. " A. Thankiah
53. " K. T. Thomas
54. Dr. P. T. Thomas
55. Shri P. S. Vasudevan Pillai
56. " K. I. Velayudhan
57. " Kalathil Velayudhan Nair
58. " M. William
59. " A. A. D. Luiz

Neutrals—Nil.

The motion was declared lost.

The question that Government be granted a sum of Rs. 26,28,300 under Demand IX—Heads of States, Ministers and Headquarters Staff was put and carried. The grant was made.

Mr. Speaker. The House will now adjourn and meet again at 8 A. M. to-morrow.

The Assembly adjourned at 1-5 P. M. to meet again at 8 A. M. on Thursday, the 31st March 1955.